# കാവിലുംപാറ ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്





കാവിലുംപാറ ഗ്രാമപഞ്ചായത്ത്

**മുൻപഞ്ചായത്ത് പ്രസിഡന്റുമാർ**

പി. ജി. ജോർജ്ജ്

എം. എസ്. സബാസ്റ്റ്യൻ

ചെറിയാൻ കളത്തൂർ

കെ. കെ. ചാത്തു

കളത്തിൽ കുഞ്ഞമ്മദ്ഹാജി

●

**എഡിറ്റോറിയൽ ബോർഡ്**

പി. സുരേന്ദ്രൻ

കണ്ണൻ കരിങ്ങാട്

ഡോ. ജോൺ കട്ടക്കയം

കെ. ടി. മനോജൻ

ബെന്നി മലമ്പയിൻ

പി. എസ്. ഷാജി

സി. സീതി

●

**കംപ്യൂട്ടർ ടൈപ്പ്സെറ്റിംഗ്, സ്കാനിംഗ് & ലേഔട്ട്**

വിബ്ജിയർ കംപ്യൂട്ടർ ഗ്രാഫിക്സ്, കോഴിക്കോട് 1, Ph : 57239

**പി. സുരേന്ദ്രൻ**



ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്

**അന്നമ്മ ജോർജ്ജ്**



വൈസ്. പ്രസിഡന്റ്

**ശശികല മഠത്തിൽ**



സ്റ്റാന്റിങ്ങ് കമ്മിറ്റി
ചെയർപേഴ്സൺ

**സി. [illegible]**



ഗ്രാമപഞ്ചായത്ത്
സിക്രട്ടറി

**ഭരണസമിതി അംഗങ്ങൾ**

1 കെ. വി. തങ്കമണി
2 ചന്ദ്രൻ മരുതോറ
3 ചെറിയാൻ കളത്തൂർ.
4 കെ. ജി. ഗോപാലകൃഷ്ണൻ
5. ജാനു. ടി
6 കെ. വി. മൊയ്തുമാസ്റ്റർ
7. കെ. പി. അമ്മദ്

**ജീവനക്കാർ**

1 പി. കുഞ്ഞിരാമൻ
2 കെ. കെ. നാണു
3 കെ. എം. ദാമോദരൻ നായർ
4. എം. എസ്. കൃഷ്ണൻകുട്ടി
5 എ. നാണു

# ഉള്ളടക്കം


1. ആമുഖം ........ 5
2. കൃഷി, ജലസേചനം ........ 12
3. മൃഗസംരക്ഷണം, മത്സ്യബന്ധനം ........ 20
4. വിദ്യാഭ്യാസം ........ 25
5. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം ........ 33
6. വ്യവസായം ........ 35
7. ഗതാഗതം, ഊർജ്ജം ........ 38
8. പാർപ്പിടം, സാമൂഹ്യക്ഷേമം ........ 51
9. സംസ്ക്കാരം ........ 54
10. വനിത ........ 61
11. സഹകരണം ........ 64
12. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം ........ 69
13. വിഭവസമാഹരണം ........ 76

സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായ ഒരു പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം അതാണെന്റെ സ്വപ്നം : **മഹാത്മാഗാന്ധി.**

# ആമുഖം

സാമൂഹ്യ പുരോഗതിയുടെ കാര്യത്തിൽ എന്നും രണ്ടുചുവട് മുമ്പിലായിരുന്നു കേരളം. തിളക്കമാർന്നൊരു സാംസ്കാരിക പൈതൃകവും നമുക്കുണ്ട്. ഇന്നിപ്പോൾ ഇന്ത്യക്കും ലോകത്തിനുതന്നെയും മാതൃകയാവുകയാണ് നാം. ഈ കൊച്ചുകേരളത്തലെ സുഗന്ധ വ്യഞ്ജനങ്ങളും നാളികേരവും തേടി അറബികളും ചീനക്കാരും യൂറോപ്യന്മാരും പലകാലങ്ങളിൽ ഇവിടെ വന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ വൈവിദ്ധ്യമാർന്ന ലോക സംസ്കൃതികളുടെ ഒരു പരിച്ഛേദമാണ് കേരളം. ഈ ചരിത്രപരമായ ഈടുവെപ്പുകൾക്ക് മേൽ ഇനിയും സ്വർണ്ണാക്ഷരികളിൽ കുറിക്കാൻ നാം മറ്റൊരിതിഹാസം കൂടി രചിക്കുകയാണ് അതാണ് ജനകീയാസൂത്രണവും അതിന്റെ വികസനോന്മുഖ പരിപാടികളും.

ഭൂപരമായ സുസ്ഥിതികൊണ്ടും ജലാശയങ്ങളുടെ രമണീയതകൊണ്ടും അസംസ്കൃത വിഭവങ്ങളുടെ സമൃദ്ധികൊണ്ടും പേരുകേട്ട നാം സ്വാതന്ത്ര്യാനന്തരം സ്വയം കൃതനർത്ഥങ്ങാൽ സാമ്പത്തികമായി പിന്നോക്കം പോവുകയുണ്ടായി. എട്ടു പഞ്ചവൽസര പദ്ധതികളിലും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെന്നപോലെ നമ്മളും ഭാഗഭാക്കാവുകയുണ്ടായി. എന്നാൽ പദ്ധതിവിഹിതത്തിന്റെ തീരെ ചെറിയൊരംശം മാത്രമേ ജലസാന്ദ്രതയേറെ നമ്മുടെ സംസ്ഥാനത്തന് വീതിച്ചുകിട്ടിയുള്ളൂ. ഇന്ത്യയുടെ വ്യവസായ ഭൂപടത്തിലാവട്ടെ നാം അദൃശ്യരാണെന്നു തന്നെ പറയാം. ഭൂരിഭാഗവും പശ്ചിമഘട്ട മലനിരകളും അതിന്റെ ചരിവുകളും, കുറഞ്ഞൊരിടനാളും, തീരപ്രദേശവും മാത്രം ഭൂവിസ്തൃതിയുള്ള നമുക്ക് വൻ വ്യവസായങ്ങളോ, വിസ്തൃതമായ ധാന്യ വയലുകളോ ഉണ്ടായിരുന്നില്ല. ഈ പരിമിതികളെല്ലാം നാം മറികടന്നത് ഓരോ ഇഞ്ചും സമ്മിശ്രവിളകൾ കൃഷി ചെയ്തുകൊണ്ടും സമൃദ്ധമായ നമ്മുടെ മനുഷ്യ വിഭവശേഷി ലോകത്താകമാനം വിന്യസിച്ചുകൊണ്ടുമായിരുന്നു. പുരോഗമന പ്രസ്ഥാനങ്ങളും സന്നദ്ധ സംഘടനകളും ഈ സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിയിൽ വമ്പിച്ച സംഭാവനകൾ നൽകുകയുണ്ടായി. സമ്പൂർണ്ണ സാക്ഷരത കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞത് അസൂയാർഹമായ ഒരു നേട്ടം തന്നെയാണ്.

എന്നാൽ ഇതിനിയും എത്രനാൾ ? ഈ ചോദ്യം നമ്മെ വേട്ടയാടാൻ തുടങ്ങിയിട്ട് നാളേറെയായി. കർമ്മശേഷിയുള്ള നമ്മുടെ യുവാക്കൾ പല വിദേശ രാജ്യങ്ങളിലും ധൈഷണികവും കായികവുമായ അവരുടെ കഴിവുകൾ വിൽക്കാൻ നിർബന്ധിക്കപ്പെടുകയായിരുന്നു. മസ്തിഷ്ക ചോർച്ചയും കായികക്ഷമതയുടെ കയറ്റുമതിയും നമുക്ക് വിദേശ നാണ്യം നേടിത്തരുന്നുണ്ട്. പക്ഷെ, യുവചൈതന്യത്തിന്റെ ഈ സ്രോതസ്സുകൾ നാം സ്വന്തം നാടിന്റെ പുരോഗതിക്കായ് തിരിച്ചുവിട്ടിരുന്നുവെങ്കിൽ കേരളത്തിന്റെ മുഖച്ഛായ തന്നെ എന്നോ മാറിപ്പോകുമായിരുന്നു. പ്രസിദ്ധ ഇന്ത്യൻ പത്രപ്രവർത്തകനായ ഖുഷ്വന്ത് സിംഗ് പറഞ്ഞപോലെ "അറബിനാട്ടിൽ കുവൈത്ത് പട്ടണം പണിതുയർത്തിയ മലയാളി എന്തുകൊണ്ട് ഇത് സ്വന്തം നാട്ടിൽ ചെയ്തില്ല." എന്ന് നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യവും, ചരിത്രപര

വുമായ ഒട്ടേറെ കാരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാനുണ്ടാകും. ഇവിടെയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വർത്തമാനകാല പ്രസക്തി.

കാർഷിക പശ്ചാത്തലമുള്ള കേരളത്തിൽ കൃഷി മുമ്പത്തേക്കാളും നാശോന്മുഖവും, ഉൽപാദന ക്ഷമതയുടെ കാര്യത്തിൽ ദേശീയ ശരാശരിയുടെ എത്രയോ പിന്നിലുമാണ്. വ്യവസായം മുമ്പ് സൂചിപ്പിച്ചിരുന്നതുപോലെ നാമമാത്രമായിരുന്നതും, അസംസ്കൃത വിഭവങ്ങളുടെ ലഭ്യതകുറവും, കമ്പോളത്തിലെ വൻകിടക്കാരുടെ മത്സരവും കാലാനുസൃതമായ യാന്ത്രിക പുരോഗതി കൈവരിക്കാൻ കഴിയായ്കയും മൂലം പ്രതിസന്ധിയിലാണ്. കേരളത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, ബാങ്കിംഗ്, സ്ഥാപനങ്ങളും ഗുണമേന്മ അനുദിനം കുറഞ്ഞത് കാര്യക്ഷമമല്ലാതായിക്കൊണ്ടിരിക്കുന്ന ഈ തൃിതല പ്രതിസന്ധിയെ മറിക്കടക്കാൻ ഒരു ജനകീയ ബദൽ എന്ന നിലയിലാണ് നാം വികേന്ദ്രീകൃതാസൂത്രണത്തെ കാണുന്നത്. കേരളത്തിൽ ഇതിനകം ഒട്ടേറെ മുന്നേറിക്കഴിഞ്ഞ ; അധികാര വികേന്ദ്രീകരണത്തിൽ അധിഷ്ഠിതമായ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം താഴെപ്പറയുന്ന വിശദാംശങ്ങളോടെ നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്നു.

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണം അടിസ്ഥാന ഘടകമായ പഞ്ചായത്ത് തലത്തിൽ എങ്ങിനെ മുന്നേറുന്നു എന്നതിന്റെ ഒരു നഖചിത്രം താഴക്കൊടുക്കുന്നു.

സംസ്ഥാന പ്ലാനിംഗ് ബോർഡ് സംഘടിപ്പിച്ച സംസ്ഥാന പരിശീലകർക്കുള്ള ശിൽപശാല 16 – 8 – 96 മുതൽ 22 – 8 – 96 വരെയുള്ള ദിവസങ്ങളിൽ കോഴിക്കോട് നടന്നു. നമ്മുടെ പഞ്ചായത്തിൽ നിന്ന് പി. ജി. ജോർജജ് മാസ്റ്റർ പങ്കെടുക്കുകയുണ്ടായി. തുടർന്ന് നടന്ന ജില്ലാ തല പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്ന് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി ഉൾപ്പെടെ എട്ടുപേർ പങ്കെടുക്കുകയുണ്ടായി. ഈ പരിശീലനം നവംബർ 3,4,5 തിയ്യതികളിൽ തിരവള്ളൂരിൽ ആയിരുന്നു. 9.9.96ന് പഞ്ചായത്ത് തല പരിശീലനം നടന്നു 57 പേർ പങ്കെടുത്തു ഇതിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളും ഉൾപ്പെടുന്നു. ഇവരുടെ സേവനം ഉപയോഗപ്പെടുത്തി നാം പത്തു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കുകയുണ്ടായി. ഗ്രാമസഭാക്ലാസുകളുടേയും ഗ്രൂപ്പടിസ്ഥാനത്തിലുള്ള ചർച്ചകളുടേയും ഫലമായി അതതു മേഖലകളിലെ റിപ്പോർട്ടുകളും നാം ശേഖരിച്ചിട്ടുണ്ട്.

പട്ടിക I

ഗ്രാമസഭകൾ – വാർഡ്, സ്ഥലം, തിയ്യതി, പങ്കാളിത്തം, വിവരങ്ങൾ

| വാർഡ് | തിയ്യതി | സ്ത്രീ | പുരുഷൻ | ആകെ | |
|---|---|---|---|---|---|
| I | 15. 9. 96 | 38 | 81 | 119 | St. മേരീസ് L.P.S കരിങ്ങാട് |
| II | 2. 10. 96 | 86 | 289 | 375 | കൂടൽ മദ്രസ |
| III | 22. 9. 96 | 44 | 242 | 256 | St. ജോസഫ് LPS പുതമ്പാറ |
| IV | 22.9.96 | 53 | 159 | 210 | ചാപ്പൻ തോട്ടം സൺഡേസ്കൂൾ |
| V | 29. 9. 96 | 196 | 313 | 509 | ചാത്തങ്കോട്ട് നട ഹൈസ്കൂൾ |
| Vi | 2.10.96 | 70 | 271 | 341 | പി.ടി.ചാക്കോ മെമ്മോറിയൽ ഹൈസ്കൂൾ കുണ്ടുത്തോട്. |
| VII | 29.9.96 | 149 | 310 | 459 | കാവിലുംപാറ ഗവ. യു. പി. സ്കൂൾ |
| VIII | 15. 9. 96 | 139 | 298 | 437 | കാവിലും പാറ ഗവ. യു. പി. സ്കൂൾ |
| IX | 14. 9. 96 | 15 | 35 | 100 | ട്രിനിറ്റി കോളേജ് തൊട്ടിൽപാലം |
| X | 14. 9. 96 | 10 | 68 | 78 | പൈക്കളങ്ങാടി മദ്രസ |
| – ആകെ : | | 800 | 2114 | 2914 | |

ഗ്രാമസഭകളുടെ അനുഭവങ്ങൾ ആവേശകരമായി രുന്നു തുടർന്ന് ജില്ലാ പരിശീലനം കിട്ടിയ അഞ്ചു പേർ ക്ലാസുകൾ എടുത്തു. ക്ലാസുകളെ കുറിച്ച് പൊതുവേ നല്ല അഭിപ്രായമാണ് ഉയർന്ന വന്നത് ഗ്രാമസഭകളിൽ 4 മുതൽ 12 വരെ വിഷയ ഗ്രൂപ്പുക ളായി തിരിഞ്ഞ് ചർച്ചകൾ നടത്തി.

2-ാം ഘട്ട ജില്ലാ തല പരിശീലനം 22, 24 തിയ്യതി കളിൽ എടച്ചേരി വെച്ച് നടന്നു. അതിൽ നമ്മുടെ പഞ്ചായത്തിൽ നിന്ന് ഒമ്പതുപേർ പങ്കെടുത്തു. പഞ്ചാ യത്ത് തലത്തിൽ രണ്ടാം ഘട്ട പരിശീലനം 29 10 96ന് ഗ്ലോറിയസ് കോളേജിൽ നടത്തി. 1-ാം ഘട്ട പരി ശീലനം കിട്ടിയവർക്ക് പുറമെ സർക്കാർ ഉദ്യോഗസ്ഥ രെയും നാം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുകയു ണ്ടായി മൊത്തം 82 പേർ പങ്കെടുത്ത ഈ പരിശീ ലന പരിപാടിയിൽ, പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ വീഡിയോ കാസറ്റ് നാം ഉപയോഗപ്പെടുത്തുകയു ണ്ടായി.

ഒന്നാം ഘട്ട പരിശീലനത്തിനും, രണ്ടാംഘട്ട പരി ശീലനത്തിനും ഇടക്കുള്ള ഒരു മാസ കാലം കൊണ്ട് P. R. Pമാർ ഗ്രൂപ്പടിസ്ഥാനത്തിൽ നമ്മുടെ വിവിധ സർക്കാർ ഓഫീസുകളിൽ നിന്ന് ഒട്ടേറെ ദ്വിതീയ സ്ഥിതി വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. മൂന്ന് യോഗങ്ങൾ ഇതിനിടെ ചേർന്ന് അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നാം നൽകുകയുമുണ്ടായി. പഞ്ചാ യത്ത് തല പരിശീലനം ലഭിച്ച കുറേയേറെപേർ ഈ പ്രവർത്തനങ്ങളിൽ കാണിച്ച ആത്മാർത്ഥതയും, സേവന സന്നദ്ധതയും എടുത്തുപറയുമ്പോൾ തന്നെ ചിലർ ഈ സംരംഭവുമായി വേണ്ടത്ര സഹകരിക്കു കയുണ്ടായില്ല എന്ന കാര്യം നാം വിമർശനബുദ്ധി യോടെ കാണേണ്ടതുണ്ട്. ഇത്രയും പറഞ്ഞതിൽ നിന്ന് ജനകീയാസൂത്രണ പ്രസ്ഥാനം ഈ പഞ്ചായ ത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഒരേകദേശ ചിത്രം ലഭിച്ചിട്ടുണ്ടാവുമല്ലോ. ഇതിന്റെ വിജയാപജ യങ്ങളെക്കുറിച്ച് ഒട്ടേറെ സംശയങ്ങൾ പലരിലും നില നിൽക്കുന്നുണ്ടെന്ന് നമുക്കറിയാം. എന്നാൽ ഒരു കാര്യം അർത്ഥശങ്കയ്ക്കിടനൽകാത്ത വിധം ഇവിടെ സൂചിപ്പിക്കട്ടെ. നമ്മുടെ പഞ്ചായത്തിൽ ഇരുന്നൂറില ധികം യുവാക്കൾക്ക് നേതൃത്വ പരിശീലനം നൽകു വാനും കഴിയാനും ; സന്നദ്ധ പ്രവർത്തനം അതിന്റെ ഉദാത്തമായ അർത്ഥപൂർണ്ണതയിൽ അവരിലൂടെ സമൂ ഹനന്മക്ക് പ്രയോജനപ്പെടുത്താനും നമുക്ക് കഴിഞ്ഞു വെന്നത് ചില്ലറകാര്യമല്ല. ഇതൊരു സൂചികയായെടു ത്താൽ ആയിരത്തോളം പഞ്ചായത്തുകളുള്ള കേരള ത്തിൽ രണ്ടു ലക്ഷം പേരെങ്കിലും സമൂഹത്തിന്റെ പുനർ നിർമിതിക്ക് പ്രാപ്തരായ ജനനായകന്മാരായി മാറിക്കഴിഞ്ഞിട്ടുണ്ട് എന്നത് തന്നെ ഈ പ്രസ്ഥാന ത്തിന്റെ വൻ വിജയമായി നാം കാണുന്നു .

**കാവിലും പാറ ഗ്രാമപഞ്ചായത്ത്;**
**പൊതുവിവരങ്ങളും ഭരണചരിത്രവും:**

കോഴിക്കോട് ജില്ലയുടെ കിഴക്കേ അതിർത്തിയി ൽ വയനാട് ജില്ലയോട് ചേർന്ന് 72 കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന കുന്നുകളും, താഴ്വരകളും, സംരക്ഷിതവനഭൂമിയും ഉൾപ്പെടുന്ന ഒരു പഞ്ചായ ത്താണ് കാവിലുംപാറ. കിഴക്ക് വയനാട് ജില്ലയും തെക്ക് മരുതോങ്കര പഞ്ചായത്തും, പടിഞ്ഞാറ് കായ ക്കൊടി പഞ്ചായത്തും, വടക്ക് നരിപ്പാറ പഞ്ചായത്തും വയനാട് ജില്ലയുടെ തന്നെ കുറേഭാഗങ്ങളും ഈ പഞ്ചായത്തിന്റെ അതിരുകളാണ്. പുനം കൃഷിക്കാർ കാവലിരുന്ന ഒരു പാറയുമായി ബന്ധപ്പെടുത്തിയാണ് 'കാവിലുംപാറ' യുടെ സ്ഥല നാമത്തിന്റെ ഉത്പത്തി യെന്നും, അതല്ലാ ഏതോ ഒരു കാവിൽ ഉണ്ടായിരുന്ന പാറയുമായി ബന്ധപ്പെടുത്തിയാണെന്നും പഴമ ക്കാർക്കിടയിൽ രണ്ടുപക്ഷമുണ്ട്. രണ്ടിനും ഉപോദ്ബ ലകങ്ങായ തെളിവുകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

ടിപ്പുവിന്റെ പടയോട്ടങ്ങൾക്കും വീരപഴശ്ശിയുടെ രോമാഞ്ചജനകങ്ങളായ ചെറുത്തുനിൽപ്പുകൾക്കും ഇവിടുത്തെ മലയോരങ്ങൾ സാക്ഷി നിന്നിട്ടുണ്ട്. നില വിലുള്ള പല സ്ഥലനാമങ്ങളും പഴശ്ശിയുടെ സമരക ഥകളുമായി ബന്ധപ്പെട്ടവയാണ്. പട്ടാളത്താൽ പഴശ്ശി വളയപ്പെട്ട - വളയങ്കോടും, പട്ടിണി കിടന്ന പട്ടിണി ക്കുന്നും, കിടന്ന് ഉറങ്ങിയ കട്ടിപ്പാറയും, അങ്കം പരി ശീലിച്ച അങ്കത്തട്ടും ഉദാഹരിക്കാവുന്ന സ്ഥലനാമ ങ്ങളാണ്. ഈ റിപ്പോർട്ടിന്റെ സാമൂഹിക സാംസ്കാ രിക ചരിത്രം എന്ന അദ്ധ്യായത്തിൽ വിശദമായ ചരി ത്രവസ്തുതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1963 മുതൽ സർവ്വശ്രീ : കളത്തിൽ കുഞ്ഞമ്മദ്

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റേ പേര് | : | കാവിലും പാറ |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര് | : | കാവിലുംപാറ, മരുതോങ്കര ഡിവിഷനുകൾ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കുന്നുമ്മൽ |
| താലൂക്ക് | : | വടകര |
| ജില്ല | : | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : | നാദാപുരം |
| വിസ്തീർണ്ണം | : | 72 ച കി. |
| വാർഡുകൾ | : | 10 |
| ജനസംഖ്യ : ( 1991 ലെ സെൻസസ് ) | : | 21135 സ്ത്രീ : 9996 പുരുഷൻ : 11139 |
| ജനസാന്ദ്രത | : | 294 ച. കി. മീറ്റർ |
| പ്രസിഡന്റ് | : | പി. സുരേന്ദ്രൻ |
| വൈ. പ്രസിഡന്റ് | : | അന്നമ്മാ ജോർജ്ജ് |
| അതിരുകൾ | : | കിഴക്ക് – വയനാട് ജില്ല; തെക്ക് – മരുതോങ്കര പഞ്ചായത്ത് പടിഞ്ഞാറ് – കായകൊടി പഞ്ചായത്ത് വടക്ക് – നരിപ്പാറ പഞ്ചായത്ത്, വയനാട് |

ഹാജി, കെ. കെ. ചാത്തു, കളത്തൂർ ചെറിയാൻ; എം. എസ്. സബാസ്റ്റ്യൻ, പി. ജി. ജോർജ്ജ് മാസ്റ്റർ എന്നിവർ പഞ്ചായത്തിന്റെ ഭരണസാരഥികളായിരുന്നിട്ടുണ്ട്. കാവിലുംപാറ പഞ്ചായത്ത് 1977ൽ വിഭജിച്ചാണ് ഇന്നത്തെ കാവിലുംപാറ മരുതോങ്കര പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുള്ളത്. ശ്രീ പി. സുരേന്ദ്രൻ നിലവിലുള്ള പഞ്ചായത്ത് പ്രസിഡന്റും. ശ്രീമതി അന്നാമ്മാ ജോർജ്ജ് വൈ. പ്രസിഡന്റുമാണ്.

### സാമൂഹിക സാംസ്കാരിക ചരിത്രം

"1792ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി മലബാറിന്റെ ഭരണഭാരം ഏറ്റെടുത്തപ്പോൾ കാവിലുംപാറ കുറ്റ്യാടി അംശങ്ങൾ കോട്ടയം അഥവാ കൊറ്റിയാട്ട് രാജാവിന്റെ കീഴിലായിരുന്നു" ( ലോഗൻസ് മലബാർ മാന്വൽ പേജ് 693) ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഇന്നത്തെ തൊട്ടിൽപാലം പുഴയ്ക്ക് വടക്കുള്ള മലഞ്ചെരിവുകളത്രയും ഇടതൂർന്ന വനമേഖലയായിരുന്നു.സമുദ്രനിരപ്പിൽ നിന്ന് 1500 മുതൽ 3500 വരെ അടി ഉയരത്തിൽ കിടക്കുന്ന കുന്നുകൾ നിറഞ്ഞ ഇവിടെയാണ് കോഴിക്കോട് ജില്ലയിലെത്തന്നെ ഏറ്റവും ഉയർന്ന കൊടുമുടിയായ നാദാപുരം മുടി സ്ഥിതി ചെയ്യുന്നത്. ഭൂപരമായി കാലാവസ്ഥാ മേഖലകളിൽ നോർത്തേൺ സോണിൽ ഉയരം കൂടിയ ഭാഗത്താണിത് ഉൾപ്പെടുന്നത്

ഈ പഞ്ചായത്തിലെ 8181ഹെക്ടർ ഭൂമിയും (അതായത് മുഴുവൻ) "ഹൈലാന്റ് " അഥവാ മലനാട് വിഭാഗത്തിലാണ് പെടുന്നത് വർഷത്തിൽ 320 മുതൽ 450 വരെ സെന്റീമീറ്റർ മഴ ലഭിക്കുന്ന ഇവിടെ കരിവീട്ടി; ഇരൂൾ ചീരളം, വയനാവ്, തുടങ്ങിയ വൻ മരങ്ങൾ സമൃദ്ധമായി വളർന്നിരുന്നു. ഇവിടെ നിന്നാണ് നമ്മുടെ തീരദേശ റയിൽവേക്ക് ആവശ്യമായ സ്ലീപ്പറുകൾ അത്രയും ശേഖരിച്ചിട്ടുള്ളത് എന്ന കാര്യം ശ്രദ്ധേയമാണ്. കരിങ്ങാട് പ്രദേശം മൊത്തത്തിൽ വിലക്കെടുത്ത് 'ജഗദ്ഭായി – മണിഭായി ' കമ്പനിക്കാർ വയനാവ് വെട്ടി സ്ലീപ്പറുകളാക്കി വർഷകാലങ്ങളിൽ പുഴവഴി കുറ്റ്യാടിലിലേക്കും അവിടെവെച്ച് ചങ്ങാടങ്ങളിലാക്കി എലത്തൂർ പുഴവഴി കോഴിക്കോട്ടേക്കു എത്തിക്കുകയായിരുന്നു. അന്നത്തെ കൂപ്പുറോഡുകളുടെ നഷ്ടാവശിഷ്ടങ്ങൾ നമ്മുടെ മലയോരങ്ങളിൽ തലങ്ങും വിലങ്ങും ഇന്നും കാണാവുന്നതാണ്. അവയിൽ ചിലത് അറ്റകുറ്റ പണികൾ തീർത്തും പുനർ

നിർമ്മിച്ചും ഇന്നും പ്രയോജനപ്പെടുത്തുണ്ട്.

കുറ്റ്യാടിനിന്ന് വയനാട്ടിലേക്ക് കുതിരയേയോ കാളയേയോ കെട്ടിവലിക്കാവുന്ന പീരങ്കിവണ്ടികൾക്ക് സഞ്ചരിക്കാവുന്ന ഒരു പാത ടിപ്പു പണിതീർത്തതായും, പഴശ്ശിരാജയുടെ കലാപങ്ങൾ നേരിടാൻ ഇംഗ്ലീഷുകാർ അറ്റകുറ്റ പണികൾ തീർത്തതായും ചരിത്ര രേഖകളുണ്ട്. ഇന്നത്തെ തോട്ടിൽപാലം വയനാട് റോഡ് ഇതേ മാർഗ്ഗത്തിലാവാൻ സാദ്ധ്യതയുണ്ട്. മൈസൂരിൽ നിന്ന് ഇടയ്ക്കിടെ മലബാറിലേക്ക് പടയോട്ടം നടത്തിയിരുന്ന ടിപ്പു ചുരം വഴിവന്ന് പട്ടിയാട്ടും, മൂന്നാം കയ്യിലും, പുഴയ്ക്ക് പാലങ്ങൾ വരെ തീർത്തിരുന്നു. സമീപകാലം വരെ അവയുടെ ഇരുമ്പു ഗാർഡറുകളും ഭീമൻ സ്ക്രൂകളും അതത് സ്ഥലങ്ങളിൽ കാണാമായിരുന്നു. പുതിയ റോഡ് നിർമ്മാണങ്ങൾക്കിടയിൽ ഏതോ ഭാഗങ്ങളിൽ അവ മണ്മറിഞ്ഞു കിടപ്പുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ ചരിത്രത്തിൽ തിളക്കമാർന്ന മറ്റൊരദ്ധ്യായമാണ് വീരപഴശ്ശിയുടെ ഗറില്ലാ സമരങ്ങൾ. നിരന്തരം ഇംഗ്ലീഷ് പട്ടാളത്താൽ വേട്ടയാടപ്പെട്ട് കാവിലും പാറ മലയോരങ്ങളിൽ താവളമടിച്ച പഴശ്ശി, കുറിച്യ സേനയുമൊത്ത് ഇടക്കിടെ മിന്നലാക്രമണങ്ങൾ സംഘടിപ്പിച്ചു. ഇതു തെല്ലൊന്നുമല്ല ഇംഗ്ലീഷ് പട്ടാളത്തെ അലോസരപ്പെടുത്തിയത്. അന്ന് തൊണ്ടിപ്പൊയിൽ എന്നറിയപ്പെട്ടിരുന്ന കുറ്റ്യാടിയിൽ അദ്ദേഹം ഒരു കോവിലകം പണിയാൻ കുറ്റിയടിക്കുകയും ഉദ്ദേശം സഫലമാകാതെ പോവുകയും ചെയ്തു. ഇതു കുറ്റ്യാടിയുടെ സ്ഥലനാമ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു. കാവിലുംപാറ മലയിലെ പുത്തൻപീടിക മലവാരത്തിൽ വെച്ച് 1949ൽ ഒരു കർഷകന് പഴശ്ശിത്തമ്പുരാന്റെ തങ്കവാളിന്റെ പിടി ലഭിക്കുകയുണ്ടായി അതിപ്പോഴും തിരുവനന്തപുരം മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നറിയുന്നു. പിൽക്കാലത്ത് ഇന്ത്യയുടെ വൈസ്രോയിയായ വെല്ലസ്ലിയും കാവിലുംപാറ കാടുകളിൽ ചുറ്റിത്തിരിഞ്ഞതായി ചരിത്ര സൂചനകളുണ്ട്.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തോട് തന്റേതായ നിലയിൽ ചെറുത്തുനിൽപ്പ് സംഘടിപ്പിച്ച ആ വീരപുത്രൻ 1805 നവംബർ 39 ടി. എച്ച് ബാബർ എന്ന പട്ടാളമേധാവിയുമായുണ്ടായ ഏറ്റുമുട്ടലിൽ മാനന്തവാടിക്കടുത്ത വനാന്തരങ്ങളിൽ വെച്ച് വീരചരമം പ്രാപിച്ചു. പഴശ്ശിയുടെ ജഡം മിസ്റ്റർ ബാബർ സ്വന്തം പല്ലക്കിലേറ്റി മാനന്തവാടിയിൽ കൊണ്ടുവന്ന് പൂർണ്ണ സൈനിക ബഹുമതികളോടെ സംസ്കരിച്ചതായി അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഏതായാലും പഴശ്ശിയുടെ മരണത്തോടെ കാവിലും പാറ പൂർണ്ണമായും ബ്രിട്ടീഷ് ഭരണത്തിൻകീഴിലമർന്നു. 1927ൽ പിയേഴ്സ് ലസ്ലി കമ്പനി കുണ്ടുതോട് എസ്റ്റേറ്റ് സ്ഥാപിച്ചു. തോട്ടിലേക്കുള്ള വഴിയിൽ അങ്ങാടിക്കടവ് എന്നറിയപ്പെട്ടിരുന്ന സ്ഥലത്ത് പുഴക്ക് കുറുകെ ഒരു തൂക്ക്പാലം സ്ഥാപിക്കുകയും ചെയ്തു. തൊട്ടിൽപോലുള്ള പാലം സ്ഥിതിചെയ്തിരുന്ന സ്ഥലം പിന്നീട് "തൊട്ടിൽപാലം" ആവുകയായിരുന്നു. ഈ പാലം പൊളിച്ചുമാറ്റിയാണ് ഇന്നുകാണുന്ന കോൺക്രീറ്റ് പാലം പണിതിട്ടുള്ളത്.

ജനവാസം അന്ന് തൊട്ടിൽപാലം പുഴയ്ക്ക് തെക്കു ഭാഗത്തുള്ള സമതലങ്ങളായ മൊയിലോത്തറ, തൂവാട്ടപൊയിൽ വടക്കുള്ള ദേവർകോവിൽ, തളീക്കര തുടങ്ങിയ സ്ഥലങ്ങളിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പകൽമുഴുവൻ മേഞ്ഞു നടന്നിരുന്ന കന്നുകാലികൾ രാത്രികാലങ്ങളിൽ ഇന്നത്തെ ചകിരി കമ്പനി നിൽക്കുന്ന ഭാഗങ്ങളിൽ കൂട്ടം കൂട്ടമായി താവളമടിച്ചിരുന്നു. ഇവിടങ്ങളിൽ ജനവാസമുണ്ടായിരുന്നതാണ് ഇതിനുകാരണം. ഈ പ്രദേശം ഇന്നറിയപ്പെടുന്നത് " പൈക്കളങ്ങാടി " എന്നാണ്. മറ്റൊരു ചതിക്കഥ കൂടി പറഞ്ഞുകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കാം. കുറിച്യാസമുദായത്തിലെ മുഴുവൻ അംഗങ്ങളേയും അന്നത്തെ ജന്മി ഒരു സദ്യക്ക് ക്ഷണിച്ചു കൃത്രിമമായുണ്ടാക്കിയ ഒരൂട്ടുപുരയിൽ ഭക്ഷണം കഴിക്കുന്നതിൽ മാത്രം ദത്തശ്രദ്ധരായിരുന്ന ആ കാടിന്റെ മക്കളെ ഊട്ടുപുരയോടെ കുഴിയിൽ വീഴ്ത്തി. മുഴുവൻ ആളുകളേയും ഒന്നായി വധിച്ചു. ആചാരപ്രകാരം സദ്യയിൽ പങ്കെടുക്കാൻ വിലക്കുണ്ടായിരുന്ന രജസ്വലയായ ഒരു സ്ത്രീമാത്രം ഓടി രക്ഷപ്പെട്ടുവെന്നും ; അവരെ ഓടിപ്പിടിച്ച് ആധാരത്തിൽ ഒപ്പുവെപ്പിച്ചു അവകാശം കൈക്കലാക്കിയെന്നും പഴയ കാരണവന്മാർ സാക്ഷ്യപ്പെടുത്തുന്നു. ഈ വസ്തുതയെ ശരിവെക്കും വിധം ഈ പഞ്ചായത്തിൽ മാത്രം കുറിച്യ സമുദായത്തിലുള്ളവർ ഇന്നു ഇല്ലെന്നുതന്നെ പറയാം. മറ്റു സമീപപഞ്ചായത്തുകളിൽ അവർ ഉണ്ടുതാനും.

സ്വാതന്ത്ര്യ സമര പ്രസ്ഥാനം ഈ പഞ്ചായത്തിൽ ഏതെങ്കിലും തരത്തിലുള്ള അനുരണനങ്ങളുണ്ടാക്കിയതായി ചരിത്രരേഖകളില്ല. ഒരു സ്വാതന്ത്ര്യ സമര സേനാനിയായ ശ്രീ എ. വി. കുഞ്ഞിരാമൻനായർ ഈ പഞ്ചായത്തിലാണ് താമസിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലം പുറത്തുള്ള സ്ഥലങ്ങളായിരുന്നു. കുടിയേറ്റ മേഖലയിലെ കർഷകർ സ്വാതന്ത്ര്യ പ്രസ്ഥാനമായി ബന്ധപ്പെട്ടതായി കാണുന്നില്ല. നിലനിൽപ്പിനുവേണ്ടിയുള്ള സമരം തന്നെ അവർക്ക് മറ്റൊരു സ്വാതന്ത്ര്യ സമരമായിരുന്നുവല്ലോ?

**കാവിലുംപാറ കുടിയേറ്റ ചരിത്രം**

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുണ്ടായിരുന്ന സാമ്പത്തിക മാന്ദ്യവും, ദാരിദ്ര്യവും തെങ്ങുകൾക്ക് വന്ന കാറ്റുവീഴ്ചയും, സർ സി.പി. അനുവർത്തിച്ചുവന്ന ചില കർഷക ദ്രോഹനയങ്ങളും, മദ്ധ്യ തിരുവിതാംകൂറിലുള്ള കർഷകരെ കന്നിമണ്ണും. തേടി കേരളത്തിന്റെ ഇതരഭാഗങ്ങളിലേക്ക് നീങ്ങാൻ പ്രേരിപ്പിച്ചു. മലപ്പുറത്തുനിന്നും മറ്റും നാളികേരക്കച്ചവടത്തിനായി കോട്ടയം പ്രദേശങ്ങളിൽ എത്തിയ ആളുകൾ കാവിലുംപാറ തേങ്ങ ലോകപ്രസിദ്ധമാണെന്ന അറിവ് അവർക്ക് നൽകി. ഇതൊക്കെ അവരെ കാനാൻ ദേശം തേടിയുള്ള യാത്രയിൽ കാവിലുംപാറ, മരുതോങ്കര തുടങ്ങിയ പ്രദേശങ്ങളിലേക്കാകർഷിച്ചു. നാട്ടിലുള്ളതെല്ലാം വിറ്റുപെറുക്കി 1926 മുതൽ അവർ മലബാറിലേക്കെത്തി. പലരും ആക്കലിടം, മുക്കത്ത് തുടങ്ങിയ ജന്മിമാരിൽ നിന്നും ഭൂമി ചാർത്തിവാങ്ങി. കാടുവെട്ടിത്തളിച്ച് വനഭൂമികൾ വിളഭൂമികളാക്കി.

ഇതിനുപിന്നിൽ ത്യോഗോജ്വലമായ ഒട്ടേറെ കഥകളുണ്ട്. പ്രകൃതിക്ഷോഭങ്ങളും മലമ്പനി വസൂരി തുടങ്ങിയ പകർച്ചവ്യാധികളും ചില കുടിയേറ്റ കുടുംബങ്ങളെത്തന്നെ നാമാവശേഷമാക്കി. കൂടപ്പിറപ്പുകൾ പിടഞ്ഞുമരിക്കുന്നത് നോക്കിനിൽക്കാനേ ആ ജനസാമാന്യത്തിനു കഴിഞ്ഞുള്ളൂ. ഇതിന്നും പുറമെയായിരുന്നു ആന, കാട്ടുപോത്ത്, കടുവ, പന്നി എന്നീ കാട്ടുമൃഗങ്ങളുടെ ആക്രമണം. പക്ഷെ, അവർ ചെറുത്തുനിൽക്കുകയും അതിജീവിക്കുകയും ചെയ്തു. ഈ കാനനഭൂമിയിൽ അവർ കനകം വിളയിച്ചു. ഇവിടെക്കാണുന്ന സ്ഥാവരവും ജംഗമവുമായ ആസ്ഥികളത്രെയും ആ തലമുറയുടെ അദ്ധ്വാനഫലമാണ്. നമുക്കവരെ നന്ദിപൂർവ്വം അനുസ്മരിക്കാം. ഇതേകാലത്തു തന്നെ തദ്ദേശീയർ പുനം കൃഷിയും മറ്റുമായി കുടിയേറ്റക്കാർക്കൊപ്പമുണ്ടായിരുന്നു. അവർ വിത്തും നടീയൽ വസ്തുക്കളും നൽകിയും താമസസൗകര്യങ്ങൾ ചെയ്തുകൊടുത്തും കൈമെയ്മറന്നു സഹായിച്ചു. നിലവിലുണ്ടായിരുന്ന ഭൂബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ഇക്കാലത്ത് ജന്മിമാർ കുടിയിറക്ക് ഭീഷണിയുമായി മലയോരങ്ങളിൽ ഭീതിപരത്തി തെങ്ങും കവുങ്ങും, റബ്ബറും, കുരുമുളകു, കപ്പയും, വാഴയും, തിങ്ങിനിറഞ്ഞ വിളഭൂമികൾ തട്ടിയെടുക്കാൻ ശ്രമമാരംഭിച്ചു പ്രമാണിത്തവും ഭരണസ്വാധീനവുമുള്ള അവർ മലയോരങ്ങളിൽ ഭീതിപരത്തി. 60കളിൽ കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നും ആളും അർഥവും ശേഖരിച്ച് കുടിയേറ്റക്കാരെ ഒഴിപ്പിക്കാൻ തന്നെ അവർ മലയോരങ്ങളിലേക്ക് നീങ്ങി. എന്നാൽ ദേശീയപ്രസ്ഥാനത്തിന് തുടർച്ചയായി വന്ന് സംഘടിത കർഷക പ്രസ്ഥാനവും മറ്റുപുരോഗമന സംഘടനകളും മലയോരങ്ങളിൽ വേരു പിടിച്ചു കഴിഞ്ഞിരുന്നു. കർഷകർക്ക് പോകാൻ മറ്റൊരിടമുണ്ടായിരു ന്നില്ല. അവർ ജീവൻ കൊടുത്തും ചെറുത്തുനിൽക്കാൻ തന്നെ തീരുമാനിച്ചു. അങ്ങിനെ 1967 നവംബർ 9, ഒടേലെപ്പൊയിൽ മലവാരത്ത് ആദ്യത്തെ വെടിപൊട്ടി. കർഷകരുടെ മനക്കരുത്ത് കരിമരുന്നുമായി ഏറ്റുമുട്ടി. ജന്മിമാരുടെ ഗുണ്ടപ്പടയിൽ രണ്ടുപേർ മരിച്ചു. മലയോരങ്ങളിൽ സമാധാനാന്തരീക്ഷം തകർന്നു. സി. ആർ. പി. ക്യാമ്പുകൾ ഉയർന്നു. പലരും കള്ളക്കേസുകളിൽ കുടുങ്ങി ജയിലിലായി. എങ്കിലും അന്തിമവിജയം കർഷകർക്ക് തന്നെയായിരുന്നു. അവർ ഉള്ള മണ്ണിൽ ഉറച്ചു നിൽക്കുക തന്നെ ചെയ്തു. അദ്ധ്വാനിക്കുന്നവരുടെ സംഘടിത ശക്തി ഒരിക്കൽകൂടി വിജയഗാഥ രചിച്ചു. സർക്കാർ തലത്തിൽനടന്ന ഒത്തുതീർപ്പിന്റെ ഫലമായി മുഴുവൻ കർഷകർക്കും ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചു. കരിങ്ങാട് – ഒടേലപ്പൊയിൽ സംഘട്ടനം ദേശീയതലത്തിൽ തന്നെ ശ്രദ്ധയാകർഷിക്കപ്പെട്ടു. ഭൂബന്ധങ്ങളിൽ സമഗ്രമായ അഴിച്ചുപണിക്ക് നിദാനമായ ഭൂപരിഷ്കരണ ഭേദഗതി നിയമവും കർഷ

കജനസാമാന്യത്തിന് സുരക്ഷിതത്വം പ്രദാനം ചെയ്തു എന്നാൽ ഭൂബന്ധങ്ങളിൽ വന്ന മാറ്റം ഇട ത്തരം കർഷകർക്കെന്നപോലെ അടിസ്ഥാന വർഗ്ഗ മായ കൂലിവേലക്കാർക്ക് വേണ്ടത്ര ഗുണം ചെയ്തു എന്നു പറഞ്ഞുകൂടാ. ട്രേഡ്യൂനിയൻ പ്രസ്ഥാനങ്ങ ളിലൂടെ അവർ സംഘടിതരായി വിലപേശാൻ ശക്തി വർദ്ധിപ്പിച്ചെങ്കിലും, ആ മേഖലയിലിപ്പോൾ നിരവധി പ്രശ്നങ്ങളുണ്ട്.

70കളിൽ തോട്ടക്കാട് മിച്ച ഭൂമിയിൽ ദീർഘകാലം നടന്ന സമരപോരാട്ടങ്ങളും ജയിൽവാസവും അഞ്ഞൂ റോളം കുടുംബങ്ങൾക്ക് കിടപ്പാടം കിട്ടാൻ ഇടയാ ക്കിയ ത്യാഗോജ്ജ്വലമായ ഒരു സംഭവമാണ്. ഈ ഭൂമി യിൽ കുടിൽ കെട്ടി താമസിച്ചുവരുന്നവർക്ക് 10 – 18 വർഷമായി കൈവശം വച്ചുവരുന്ന ഭൂമിക്ക് മതിയായ കൈവശരേഖകൾ ലഭിച്ചുകഴിഞ്ഞിട്ടില്ല. ഈ മലയോ രത്തെ ചീരോത്തും കളം തണൽ തട്ട് എന്നീ സംര ക്ഷിത ഭൂമിയിൽ സ്വകാര്യവ്യക്തികൾ വനംകൊള്ള ക്കുള്ള ശ്രമവുമായി എത്തിയപ്പോൾ നമ്മുടെ പഞ്ചാ യത്തിലെ സന്നദ്ധപ്രവർത്തകരും പുരോഗമനപ്രസ്ഥാ നങ്ങളും അതിനെ ചെറുത്തു നിൽക്കുകയുണ്ടായി. പോലീസ് നടപടികളും ശാരീരിക ആക്രമണങ്ങളും അതിജീവിച്ച് ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങളുള്ള ഈ പഞ്ചായത്തിലെ വനഭൂമികൾ നാം സംരക്ഷിക്കുക തന്നെ ചെയ്തു. എന്നാൽ മരം വെട്ടു ഭീഷണി ഡെമോക്ലീസിന്റെ വാൾ പോലെ നമ്മുടെ തലക്കുമു കളിൽ തന്നെയുണ്ട്. നാം നിതാന്ത ജാഗ്രത പുലർത്തി യാൽ മാത്രമേ വരും തലമുറക്കായുള്ള ഈ ഈടു വെപ്പ് നമുക്ക് കാട്ടുകള്ളന്മാരിൽ നിന്ന് സംരക്ഷിക്കാ നാവൂ.

പത്തു വാർഡുകളുള്ള ഈ പഞ്ചായത്തിൽ അതിന്റെ കാർഷിക പശ്ചാത്തലവും കുടിയേറ്റത്തെ തുടർന്നുണ്ടായ സമഗ്ര പുരോഗതിയും അഭിമാനകര മായ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. 3 കിലോമീറ്ററിനു ള്ളിൽ പ്രൈമറി സ്കൂളുകൾ പഞ്ചായത്ത് അതിർത്തി ക്കുള്ളിൽ രണ്ട് ഹൈസ്കൂളുകൾ മറ്റു സമാന്തര വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ എന്നിവ നിലവിലുണ്ട്. ഒരു സബ്ട്രഷറി, ഒരു സബ് രജിസ്ട്രാഫീസ്, അഞ്ചോളം ധനകാര്യ സ്ഥാപനങ്ങളും നമുക്കുണ്ട്. ഒരു പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ വിവിധ ആരോഗ്യ കുടുംബക്ഷേമ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖല ഉൾപ്പെടെ പത്തോളം മെഡിക്കൽ പ്രാക്ടീഷണർമാർ (അലോപ്പതി, ഹോമിയോപ്പതി, ആയുർവേദിക്) എന്നിവരുടെ സേവനം നമുക്ക് പഞ്ചായത്തിൽ ലഭ്യമാണ്.

വ്യവസായ സ്ഥാപനങ്ങളുടെ അപര്യാപ്തത നമ്മുടെ പഞ്ചാത്തിൽ എടുത്തുപറയാവുന്ന ഒരു ന്യൂനതയാണ്. മഹിളാരംഗത്ത് ഒരു പുത്തൻ ഉണർവ്വും ഒരു സംഘടിത പ്രവർത്തനവും സമീപ കാലത്തെങ്കിലും വളർന്നുവന്നിട്ടുണ്ട്. സാംസ്കാരിക രംഗത്ത് വായനശാലകളും ക്ലബ്ബുകളും എണ്ണത്തിൽ കുറേയുണ്ടെങ്കിലും സംസ്ഥാനത്തിന്റെ സാംസ്കാ രിക മുഖ്യധാരയിലെത്താൻ നമുക്കിനിയും ഏറെ മുന്നേറാനുണ്ട്.

ഒരു പിന്നോക്കമലയോര പഞ്ചായത്ത് എന്ന നില യിൽ അഭിമാനാർഹമായ ഈ നേട്ടങ്ങളും വസ്തുതാ പരമായ സ്ഥിതി വിവരങ്ങളും സമർപ്പിച്ചുകൊണ്ട് ഈ അദ്ധ്യായം ഇവിടെ അവസാനിപ്പിക്കുന്നു.



> "ആറ്റം ബോംബ് മനുഷ്യനെ നശിപ്പിക്കുകയേ ചെയ്തുള്ളൂ. മണ്ണൊലിപ്പ് മാനുഷ്യകത്തിന്റെ മാതൃത്വത്തെതന്നെയാണ് ഉച്ചാടനം ചെയ്യുന്നത് "
>
> **–ആൽഡസ് ഹക്സിലി**

# കൃഷിയും ജലസേചനവും

സമുദ്രനിരപ്പിൽ നിന്ന് 1500 മുതൽ 3500 വരെ അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കുന്നുകളും അതിനോട് ചേർന്ന ചെറിയ ചരിവുകളും താഴ്‌വരകളും ഉൾക്കൊള്ളുന്ന ഒരു കാർഷിക ഗ്രാമമാണ് കാവിലുംപാറ പഞ്ചായത്ത്. ഫലപുഷ്ടിയുള്ള മണ്ണിനാൽ അനുഗ്രഹീതമായ ഇവിടെ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ മൊത്തം ഭൂവിസ്തൃതിയുടെ നാലിൽ ഒരു ഭാഗത്ത് മാത്രമേ കൃഷിയുണ്ടായിരുന്നുള്ളൂ. സമതലപ്രദേശങ്ങളായ പൂക്കാട് മൊയിലോത്തറ, തൊട്ടിൽപാലം, ആശ്വാസി, ആനക്കുളം തുടങ്ങിയ പ്രദേശങ്ങളിൽ കൃ.ഷി നിലനിന്നപ്പോൾ വടക്കുകിഴക്കുഭാഗത്തുള്ള മലനിരകളും അതിനോട് ചേർന്ന പ്രദേശങ്ങളും കൊടുംകാടുകളായിത്തന്നെ നിലനിന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് പഞ്ചായത്തിലെ പ്രധാന വിള നാളികേരമായിരുന്നു. തെങ്ങൊന്നിന് ആകാലത്ത് 100 മുതൽ 150 വരെ നാളികേരം ലഭിക്കുമായിരുന്നു. കൂടാതെ ഇടവിളകളായി കവുങ്ങ്, വാഴ, കപ്പ, കുരുമുളക്, ചേമ്പ്,ചേന തുടങ്ങിയവയും കൃഷിചെയ്തിരുന്നു. മീറൻപൂള എന്നറിയപ്പെട്ടിരുന്ന കൈപ്പേറിയ കപ്പയും വാലങ്കോട്ടിയൻ, കരിങ്കോട്ടിയൻ എന്നീപേരിൽ അറിയപ്പെട്ടിരുന്ന കുരുമുളകുമാണ് അക്കാലത്തുണ്ടായിരുന്നത്. മൊയിലോത്തറ ഭാഗത്തുള്ള വയലേലകളിൽ അക്കാലത്ത് മുണ്ടകൻ കൃഷി നിലവിലുണ്ടായിരുന്നു. വട്ടോളി, മൊകേരി ഭാഗങ്ങളിൽ നിന്നും കൃഷിക്കാർ ദിവസേന കാൽനടയായി വന്ന് മലയോരപ്രദേശങ്ങളിൽ ഭൂമി

പാട്ടത്തിനെടുത്ത് കൊയ്ത്താളകൃഷിയും, കപ്പ, മുത്താറി, ചാമ, വാഴ തുടങ്ങിയ കൃഷികളും നടത്തിയിരുന്നു. 1927ൽ പിയേഴ്സ് ലസ്ളി കമ്പനിക്കാർ കുണ്ടുതോട് ഭാഗത്ത് റബ്ബർ എസ്റ്റേറ്റ് സ്ഥാപിച്ചതോടുകൂടിയാണ് കാവിലും പാറയിൽ റബ്ബർ കൃഷിക്ക് തുടക്കം കുറിക്കുന്നത്. മലബാറിൽ റബ്ബർ, ഏലം തുടങ്ങിയ കൃഷികൾക്ക് ലൈസൻസ് ആവശ്യമായതിനാലും ഇത്തരം കൃഷിയെപ്പറ്റി കൃഷിക്കാർ ബോധവാന്മാരല്ലാത്തതുകൊണ്ട് റബ്ബർ അതിനുമുമ്പ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല.

കാവിലുംപാറയുടെ കാർഷിക മേഖല പുരോഗതിയുടെ പടവുകൾ കയറുന്നത് തിരുവിതാംകൂറിൽ നിന്നിങ്ങോട്ടുള്ള കുടിയേറ്റത്തോടെയാണ്. 1926 മുതൽ 1931 വരെയുള്ള കാലഘട്ടത്തിൽ തിരുവിതാംകൂർ ഭാഗത്തുനിന്ന് ആദ്യത്തെ കുടിയേറ്റക്കാരായ 17ഓളം ആളുകൾ ചാത്തങ്കോട്ടുനട, ചാപ്പന്തോട്ടം ഭാഗങ്ങളിൽ താമസിച്ച് കൃഷിചെയ്യാൻ ആരംഭിച്ചു. എന്നാൽ അക്കാലത്തുണ്ടായ മാരകമായ പകർച്ചവ്യാധിയും, കാട്ടുമൃഗങ്ങളുടെ ശല്യവും ജന്മികളുടെ ഭാഗത്തുനിന്നുണ്ടായ ചൂഷണവും കാരണം ഇവർക്ക് തിരിച്ചുപോകേണ്ടിവന്നു.

1940കളിലാണ് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വീണ്ടും സംഘടിതമായ കുടിയേറ്റത്തിന് തുടക്കം കുറിക്കുന്നത്. കുറ്റ്യാടി തെങ്ങിന്റെ പ്രസക്തിയും ഇവിടുത്തെ ഭൂമിയുടെ ഗുണമേന്മയും വിലക്കുറവും, കുടിയേറ്റക്കാരെ ആകർഷിച്ച പ്രധാനപ്പെട്ട ഘടകങ്ങളായിരുന്നു. കുടിയേറ്റത്തോടെയാണ് മലയോരങ്ങളിൽ വ്യാപകമായ കൃഷി ആരംഭിക്കുന്നത്. മുക്കത്ത് ആക്കിലിടം തുടങ്ങിയ ജന്മിമാരിൽ നിന്നും ഭൂമി വിലയ്ക്ക് വാങ്ങിച്ച് കാടുകൾ വെട്ടിത്തളിച്ച് ഇവർ കരനെല്ലും തുടർന്ന് കപ്പ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറികൾ തുടങ്ങിയവയും കൃഷിച്ചെയ്യുവാൻ തുടങ്ങി. ഇതോടൊപ്പം തന്നെ തെങ്ങ് കവുങ്ങ് തുടങ്ങിയ ഇടവിളകളുടെ കൃഷിയും ഇവർ ആരംഭിച്ചിരുന്നു. 1950 കാലഘട്ടത്തോടെയാണ് മലയോരങ്ങളിൽ വ്യാപകമായ റബ്ബർ കൃഷി ആരംഭിക്കുന്നത്. കുടിയേറ്റത്തോടൊപ്പം തന്നെ നല്ലയിനം കുരുമുളക് വള്ളികളായ കരിമുണ്ട, അറക്കുളംമുണ്ട തുടങ്ങിയവയും നല്ലയിനം കപ്പ, കശുവണ്ടി തുടങ്ങിയവയും ഈ പ്രദേശത്തേക്ക് എത്താൻ തുടങ്ങി. 6 മാസം തുടർച്ചയായി ലഭിക്കുന്ന മഴയും മൂന്നുമാസം ലഭിക്കുന്ന ഇടമഴയും കാർഷികാവശ്യത്തിനുള്ള ജലം വേണ്ടത്ര മഴ പ്രദാനം ചെയ്തിരുന്നു.

ഏറെ സമ്പന്നമായ കാർഷിക പരമ്പര്യവും പ്രശസ്തിയുണ്ടായിരുന്ന പഞ്ചായത്തിന്റെ കാർഷിക മേഖല ഇന്ന് ഒരു ഉൽപാദന തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതും, കൃഷിക്കാരന്റെ സാമ്പത്തിക പ്രയാസവും, കൃഷിച്ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനയും കൃഷിക്കാരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. അശാസ്ത്രീയമായ രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗത്തിന്റെ ഫലമായി മണ്ണിന്റെ ഫലഭൂയിഷ്ഠി നഷ്ടപ്പെട്ടതും വിളകൾക്കുണ്ടാവുന്ന മാരകമായ രോഗവും കാരണം മലയോരങ്ങളിലെ കൃഷിക്കാർ മറ്റു പ്രദേശങ്ങളിലേക്ക് മാറിപ്പോകുന്ന അവസ്ഥ നിലവിലുണ്ട്.

ലോകപ്രശസ്തമായ കാവിലുംപാറത്തേങ്ങ ഉൽപാദിപ്പിക്കുന്നതിവിടെയാണ്. പ്രതിവർഷം $3^1/_4$കോടിയോളം തേങ്ങ ഇവിടെ ഉൽപാദിപ്പിക്കുന്നു. തെങ്ങ് , കവുങ്ങ്, റബ്ബർ എന്നിവയാണ് ഇപ്പോൾ പഞ്ചായത്തിലെ മുഖ്യവിളകൾ. 3545 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി നിലവിലുണ്ട്. ഇന്ത്യയിലെ ത്തന്നെ ഏറ്റവും നല്ല വിത്തുതേങ്ങ കാവിലുംപാറ തേങ്ങയാണ്. 98.7 ഹെക്ടർ സ്ഥലത്ത് കവുങ്ങും, 737 ഹെക്ടർ സ്ഥലത്ത് റബ്ബറും കൃഷിച്ചെയ്യുന്നുണ്ട്. വിദേശനാണ്യം തേടിത്തരുന്ന നാണ്യവിളകളായ കുരുമുളക് 176.3 ഹെക്ടറിലും കശുമാവ് 41 ഹെക്ടറിലും കൃഷിച്ചെയ്യുന്നുണ്ട്. കൂടാതെ ഇടവിളകളായ കൊക്കോ, ജാതി, ഗ്രാംമ്പൂ തുടങ്ങിയവ മലയോരങ്ങളിൽ കൃഷിച്ചെയ്തുവരുന്നുണ്ട്. ഇവയുടെ കൃഷി നാമമാത്രമായേ നടത്തപ്പെടുന്നുള്ളൂ. പഞ്ചായത്തിലിപ്പോൾ രണ്ടു ഹെക്ടർ സ്ഥലത്തുമാത്രമേ നെൽകൃഷി നിലിവില്ലുള്ളൂ.

ഭക്ഷ്യവിളകളായ ചേന, ചേമ്പ്, കപ്പ, കച്ചിൽ, വാഴ, പച്ചക്കറികൾ തുടങ്ങിയവയുടെ കൃഷിയിൽ പ്രകടമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇത്തരം വിളകളെല്ലാം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് പഞ്ചിയത്തിന്റെ വിവിധ

ഭാഗങ്ങളിൽ കാണാൻ സാധിക്കുന്നത്. നാമമാത്രമായിരുന്ന നെൽപാടങ്ങൾ നികത്തിയതും പയർ പച്ചക്കറി തുടങ്ങിയ കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. നെല്ല്, പയർ, പച്ചക്കറി പാടങ്ങളിലെ വിള. ഇന്ന് പാലിക്കാൻ കഴിയുന്നില്ല. ഭക്ഷ്യവിള ഉത്പാദനത്തിലുണ്ടായ കുറവ്, ഭക്ഷ്യോൽപന്നങ്ങളുടെ സംസ്ഥാനാന്തര ഇറക്കുമതി ഗണ്യമായി വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. പഞ്ചായത്തിൽ 25 ഹെക്ടർ സ്ഥലത്ത് മാത്രമേ ഇപ്പോൾ പച്ചക്കറി കൃഷി നടത്തുന്നുള്ളൂ. പ്രധാന വിളകളുടെ വിസ്തീർണ്ണവും ഉൽപാദനവും ചുവടെ ചേർക്കുന്നു. പട്ടിക നോക്കി മനസ്സിലാക്കാം.

എല്ലാതരം കാർഷിക വിളകളുടെയും ഉത്പാദന ക്ഷമത നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞുവരുന്നതായിട്ടാണ് നമ്മുടെ കണക്കുകൾ കാണിക്കുന്നത്. മുഖ്യവിളയായ തേങ്ങയുടെ ഉൽപാദനം ഗണ്യമായി കുറഞ്ഞിരിക്കുന്നു 1960 കാലഘട്ടത്തിൽ തേങ്ങയുടെ ഉൽപാദനം തെങ്ങൊന്നിന് ശരാശരി 100 ആയിരുന്നു. ഇപ്പോൾ കുറഞ്ഞ് 60 വരെ എത്തിയിട്ടുണ്ട്. 1970 കളിലെ ഹരിതവിപ്ലവത്തിന്റെ ഫലമായുണ്ടായ അമിതമായ രാസവളപ്രയോഗവും കീടനാശിനി പ്രയോഗവും മണ്ണിന്റെ ഫലഭൂയിഷ്ഠി കുറച്ചു. ജൈവവളത്തിന്റെ ലഭ്യതക്കുറവും ഉൽപാദനം കുറക്കുന്നതിന് കാരണമായിട്ടുണ്ട്. യഥാസമയങ്ങളിൽ തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടും കൃഷിച്ചെലവിലുണ്ടായ വർദ്ധനവും ഉൽപാദന ചെലവ് കുറക്കുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്. വിളകളെ ബാധിക്കുന്ന രോഗങ്ങൾ ഉൽപാദന വർദ്ധനവിനെ തടയുന്നുണ്ട്. മഴയെ ആശ്രയിച്ചുള്ള ഒരു കൃഷിരീതിയാണ് ഇന്ന് പഞ്ചായത്തിൽ നിലവിലുള്ളത്. വർഷത്തിൽ 320 സെ. മീ മുതൽ 450 സെ. മീ വരെ മഴ ഇവിടങ്ങളിൽ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ്, ഓഗസ്റ്റ്, ഒക്ടോബർ മാസങ്ങളിലാണ് ഇവിടെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. എന്നാൽ മഴ വിട്ടുമാറുന്നതോടെ രൂക്ഷമായ വരൾച്ച അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. വനനശീകരണവും ഒഴുക്കുവെള്ളം തടഞ്ഞു നിർത്താൻ പുഴയിൽ തടയിണകൾ ഇല്ലാത്തതും, പുഴയോരങ്ങളിലെ സസ്യനശീകരണവും അശാസ്ത്രീയമായ ജലവിനിയോഗവുമാണ് ഇതിനുകാരണം. കൂമൻകുന്നിത്തോട്, (കരിങ്ങാട്തോട്) ചാപ്പൻതോട്ടം തോട്, പുത്തൻപീടികതോട്, വണ്ണാത്തിയേറ്റ് തോട്, ഹനുമാൻ തോട്, നീറ്റിക്കോട്ട് തോട്, നടുത്തോട്, വളയംതോട് തുടങ്ങിയവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജലസേചന സൗകര്യം ഒരുക്കുന്നതിൽ സഹായിക്കുന്നു. തൊട്ടിൽപാലം പുഴയുടേയും അതുമായി ചേരുന്ന ചെറുതോടുകളുടേയും നീർച്ചാലുകളുടേയും ജലസംഭരണ ശേഷി വർഷം തോറും കുറഞ്ഞുവരുന്ന സ്ഥിതി നിലവിലുണ്ട്. പുഴയോരങ്ങൾ സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തി പറമ്പുകളാക്കിമാറ്റുന്നത് പുഴയുടെ ജലസംഭരണ ശേഷി കുറയ്ക്കാൻ കാരണമാകുന്നുണ്ട്. പഞ്ചായത്തിൽ ജലസേചനത്തിനായി 100 കിണറുകളും 5 കുഴൽകിണറുകളും 5 കുളങ്ങളുമാണുള്ളത്. മെച്ചപ്പെട്ട ഭൂഗർഭ ജലസമ്പത്തുള്ള സമതല പ്രദേശങ്ങളിൽ 10 മീറ്റർ താഴ്ച്ചയിൽ വെള്ളം ലഭിക്കുന്നു. കുന്നിൻ ചെരിവുകളിലുള്ള കുന്നുറവ് കുടിവെള്ളാവശ്യത്തിനുമാത്രമേ തികയുന്നുള്ളൂ. കിഴക്കൻ മലയോരപ്രദേശങ്ങളിലുണ്ടായ വൻതോതിലുള്ള വനനശീകരണത്തിന്റെ ഫലമായി ഈ കുന്നുറവുകളിലെ ജലലഭ്യത കുറഞ്ഞുവരാൻ ഇടയായിട്ടുണ്ട്. കൃഷി വകുപ്പിന്റെ സഹായത്തോടെയും സ്വന്തമായി പമ്പുസെറ്റുകൾ വാങ്ങി പറമ്പു ജലസേചനം നടത്തുന്നവർ ഇവിടെയുണ്ട്. ഇവരുടെ എണ്ണം അറുപതോളം വരും. വൻകിട ചെറുകിട ജലസേചന പദ്ധതികൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല.

പട്ടിക – 2

| വിള | വിസ്തീർണ്ണം | വർഷമൊത്തഉത്പാദനം | ഉത്പാദനക്ഷമത |
|---|---|---|---|
| തെങ്ങ് | 3545 ഹെക്. | 31905000 | തെങ്ങൊന്നിന് 60 ഹെക് |
| കവുങ്ങ് | 98.7 ഹെക്. | 58800 K.g | ഹെക്ടറിന്ന് 600 K.g. |
| റബ്ബർ | 737 ഹെക്. | 766480 Kg. | ഹെക്ടറിന്ന് 1560 Kg. |
| കുരുമുളക് | 176.3 ഹെക്. | 84400 Kg. | ഹെക്ടറിന്ന് 408 Kg. |

മലയോരപ്രദേശങ്ങളിൽ മുഴുവനും മണ്ണൊലിപ്പ് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്, വർദ്ധിച്ച തോതിലുള്ള വന നശീകരണവും

ഇടക്കയ്യാലകളുടെ അഭാവവും മണ്ണൊലിപ്പിന് കാരണമാകുന്നുണ്ട്. ഫലഫൂയിഷ്ഠമായ മേൽമണ്ണ് ഒഴുകിപ്പോയ്ക്കൊണ്ടിരിക്കുന്നതുകൊണ്ട് കാർഷിക മേഖലയിലെ വളർച്ച ഗുരുതരമായ ഭീഷണിയിലാണ്. ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളേയും നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തുക മാത്രമാണ് ഇതിനുള്ള ഏക പോംവഴി.

ഈ പഞ്ചായത്തിൽ കാർഷിക വിളകളുടെ വിപണന കേന്ദ്രം തൊട്ടിൽ പാലമാണ്. ഇവിടെ മാർക്കറ്റിംഗ് സൊസൈറ്റികൾ ഒന്നും തന്നെ പ്രവർത്തിക്കാത്തതിനാൽ സ്വകാര്യ കച്ചവട സ്ഥാപനങ്ങളെയാണ് കൃഷിക്കാർ ഉൽപന്ന വിതരണത്തിനുവേണ്ടി ആശ്രയിക്കുന്നത്. പ്രധാനവിളയായ നാളികേരത്തിന് ഇപ്പോൾ നാലുരൂപ മുതൽ നാലുരൂപ അമ്പത് പൈസ വരെ ലഭിക്കുന്നുണ്ട്. ഒരുകിലോ അടക്കക്ക് 11 രൂപയും റബ്ബറിന് 45 രൂപയും കുരുമുളകിന് 75 രൂപയും കർഷകന് ലഭിക്കുന്നുണ്ട്.

**പഞ്ചായത്ത് അതിരുകൾ പുഴകൾ മാപ്പ്**

ഫലപ്രദമായി പ്രവർത്തിക്കുന്ന മാർക്കറ്റിംഗ് സൊസൈറ്റികൾ ഇല്ലാത്തത് കൃഷിക്കാർ ചൂഷണം ചെയ്യപ്പെടാൻ കാരണമാകുന്നു. കൃഷിക്കാർക്ക് ലഭിക്കേണ്ട വിലയുടെ 25 ശതമാനത്തോളം ഇടത്തട്ടുകാർ കൈക്കലാക്കുന്ന അവസ്ഥ വിപണന രംഗത്തുണ്ട്. കാവിലും പാറ സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു കൊപ്രസംഭരണ കേന്ദ്രം ഇവിടെയുണ്ടെങ്കിലും ഇത് എല്ലാ സമയവും പ്രവർത്തിക്കാറില്ല. കയറ്റുമതിയെ ലക്ഷ്യമാക്കിയുള്ള ഉൽപന്നങ്ങളുടെ സംസ്കരണത്തിനുള്ള സൗകര്യവും ഇളനീർ പാർലറുകളുടെ സ്ഥാപനവും വിപണന രംഗത്തുണ്ടാവുകയാണെങ്കിൽ കൃഷിക്കാർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് സഹായകരമായിരിക്കും.

ജനസംഖ്യാ വർദ്ധനവിന്റെ ഫലമായി ഭൂബന്ധങ്ങളിൽ വന്നിട്ടുള്ള മാറ്റം കൃഷിയെസാരമായി ബാധിച്ചിട്ടുണ്ട്. ഭൂമിയുടെ വിലക്കുറവ് മറ്റ് താഴ്ന്ന പ്രദേശത്തുനിന്നും ആളുകളെ മലയോരങ്ങളിലേക്ക് ആകർഷിച്ചതും പാർപ്പിടങ്ങൾക്കും റോഡുകൾക്കും വേണ്ടി കൃഷിഭൂമി ഉപയോഗിച്ചതും ഭൂമിയുടെ തുണ്ടവൽക്കരണത്തിന് കാരണമായിട്ടുണ്ട്. കൈവശഭൂമിയുടെ അളവ് കുറഞ്ഞുവരുന്നതിന് അനുസരിച്ച് സ്വന്തം ഭൂമിയിൽ കൃഷിചെയ്യുന്നവരുടെ എണ്ണവും കുറഞ്ഞുവരികയാണ്. ആധുനിക വിദ്യാഭ്യാസം സാർവത്രികമായതോടെ പുതയ തലമുറ കൃഷിപ്പണി ഉപേക്ഷിക്കുകയും നിർമ്മാണതൊഴിൽമേഖലയി




പ്രധാന പുഴകളും തോടുകളും

ലേക്ക് നീങ്ങിക്കൊണ്ടി രിക്കുകയും ചെയ്യുന്നുണ്ട്. കർഷക തൊഴിലാളിയേക്കാൾ തൊഴിൽ സുരക്ഷിതവും സമൂഹമാന്യതയും ഇവരെ ആ മേഖലയിലേക്ക് ആകർഷിക്കുന്നു. ഇത് കർഷക തൊഴിലാളികളെ കിട്ടാത്ത അവസ്ഥ സൃഷ്ടിച്ചു. സ്വന്തം ഭൂമിയിൽ പണിയെടുക്കുന്നവരുടെ എണ്ണവുംഅനുദിനം കുറഞ്ഞുവരികയാണ്. കഴിഞ്ഞ 15 വർഷക്കാലമായി കാർഷികമേഖലയിൽ ഈ പ്രവണത കണ്ടുവരുന്നു. മൊത്തം ജനസംഖ്യയിൽ 75 ശതമാനം ആളുകൾ കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കൈവശ ഭൂമി സംബന്ധിച്ച വിവരങ്ങൾതാഴെകൊടുത്ത പട്ടിക നോക്കി എളുപ്പം മനസ്സിലാക്കാം.

പട്ടിക – 3

| ക്രമനമ്പർ | ഭൂപരിധി | കുടുംബ കൈവശക്കാരുടെ എണ്ണം |
|---|---|---|
| 1 | 1–10 സെന്റ് | 400 |
| 2 | 10 –25 സെന്റ് | 500 |
| 3 | 25 – 50 സെന്റ് | 600 |
| 4 | 50 – 100 സെന്റ് | 2200 |
| 5 | 1– 2 ഏക്കർ | 1500 |
| 6 | 2 – 5 ഏക്കർ – | 400 |
| 7 | 5 ഏക്കറിനു മുകളിൽ | 459 |

ഭൂരിഭാഗം കൃഷിക്കാരുടെയും കാർഷിക വരുമാനം പരിമിതമാണ്. കായികാദ്ധ്വാനത്തോടുള്ള വിമുഖതകൊണ്ടും കാർഷികോത്പന്നങ്ങളു ടെ വിലക്കുറവു കൊണ്ടും പലർക്കും ഉത്പാദനം വർദ്ധിപ്പിക്കുന്നതിൽ തീരെ താൽപര്യമില്ല. പഞ്ചായത്തിനു പുറത്തുനിന്നുള്ള ആളുകളുടെ കൈവശത്തിലിരിക്കുന്ന ഭൂമിയിൽ ഇടവിളകൃഷികളൊന്നും തന്നെ നടത്താറില്ല. കാവിലുംപാറയിലെ കാർഷിക പുരോഗതിയുടെ മുഖ്യമായ തടസ്സങ്ങളിലൊന്ന് ഇതുതന്നെയാണ്.

കാർഷികമേഖലയിൽ പണിയെടുക്കുന്നവർക്ക് മെച്ചപ്പെട്ട കൂലി ലഭിച്ചുവരുന്നുണ്ട്. എന്നാൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലികുറവാണ്. ഉഴവിന് 110 രൂപയും കിളക്കലിന് 60 രൂപയും റബ്ബർ വെട്ടിന് 100 മരത്തിന് 25 രൂപയുമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. കാർഷിക തൊഴിലാളികൾ രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ ജോലിചെയ്യുന്നു. എന്നാൽ രാവിലെ എട്ടുമണിമുതൽ ഉച്ചയ്ക്ക് രണ്ടുമണിവരെ ജോലിചെയ്യുന്ന സമ്പ്രദായം ഇപ്പോൾ കൂടുതലായി കണ്ടുവരുന്നുണ്ട്.

വർഷത്തിൽ 122 ടൺ രാസവളം വിവിധാവശ്യങ്ങൾക്കായ പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ട് ഇതിന് ആനുപാതികമായി ജൈവവളത്തിന്റെ ഉപയോഗം ഇവിടെയില്ല. വർദ്ധിച്ച തോതിലുള്ള രാസവളത്തിന്റെയും കീടനാശിനിയുടേയും ഉപയോഗം കാരണം കർഷകന്റെ മിത്രമായ മണ്ണിരയും മറ്റു മിത്രകീടങ്ങളും പാടെ നശിച്ചുപോകുന്നത് കണ്ടുവരുന്നുണ്ട്. ജൈവവളം ഉപയോഗിക്കാനുള്ള പ്രവണ കൃഷിക്കാർ കാണിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും ഇതിന്റെ ലഭ്യതക്കുറവും ഉയർന്ന വിലയും തടസ്സം നിൽക്കുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ വളപ്രയോഗം നടത്താനുള്ള സംവിധാനങ്ങളൊന്നും ഈ പഞ്ചായത്തിൽ നിലവിൽ വന്നിട്ടില്ല.

തെങ്ങിനെ ബാധിക്കുന്ന കൂമ്പുചീയൽ ചെന്നീരൊലിപ്പ്, കവുങ്ങിനെ ബാധിക്കുന്ന മഞ്ഞളിപ്പ്, മഹാളി, മണ്ടയടപ്പ്, വാഴയെ ബാധിക്കുന്ന കൊക്കൻ, കൂമ്പടപ്പ്, റബ്ബറിനെ ബാധിക്കുന്ന ചീക്ക്, പട്ടമരപ്പ്, കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടം, ഇഞ്ചിയെ ബാധിക്കുന്ന മൂടുചീയൽ എന്നിവയാണ് ഇവിടെ കണ്ടുവരുന്ന പ്രധാന കാർഷിക രോഗങ്ങൾ. കൂടാതെ ഇലചുരുട്ടിപ്പുഴു ഇലതീനിപ്പുഴു, കൊമ്പൻ ചെല്ലി, മാണപ്പുഴു, തണ്ടുതുരപ്പൻ തുടങ്ങിയ കീടങ്ങളും ഫൈറ്റോഫ്തോറ എന്ന ഫംഗസും കൃഷിയെ നശിപ്പിക്കുന്നു.

പഞ്ചായത്തിൽ മൊത്തം 213 ഹെക്ടർ പുറമ്പോക്കും 22 ഹെക്ടർ തരിശുഭൂമിയും ഉണ്ട്. പച്ചക്കറി ക്ഷാമം അനുഭവിക്കുന്ന ഈ പ്രദേശത്ത് കൂട്ടുകൃഷി സമ്പ്രദായത്തിലൂടെ കൃഷിഭവന്റെ മേൽനോട്ടത്തിൽ പച്ചക്കറികൃഷി നടത്താൻ ഏറെ സാദ്ധ്യതയുണ്ട്. ലഡാക്ക് ഭാഗത്തുള്ള 40 ഓളം ഹെക്ടർ തരിശുഭൂമി ജലലഭ്യ

തയും ഉപയോഗപ്പെടുത്തി കൂട്ടു കൃഷി ഫാം തുടങ്ങാവുന്നതാണ്. പച്ചക്കറികളുടെയും കിഴങ്ങുവർഗ്ഗങ്ങളുടെയും നല്ല വിത്തുകൾ കിട്ടാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഒരു നല്ല നഴ്സറി സ്ഥാപിക്കുന്നതോടെ ഇതിന് ഏറെക്കുറെ പരിഹാരം കാണാൻ സാധിക്കും.

കാർഷികാവശ്യത്തിന് യഥേഷ്ടം വായ്പകൾ നൽകുന്ന ബാങ്കുകൾ ഇവിടെ ചുരുക്കം എണ്ണം മാത്രമേയുള്ളൂ. കനറാ ബാങ്ക് ഫെഡറൽ ബാങ്ക് ഭൂപണയ ബാങ്ക് സർവ്വീസ് സഹകരണ ബാങ്ക് കെ. ഡി. സി. ബാങ്ക് തുടങ്ങിയവയാണ് ഇവിടെ പ്രവർത്തിക്കുന്ന ബാങ്കുകൾ കാർഷികാവശ്യത്തിന് ദീർഘകാല വായ്പകൾ കൊടുത്തുകൊണ്ടിരിക്കുന്ന കനറാ ബാങ്ക് ഇപ്പോൾ ഒരു വർഷമായി കാർഷികവായ്പ കൊടുക്കുന്നില്ല. ഫെഡറൽ ബാങ്കാണെങ്കിൽ കാർഷികവായ്പകൾ നാമമാത്രമായേ നൽകുന്നുള്ളൂ. ഇതുതന്നെ ലഭിക്കാൻ ഒട്ടേറെ സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ട്. കൃഷിയാവശ്യ ത്തിനുള്ള വായ്പകൾ വകമാറി ചെലവഴിക്കുന്നതിനാൽ ആവശ്യം നിറവേറ്റാനോ യഥാസമയം തിരിച്ചടക്കാനോ സാധിക്കാതെ നിയമനടപടികളും മറ്റും നേരിടേണ്ടിവരികയാണ് പതിവ്. ഈ അവസ്ഥ മാറണമെങ്കിൽ കാർഷികേതര വായ്പകൾ തന്നെ ബാങ്കുകൾ നൽകേണ്ടകുണ്ട്. കനറാ ബാങ്കും ഫെഡറൽ ബാങ്കും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫെഡറൽ ബാങ്കിന്റെ വായ്പാ പലിശനിരക്കുകൾ ഉദാരമല്ല. എന്നാൽ താരതമ്യേന പലിശനിരക്ക് കുറഞ്ഞതും നടപടിക്രമങ്ങൾ ലളിതവുമായ കനറാബാങ്ക് സർവീസ് ഏരിയാ പഞ്ചായത്തിലെ ചില വാർഡുകൾക്ക് മാത്രം ബാധകമാക്കിയത് ഒരു കർഷക ദ്രോഹനടപടിയാണെന്ന് തന്നെ പറയണം.

പഞ്ചായത്തിൽ കൃഷിഭവനുമായി ബന്ധപ്പെട്ട് ഒരു കൃഷിഉപദേശക സമിതി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ കേര കർഷക സമിതിയും അതിന് കീഴിലായി വാർഡുതല സമിതികളും നിലവിലുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം നിർജ്ജീവമാണ്. ഒരു കുരുമുളക് വികസന പദ്ധതി പഞ്ചായത്തിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം തൃപ്തികരമല്ല. കുണ്ടുതോട് ചാത്തങ്കോട്ട് നട എന്നിവിടങ്ങൾ കേന്ദ്രമാക്കി റബ്ബർ ഉൽപാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് റബ്ബർ ബോർഡിന്റെ മാതൃകയിൽ നാളികേര വികസന ബോർഡ് പുനസംഘടിപ്പിക്കുകയാണെങ്കിൽ നാളികേര കൃഷിക്കാർക്ക് കൂടുതൽ ഫലപ്രദമായ രീതിയിൽ സഹായങ്ങൾ ലഭ്യമാക്കാൻ കഴിയും.

പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. നടപ്പു പദ്ധതി കാലത്ത് കൃഷിവകുപ്പിന്റെ നിർദ്ദേശമനുസരിച്ചുള്ള എല്ലാ പദ്ധതികളും ടാർജറ്റ് പ്രകാരം നടപ്പിലാക്കാനുംമുഴുവൻ സംഖ്യയും ഉപയോഗിക്കാനും കൃഷിഭവന് സാധിച്ചിട്ടുണ്ട്. ചാത്തങ്കോട് നട മൊയിലോത്തറ എന്നിവിടങ്ങളിൽ സാമൂഹ്യ ജലസേചന പദ്ധതികൾ ഇപ്പോൾ നടപ്പിലുണ്ട്. ഇവയുടെ

പട്ടിക - 4

**നടീൽ വസ്തുവിതരണ വിവരം**

| | എണ്ണം | | |
|---|---|---|---|
| ഇനം | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 600 നാടൻ<br>TxD 65, DxT 30 | 150 നാടൻ<br>TxD 90, Dx7 40 | 3260 നാടൻ<br>TxD 80 DxT 45 |
| കശുമാവ് | ഇല്ല | 1600 | 480 |
| കരുമുളക് | 4700 | 6500 | 500 |
| കവുങ്ങ് | മംഗള 400 | മംഗള 350 | മംഗള 75 |
| ജാതി | 60 | 25 | ഇല്ല |
| പ്ലാവ് | 32 | 20 | ഇല്ല |
| പേര | 5 | 25 | ഇല്ല |
| കൊക്കോ | ഇല്ല | ഇല്ല | 400 |
| സപ്പോർട്ട | 5 | 10 | ഇല്ല |
| പ്ലാവ് | 5 | 15 | ഇല്ല |
| ചാമ്പ | 5 | ഇല്ല | ഇല്ല |

ലക്ഷ്യം യഥാക്രമം 27.75 ഏക്കറയിലും 25 ഏക്കറയിലും ജലസേചനം നടത്തുക എന്നതാണ്. ഈ പ്രവർത്തികളുടെ പുരോഗതി തൃപ്തികരമല്ല. ചാത്തങ്കോട് നട പദ്ധതി ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. മൊയിലോത്തറ പദ്ധതിയുടെ ടാങ്കിന്റെ പ്രവർത്തനം മാത്രമേ പൂർത്തിയായിട്ടുള്ളൂ. ഇത്തരം പദ്ധതികളുടെ നടത്തിപ്പ് വിജയത്തിന് കൃഷിവകുപ്പിന്റെ സമീപനത്തിൽ മാറ്റം വരുത്തേണ്ടതാണ്. ഉപഭോക്താക്കളുടെ ആത്മാർത്ഥമായ സഹകരണം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണം ആവശ്യമാണ്. കൃഷിഭവനിലൂടെ വർഷംതോറും തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, ജാതി, മാവ്, പ്ലാവ്, സപ്പോർട്ട, പേര, നാരകം, ചാമ്പ തുടങ്ങിയ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട്.

**കാർഷിക രംഗത്തെ പ്രശ്നങ്ങൾ**

1 മണ്ണിന്റെ ഫലഭൂയിഷ്ഠി കുറഞ്ഞുവരുന്നു

2 മണ്ണൊലിപ്പ് ഗണ്യമായ തോതിലുണ്ട്.

3. മിക്കപ്രദേശങ്ങളിലും ജലസേചനത്തിനുള്ള വെള്ളം ലഭിക്കുന്നില്ല.

4. കാട്ടുമൃഗങ്ങളുടെ ശല്യം മലയോരങ്ങളിൽ വ്യാപകമാണ്.

5. കാർഷിക രോഗവും കീടബാധയും

6. ഉദ്പാദന ക്ഷമത കുറഞ്ഞുവരുന്നു.

7. രാസവളങ്ങളുടെ വിലക്കയറ്റം

8. ജൈവവളത്തിന്റെ ലഭ്യത കുറവ്

9. ഉൽപന്നങ്ങളുടെ വിലക്കുറവും വിലസ്ഥിരതയില്ലായ്മയും

10 അത്യുത്പാദനശേഷിയുള്ള വിത്തുകൾലഭിക്കുന്നില്ല.

11 നെൽവയലുകൾ നികത്തപ്പെടുന്നു.

12 കർഷകതൊഴിലാളികളെ യഥാസമയത്ത് കിട്ടാനില്ല

13 കൃഷിഭവനുകളിൽനിന്നും ആവശ്യമായ സഹായങ്ങൾ യഥാസമയങ്ങളിൽ ലഭിക്കുന്നില്ല.

14. കൃഷിഭവന്റെ പദ്ധതിയെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും കൃഷിക്കാർ ബോധവാന്മാരല്ല

15 വായ്പാ സൗകര്യങ്ങൾ വേണ്ടത്ര ഇല്ല.

16. ഗുണമേന്മയോടെ കാർഷിക ഉൽപന്നങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളില്ല.

17. കന്നുകാലികൾ കാർഷിക വിളകൾ നശിപ്പിക്കുന്നു.

18. പുതിയ തലമുറ കാർഷികവൃത്തിയിൽ നിന്ന് അകലുന്നു.

19. നവീന കൃഷിരീതികളെപ്പറ്റിയുള്ള അജ്ഞത.

20 മണ്ണുപരിശോധന നടത്താനുള്ള സൗകര്യങ്ങളില്ല.

**പരിഹാര നിർദ്ദേശങ്ങൾ**

1. മണ്ണ്പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുക

2. കോണ്ടൂർ ബണ്ടുകൾ സ്ഥാപിക്കുക, പശ്ചിമഘട്ട വികസനപദ്ധതിയിൽപെടുത്തി മണ്ണ് സംരക്ഷണം നടത്തുക.

3. ഡ്രിപ്പ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തുക.

4. കാട്ടുമൃഗങ്ങളുടെ ശല്യം തടയാൻ സൗരോർജ്ജ കമ്പിവേലിപോലുള്ള യുക്തമായ നടപടി സ്വീകരിക്കുക.

5. പറമ്പുകളിൽ കുഴികൾ കുഴിച്ച് മഴക്കാലത്ത് വെള്ളം ശേഖരിക്കുക.

6. തടയിണകൾ കെട്ടുക.

7. കാർഷികരോഗങ്ങളും കീടബാധയും തടയുന്നതിന് കൃഷിഭവന്റെ സേവനം മെച്ചപ്പെടുത്തുക.

8. അത്യുത്പാദനശേഷിലുള്ള വിത്തുകൾപഞ്ചായത്തുകളുടെയും കൃഷിഭവന്റേയും നേതൃത്വത്തിൽ വിതരണം ചെയ്യുക. ഇതിനായി നഴ്സറികൾ സ്ഥാപിക്കുക.

9. ശാസ്ത്രീയമായ കൃഷികൾ നടപ്പിലാക്കി ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക.

10. ജൈവവളങ്ങളുടെ ഉൽപാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുക.

11. കമ്പോസ്റ്റ് സമ്പ്രദായം വ്യാപകമാക്കാനുള്ള ബോധവൽക്കരണം നടത്തുക.

12. കൃഷിയോട് ആഭിമുഖ്യം വളർത്തുന്ന ഒരു പുതിയ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുക.

13. കാർഷികോത്പന്നങ്ങളുടെ വിപണനത്തിനായി മാർക്കറ്റിംഗ് സൊസൈറ്റികളും ആഴ്ചച്ചന്തകളും സംഘടിപ്പിക്കുക.

14. കൃഷിഭവന്റെ പ്രവർത്തനം ജനകീയമാക്കുക.

15. നൂതന കൃഷിസമ്പ്രദായത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് വാർഡുകൾതോറും കാർഷിക സംഗമങ്ങൾ സംഘടിപ്പിക്കുക.

16. കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിച്ച് കൃഷിഭൂമിയുടെ തുണ്ടവൽക്കരണം ഇല്ലാതാക്കുക.

17. കാർഷികവായ്പകൾ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

18. കർഷകരുടെ തന്നെ നിക്ഷേപങ്ങൾസ്വീകരിച്ച് കാർഷികാവശ്യത്തിന് വായ്പകൾ നൽകുന്ന ഒരു സെൽഫ് ബാങ്കിംഗ് സമ്പ്രദായം നടപ്പിലാക്കുക.

19. കാർഷിക വിളകൾനശിപ്പിക്കുന്ന അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികളെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

20 വിത്തുതേങ്ങ ഇവിടെത്തന്നെ മുളപ്പിച്ച് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

21 തെങ്ങിൻതോപ്പുകളിൽ ഇടവിട്ട കൃഷി പ്രോത്സാഹിപ്പിക്കുക.

22. പച്ചക്കൃഷിക്കാവശ്യമായ വിത്തും വളവും ലഭ്യമാക്കുക.

23. പുഴയോരത്തെ സസ്യനശീകരണം തടയുന്നതിന് നടപടികൾ എടുക്കുക.

24. മലയോരങ്ങളിൽ സാമൂഹ്യ ജലസേചന പദ്ധയിൽ പെടുത്തി കുളവും പമ്പുസെറ്റുകളും സ്ഥാപിക്കുക.

25 കൃഷിക്കാർക്ക് പലിശരഹിത വായ്പകൾ നൽകുകയും, ജപ്തിനടപടികൾ ഉപേക്ഷിച്ച് വായ്പാ കുടിശിക തവണകളാക്കിക്കൊടുക്കുകയും ചെയ്യുക.

26. ഔഷധ തോട്ടങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

27 തീറ്റപുൽകൃഷി വ്യാപകമാക്കാൻ പുൽവിത്തുകൾ ലഭ്യമാക്കുക

28. പ്രകൃതി ക്ഷോഭ നഷ്ടങ്ങൾക്ക് വാർഡ് മെമ്പർമാരുടെ സർട്ടിഫിക്കറ്റോടെ സഹായം നൽകുക.

29. നാളികേര സംസ്കരണ കേന്ദ്രങ്ങളും നാളികേരം അസംസ്കൃത വസ്തുവായുള്ളവ്യവസായങ്ങളും സ്ഥാപിക്കുക.

30 ഇളനീർ ഉപയോഗം വ്യാപിപ്പിക്കുക.

31 വിള ഇൻഷൂറൻസ് പദ്ധതി വ്യാപകമായി നടപ്പിലാക്കുക.

32 പുറമ്പോക്ക് കാർഷികാവശ്യത്തിനായി ഉപയോഗിക്കുക.

33. അഞ്ച് ഏക്കറില് കൂടുതൽ കൈവശഭൂമിയുള്ളവർ കാവുകൾ ഉണ്ടാക്കി സംരക്ഷിക്കുക.

34. എല്ലാ പുരയിടങ്ങളിലും പച്ചക്കറി കൃഷിആരംഭിക്കുക

35. പാടങ്ങൾ നികത്തുന്നത് നിയമപരമായി തടയുക.

36 മേൽപറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തിനെ നീർമാറി പദ്ധയിൽ ഉൾപ്പെടുത്തുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

താരതമ്യേന മലമ്പ്രദേശമായ കാവിലുംപാറ പഞ്ചായത്തിൽ ധനിക ദരിദ്ര ഭേദമന്യെ ഏതൊരു വ്യക്തിക്കും ആശ്രയിക്കാവുന്ന തൊഴിൽ മേഖലയാണ് മൃഗസംരക്ഷണം. പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം ഇതൊരുപജീവനമാർഗ്ഗമാണെന്നതും ശ്രദ്ധേയമാണ്. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സമഗ്രമായ ഒരു സാമ്പത്തിക വളർച്ചക്ക് ഈ മേഖല വഴിതുറക്കും. ഇറച്ചി മുട്ട പാൽ ഇവയുടെ സുലഭമായ തദ്ദേശ വാസികളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുക മാത്രമല്ല, സാമ്പത്തിക നിലയും വർദ്ധമാനമാക്കും. കാർഷിക രംഗത്ത് അനിവാര്യവും ഇന്ന് ആവശ്യത്തിന് ലഭ്യമല്ലാത്തതുമായ ജൈവവളവും മൃഗസംരക്ഷണ മേഖല മെച്ചപ്പെടുത്തുന്നതിലൂടെ ലഭ്യമാകും. പരിസ്ഥിതി പ്രശ്നമോ മറ്റു മലിനീകരണമോ ഇല്ലാതെ നാടിന്റെ വികസനത്തിനും കുടുംബഭദ്രതയ്ക്കും വഴിയൊരുക്കുന്ന ഒരു വലിയ പ്രസ്ഥാനമാക്കി മൃഗസംരക്ഷണ മേഖലയെ വളർത്തിയെടുക്കുവാൻ 9-ാം പഞ്ചവൽസര പദ്ധതിക്ക് കഴിയണം.

1960ന് മുമ്പുള്ള കാലഘട്ടങ്ങളിൽ കാവിലുംപാറ പഞ്ചായത്തുകളിൽ നാടൻ കന്നുകാലികളായിരുന്നു അധികവും. ഇവയെ അഴിച്ചുവിട്ടു മേയ്ക്കുന്ന രീതിയായിരുന്നു അവലംബിച്ചിരുന്നത്. ഇങ്ങനെ മേഞ്ഞു നടന്നിരുന്ന പശുക്കൾ നരിയുടേയും മറ്റും ഉപദ്രവങ്ങളിൽ നിന്നും രക്ഷ നേടാൻ രാത്രിയിൽ കൂട്ടമായിട്ടായിരുന്നു വിശ്രമിച്ചിരുന്നത്. ഇങ്ങനെ പൈക്കൾ കൂട്ടമായി വിശ്രമിച്ചിരുന്ന ഒരു സ്ഥലമാണ് പൈക്കളങ്ങാടി. കൂട്ടത്തോടെ മേഞ്ഞുനടന്നിരുന്ന പശുക്കളെ പ്രസവശേഷം കറവവറ്റുന്നതുവരെയുള്ള കാലഘട്ടം മാത്രമേ വീടുകളിൽ സൂക്ഷിക്കുന്ന രീതിയുണ്ടായിരുന്നുള്ളു. ജനസംഖ്യകൂടുകയും ഭൂപരിഷ്കരണ നിയമം കൂടുകയും ചെയ്തതോടെ വ്യക്തികളുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം കുറയുകയും ക്രമേണ കന്നുകാലികളെ അഴിച്ചുവിട്ട് തീറ്റുന്ന രീതി അവസാനിക്കുകയും ചെയ്തു.

1950കളിൽ കുടിയേറ്റക്കാരുടെ ആവിർഭാവത്തോടെ ഇവിടെ എരുമവളർത്തലിന് മുൻഗണനയുണ്ടായി. 1960ൽ കാരിത്താസിന്റെ സഹായത്തോടെ തൊട്ടിൽപാലം കേന്ദ്രമാക്കി പാൽ സൊസൈറ്റി തുടങ്ങുകയും കൂടുതൽ ജനങ്ങൾ ഈ മേഖലയിലേക്ക് കടന്നുവരികയും ഉണ്ടായി. വളരെ നന്നായി പ്രവർത്തിച്ചുപോന്നിരുന്ന ഈ സൊസൈറ്റിക്ക് സ്വന്തമായി ജീപ്പ് ഉണ്ടായിരുന്നതിനാൽ മലയോരപ്രദേശങ്ങളിൽപോയി പാൽ സംഭരിച്ച് വടകര ഭാഗങ്ങളിൽ വിൽപന നടത്തുവാനും സാധിച്ചിരുന്നു. പിൽകാലത്ത് സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ചില താളപ്പിഴകൾ സംഭവിക്കുകയും പാൽവിതരണ രംഗത്ത് ബുദ്ധിമുട്ട് നേരിടുകയും ചെയ്തതോടെ കർഷകർ ഈ മേഖലയിൽ നിന്ന് അകലാൻ തുടങ്ങി. എന്നാൽ ഇന്ന് കർഷകരിൽ നിന്ന് നേരിട്ട് പാൽ ശേഖരിച്ച് സമീപപ്രദേശങ്ങളിൽ പാൽ വിതരണം നടത്തിക്കഴിയുന്ന 120-ഓളം ആൾക്കാർ ഈ പഞ്ചായത്തിൽ ഉണ്ട്. എങ്കിലും ഇവരിൽ നിന്ന് കർഷകർക്ക് ന്യായമായ വില യഥാസമയം കിട്ടാറില്ല. എല്ലായിടത്തും കൃഷിയായതോടെ പുല്ലിന്റെ ദൗർലഭ്യം വർദ്ധിച്ചു. കന്നുകാലി തീറ്റയുടെ വിലവർദ്ധനവും അകൽച്ചക്കുള്ള മറ്റൊരു കാരണമായി. ആദ്യകാലങ്ങളിൽ ഇവിടത്തെ ജനങ്ങൾ പേരാമ്പ്ര, കുന്നുമ്മൽ, വടകര,

..ഗാശുപത്രികളെയും നാടൻ ..ികിത്സാരീതികളും ആണ് ആശ്ര ..ിച്ചിരുന്നത്. പിന്നീട് ..തൊട്ടിൽപാലം കേന്ദ്രമായി ഒരു ..ബ് സെന്റർ തുടങ്ങുകയും ..984ൽ ഡോക്ടറുടെ സേവനമുള്ള ..രു ഡിസ്പൻസറി പഞ്ചായത്തിൽ ..രികയും ചെയ്തു.

**..ന്നിന്റെ പ്രതിസന്ധികൾ**

1. യുവതലമുറയ്ക്ക് അദ്ധ്വാനവും മുഷിച്ചിലുമുള്ള കൃഷി – മൃഗ സംരക്ഷണ മേഖലകളോടുള്ള വൈമുഖ്യം മൃഗസംരക്ഷണരം ഗത്തെ വളർച്ചയ്ക്ക് വിഘാത മായി നിൽക്കുന്നു.
2. പാൽ ന്യായമായ വിലയ്ക്ക് വിതരണം നടത്താൻ സാധിക്കു ന്നില്ല.
3. കന്നുകാലിതീറ്റയുടെ ഗുണനി ലവാരക്കുറവും വിലവർദ്ധ നവും
4. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം.
5. നല്ലയിനം കന്നുകാലികളെ ആധുനികരീതിയിൽ വളർത്തു വാനുള്ള അറിവില്ലായ്മയും പഴ യശീലങ്ങളിൽ നിന്നും വിട്ടുമാ റാനുള്ള വിമുഖതയും.
6. മുൻകാലങ്ങളെ അപേക്ഷിച്ചു കർഷകർക്ക് ഈ മേഖലയിൽ ബാങ്കിൽനിന്നും സാമ്പത്തിക സഹായം വളരെക്കുറച്ചുമാ ത്രമേ ലഭിക്കുന്നുള്ളൂ
7. മലയോരപ്രദേശത്തുള്ള ചികിത്സാ സൗകര്യക്കുറവും ചികിത്സാ ചിലവ് കൂടുകയും ഡോക്ടറുടെ സേവനം വീടുക ളിൽ ലഭ്യമാക്കാൻ ഉയർന്ന യാത്രാ ചിലവ് വേണ്ടിവരുന്നു.
8. ഇപ്പോൾ ആശുപത്രിയിൽ ആവശ്യത്തിന് മരുന്നില്ല.
9. ക്രിത്രിമ ബീജസങ്കലനത്തി നുള്ള സൗകര്യക്കുറവ്

1987ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ ആകെ 1381 പശുക്കളും 636 കിടാരികളും 179 എരുമകളും ഉണ്ട്. 1147 ആടും 16020 കോഴികളും 79 താറാവും ഇവിടെ യുള്ളതായി ആണ് കണക്ക്. കഴിഞ്ഞ വർഷം പശുക്കളിൽ 800 ഉം എരുമകളിൽ 15ഉം കൃത്രിമ ബീജദാനം നടത്തുകയുണ്ടായി. കന്നുകാലിരോഗങ്ങളിൽ കൂടു തലും ദഹനസംബന്ധമായവ യാണ്. മറ്റു പരാദരോഗങ്ങളും ത്വക്ക് രോഗങ്ങളും, ശ്വാസകോശ സംബന്ധമായവയും മുന്നിട്ടു നിൽക്കുന്നു. കഴിഞ്ഞ വർഷം അകിടുവീക്കം ആകെ 68ഉം ധാതു ലവണങ്ങളുടെ അഭാവം 91 ഉം മുട ന്തൻ പനി 99ഉം വന്ധ്യത വളരെ കുറവ് 9എണ്ണം മാത്രമാണുണ്ടായി രുന്നത്. പ്രത്യുത്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ട രോഗങ്ങൾ 314 ആണെങ്കിലും ഇതിൽ ഭൂരി ഭാഗം പശുക്കൾ ശരിയായ മദില ക്ഷണം കാണിക്കുന്നില്ല എന്ന താണ്. ധാതുലവണങ്ങളുടെ അഭാ വവും പോഷകാഹാരക്കുറവും കന്നുകുട്ടികളുടെ ചെറുപ്പത്തിലേ ഉള്ള സംരക്ഷണക്കുറവും. മൃഗപ രിപാലനവരംഗത്തെ അറിവില്ലാ യ്മയും ആണ് ഇതിനു കാരണം.

കഴിഞ്ഞ പഞ്ചവൽസര പദ്ധതി കാലത്ത് മൃഗസംരക്ഷണവകുപ്പിൽ നിന്ന് കിടാരികളെ വാങ്ങാൻ സബ്സിഡി, തൊഴുത്ത് നിർമ്മി ക്കാൻ സാമ്പത്തിക സഹായം, ആടിനേവാങ്ങാൻ സാമ്പത്തിക സഹായം, പകുതിവിലയ്ക്ക് അറു പതു ദിവസം പ്രായമായ കോഴി ക്കുഞ്ഞുങ്ങളെ വിതരണം ചെയ്യൽ സ്കൂളുകളിൽ പോൾട്രി ക്ലബ്ബ്, മുട്ട ക്കോഴിക്കുഞ്ഞുങ്ങളെ വളർത്തൽ എന്നീ സ്കീമുകൾ നടപ്പിലാക്കി യിരുന്നു. രോഗപ്രതിരോധ കുത്തി വെപ്പിനുള്ള വാക്സിനുകൾ ആവ ശ്യാനുസരണം ലഭ്യമാക്കുകയും ഗോരക്ഷാക്യാമ്പുകൾ സംഘടി പ്പിച്ച് കുത്തിവെച്ച് നടത്തുകയും ചെയ്തുവരുന്നു.

**മൃഗസംരക്ഷണ മേഖലയെ എങ്ങിനെ രക്ഷപ്പെടുത്താം :-**

1. നിലവിലുള്ള സൊസൈറ്റിയെ പുനർ ജീവിപ്പിക്കുക സാദ്ധ്യമ ല്ലാത്തതിനാൽ പുതിയതായി ഒരു സൊസൈറ്റിക്ക് രൂപം കൊടുത്ത് പാൽ വിതരണ സൗകര്യം മെച്ചപ്പെടുത്തുകയും പാലിനെ ന്യായമായ വില ഉറ പ്പുവരുത്തുകയും ചെയ്യുക.
2. നിലവിലുള്ള മൃഗാശുപത്രിക ളുടെ പ്രവർത്തനം മെച്ചപ്പെടു ത്തുക. ഇതിലേക്കായി മൃഗാശു പത്രിയുടെ സ്വന്തമായ 30 സെന്റ് സ്ഥലത്ത് എല്ലാ വിധ സൗകര്യവും ഉള്ള കെട്ടിടം പണിയുക. ഇവിടെ വൈദ്യുതി, റഫ്രിജറേറ്റർ, എല്ലാവിധ ഉപക രണങ്ങൾ , ആവശ്യത്തിന് മരുന്ന്, വാക്സിനുകൾ, ഫർണിച്ചറുകൾ എന്നിവ ലഭ്യ മാക്കുക. കർഷകർക്ക് അടിയ ന്തിര ഘട്ടത്തിൽ ആശുപത്രിയു മായി ബന്ധപ്പെടാൻ ഫോൺ സൗകര്യം ഏർപ്പെടുത്തുക. കർഷകർക്ക് വിവിധ മേഖലക

ളിൽ പരിശീലനം നൽകുന്നതിനായി മൃഗാശുപത്രി കെട്ടിടത്തിൽ ഒരു കോൺഫറൻസ് ഹാളും ഉണ്ടാവണം. ബോധവൽക്കരണത്തിന് ആവശ്യമായ പുസ്തകങ്ങൾ, മാസികകൾ, വീഡിയോ കേസറ്റ്, പോസ്റ്ററുകൾ, സിനിമാസ്ലൈഡുകൾ എന്നിവ ലഭ്യമാക്കുക.

3. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക. പഞ്ചായത്ത് വക തരിശുഭൂമിയിലും പുറമ്പോക്ക് ഭൂമിയിലും വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി നടത്തുകയും അത് അങ്ങാടിയിൽ വിൽക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തുക. നല്ലയിനം പുൽവിത്തുകൾ മെയ് – ജൂൺ മാസങ്ങളിൽ കൃഷി സംരക്ഷണ ഓഫീസുകൾ മുഖേനെ കർഷകർക്ക് ലഭ്യമാക്കുക.

4,. പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂനിറ്റ് തുടങ്ങുക. ഇതിലേക്ക് ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന തേങ്ങാപ്പിണ്ണാക്ക് കപ്പപ്പൊടി, തവിട്, ചക്കക്കുരു, കാപ്പിത്തോട്, മറ്റുപാഴ്‌വസ്തുക്കളും ഉപയോഗിക്കാം.

5. നല്ലയിനം പശുക്കളുടെ എണ്ണം കൂട്ടുവാൻ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ തുടങ്ങുക കരിങ്ങാട്, പൂതമ്പാറ, കുണ്ടുതോട്, ചാപ്പൻതോട്ടം എന്നീ സ്ഥലങ്ങൾ ഇതിലേക്ക് നിർദ്ദേശിക്കപ്പെടുന്നു.

6. വാർഡുതലത്തിൽ മൃഗസംരക്ഷണ മേഖല മെച്ചപ്പെടുത്തുന്നതിന് വാർഡ് സമിതികൾ രൂപീകരിക്കുക.

7. പഞ്ചായത്തിന്റെ സ്വന്തമായ സ്ഥലത്ത് സഹകരണാടിസ്ഥാനത്തിലോ, മൃഗാശുപത്രിയുടെ മേൽനോട്ടത്തിലോ മാതൃകാഡയറി, ആട്, കോഴി,മുയൽ പന്നി വളർത്തൽ യൂനിറ്റുകൾ സ്ഥാപിക്കുക.

8. സോഷ്യൽ ഫോറസ്റ്ററിയുടെ ഭാഗമായി ഇന്ന് അക്കേഷ്യ, യൂക്കാലിപ്റ്റസ്, തുടങ്ങിയ വലിയ ഉപകാരമില്ലാത്തതും എന്നാൽ പരിസ്ഥിതിക്കു ദോഷം ചെയ്യുന്നതുമായ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് പകരം, പ്ലാവ് സുബാബുൾ എന്നിവ വെച്ചുപിടിപ്പിക്കുക. ഇവ ആടിനും പശുവിനും ഉത്തമമായ തീറ്റയാകും. പഞ്ചായത്തിന് അടുത്തനൂറ്റാണ്ടിൽ തടിവിറ്റ് നല്ലൊരു തുകയും ലഭ്യമാകും.

9. മൃഗസംരക്ഷണ മേഖലയിൽ താൽപര്യമുള്ളവർക്ക് പ്രത്യേക പരിശീലനം നൽകുവാനും കേരളത്തിലെ പ്രധാന ഫാമുകൾ സന്ദർശിക്കുവാനും ഉള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക. ഇതിന് പാവപ്പെട്ടവർക്ക് പഞ്ചായത്തിൽ നിന്നും യാത്രാ ചെലവ് നൽകുക.

10. ആടുവളർത്തലിന് താൽപര്യമുള്ള ധാരാളം പേരുണ്ട്. സ്ത്രീകൾക്ക് ഇതൊരു ഉപതൊഴിലാക്കി തെരഞ്ഞെടുക്കുവാനും കുടുംബത്തെ വരുമാനം വർദ്ധിപ്പിക്കാനും ഉതകും. താൽപര്യമുള്ളവർക്ക് ആടിനെ സൗജന്യനിരക്കിൽ ലഭ്യമാക്കുക. ആട്ടിൻകൂട് നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകുക. ഓരോ വീട്ടിലും രണ്ട് ആട് എങ്കിലും വളർത്തുവാൻ പ്രോത്സാഹിപ്പിക്കുക.

11. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ ആരംഗത്തേക്ക് കടന്നു വരുന്നവർക്ക് സാമ്പത്തിക സഹായം നൽകുക. കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.

12. ഇന്ന് ഈ പ്രദേശത്ത് ആവശ്യമായ മുട്ട ഇറച്ചി എന്നിവ മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. മുട്ട, കോഴിയിറച്ചി, എന്നിവയിൽ സ്വയം പര്യാപ്തത നേടുന്നതിനായി എല്ലാ വീടുകളിലെങ്കിലും പത്തുകോഴികളെയെങ്കിലും വളർത്താൻ സഹായിക്കുക. സൗജന്യ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

13. ഇന്ന് കോഴിക്കുഞ്ഞുങ്ങളെ കിട്ടുവാൻ വിഷമമുള്ളതിനാൽ പഞ്ചായത്തിൽ കോഴിമുട്ട വിരിയിക്കുവാനുള്ള ഒരു കേന്ദ്രമെങ്കിലും തുങ്ങുക.

14. പന്നിവളർത്തൽ നല്ല ആദായമുള്ള തൊഴിലാണ്. പ്രത്യേകിച്ചും ഹോട്ടലിലെ അവശിഷ്ടങ്ങൾ ലഭ്യമായ സ്ഥലത്ത്. ബാങ്കിൽ നിന്ന് ലോൺ അനുവദിക്കുകയും പന്നിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.

15. മുയൽ, തേനീച്ചവളർത്തൽ

എന്നിവയിൽ താല്പര്യമുള്ള വർക്ക് പരിശീലനവും സാമ്പത്തിക സാങ്കേതിക സഹായവും നൽകുക.

16. കാടക്കോഴിമുട്ടയും ഇറച്ചിയും പോഷകസമൃദ്ധവും ഔഷധഗുണമുള്ളതുമാണ്. ഈ മേഖലയിലേക്ക് ഈ പ്രദേശത്ത് ആരും തന്നെ കടന്നുവന്നിട്ടുമില്ല. വേണ്ട പ്രോത്സാഹനവും കാടക്കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തുക.

17. മൃഗസംരക്ഷണ രംഗത്തെ നാടൻ പാരമ്പര്യ ചികിത്സാരീതികൾ മുതിർന്ന തലമുറയിൽ നിന്നും പുതിയ തലമുറയിലേക്ക് കൈമാറാൻ സെമിനാറുകളും ചർച്ചാക്ലാസുകളും സംഘടിപ്പിക്കുക.

18. വിവിധ പകർച്ചവ്യാധികളെ തടയുന്നതിന് യഥാസമയം പ്രതിരോധ കുത്തിവെപ്പുകൾ നടത്തുക. ഇതിനാവശ്യമായ വാക്സിൻ പഞ്ചായത്തിൽ നിന്നും സൗജന്യമായി നൽകുക. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമ്പ് സംഘടിപ്പിച്ച് പ്രതിരോധ കുത്തിവെപ്പുകൾ നടത്തുവാൻ സാമ്പത്തിക സഹായം അനുവദിക്കുക.

19. പേവിഷ ബാധയെ പരിപൂർണ്ണമായും തടയേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ വളർത്തുപട്ടികളേയും പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കുക. ഇതിനാവശ്യമായ വാക്സിൻ സൗജന്യമായോ മിതമായ വിലക്കോ ലഭ്യമാക്കുക. വീടുകളിൽ പട്ടി വളർത്തുവർക്ക് ലൈസൻസും ബെൽറ്റും നിർബന്ധമാക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളേയും കുറുക്കന്മാരേയും നശിപ്പിക്കുക. ഇതിനായി ഒരു പ്രത്യേകകമ്മിറ്റി സെൽ തന്നെ രൂപീകരിക്കുക.

20 ജനങ്ങൾക്ക് ശുദ്ധമായ മാംസം ലഭ്യമാക്കാൻ പഞ്ചായത്തിൽ ആധുനിക സൗകര്യമുള്ള ഒരറവുശാലയെങ്കിലും സ്ഥാപിക്കുക. പഞ്ചായത്ത് സ്വന്തമായി അറവുശാല സ്ഥാപിക്കുകയോ അല്ലെങ്കിൽ ഇതിൽ താല്പര്യമുള്ളവർക്ക് ധനസഹായവും ബാങ്ക്ലോണും അനുവദിക്കുകയോ ചെയ്യുക

21. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ലൈസൻസില്ലാതെ ഉരുക്കളെ അറവുചെയ്യുന്നത് നിരോധിക്കുക. ലൈസൻസ് നിർബന്ധമാക്കുക.

22. ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്നതിനും ചികിത്സ ചിലവ് കുറക്കുന്നതിനുമായി കാവിലുംപാറ വെറ്റിനറി ഡിസ്പൻസറിക്ക് ഒരു ജീപ്പ് അനുവദിക്കുകയും കർഷകരിൽ നിന്ന് മിതമായ തുക ഈടാക്കുകയും ചെയ്യുക.

23. ഇന്ന് ക്രിത്രിമ ബീജദാനം മുഖേനെ ധാരാളം നല്ലയിനം കന്നുകുട്ടികൾ ഉണ്ടായിട്ടുണ്ടെങ്കിലും ശരിയായ പരിചരണം ലഭിക്കാത്തതിനാൽ അവയിൽ ഭൂരിഭാഗവും വളർച്ച മുരടിച്ച് നിൽക്കുന്നു. കന്നുകുട്ടി പരിപാലനം പ്രോത്സാഹിപ്പിക്കുവാൻ കന്നുകുട്ടികൾക്കുള്ള പ്രത്യേക കാലിതീറ്റ മിതമായ വിലയ്ക്ക് കർഷകർക്ക് കൊടുക്കുക. ഇതിലേക്കായി കന്നുകുട്ടികളെ പ്രത്യേകം രജിസ്റ്റർ ചെയ്യുകയും ഇടക്കിടക്ക് വൈദ്യപരിശോധനക്ക് വിധേയമാക്കുകയും ചെയ്യുക.

24. സഹകരണാടിസ്ഥാനത്തിൽ – പ്രത്യേകിച്ചും സ്ത്രീകളെ ഉൾപ്പെടുത്തി കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക അതിനായി ബാങ്ക്ലോൺ അനുവദിക്കുകയും പഞ്ചായത്തിൽ നിന്ന് സബ്സിഡി നൽകുകയും ചെയ്യുക.

25. പശുക്കളെ വളർത്തിമാത്രം ഉപജീവനം നയിക്കുന്ന പല കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. അവർക്കാവശ്യമായ പ്രോത്സാഹനം നൽകുകയും സൗജന്യനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുകയും ചെയ്യുക.

26. കർഷകർക്ക് അവരുടെ കന്നുകാലികളെ ഇൻഷൂർ ചെയ്യുവാൻ സാമ്പത്തിക സഹായം അനുവദിക്കുക.

27. ഗോബർഗ്യാസ് പ്ലാന്റ് തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുക.

28. കുട്ടികളെ മൃഗസംരക്ഷണ മേഖലയിലേക്ക് ആകർഷിക്കുവാൻ സ്കൂളുകളിൽ ക്ലാസും, കോഴിക്കുഞ്ഞുങ്ങൾ, ആട്ടിൻ കുഞ്ഞുങ്ങൾ എന്നിവയെ നൽകുകയും ചെയ്യുക. ഏറ്റവും നന്നായി ഇവയെ പരിചരിക്കുന്നവർക്ക് സമ്മാനം ഏർപ്പെടു

> "അതൊരു സമ്പൂർണ്ണ റിപ്പബ്ലിക്ക് ആയിരിക്കും. അടിസ്ഥാന ആവശ്യങ്ങളുടെ കാര്യത്തിൽ അയൽ ഗ്രാമങ്ങളിൽ നിന്ന് സ്വതന്ത്രമായിരിക്കും. അതേ സമയം പൊതുവായ കാര്യങ്ങളിൽ മറ്റു ഗ്രാമങ്ങളെ ആശ്രയിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കും. ഓരോ ഗ്രാമത്തിനും ആവശ്യമുള്ള ഭക്ഷ്യ വിളകളിലും തുണിക്കു വേണ്ട പരുത്തിയിലുമായിരിക്കും കൂടുതൽ ശ്രദ്ധ"
>
> – ഗാന്ധിജി

ത്തുക.

29. പശുക്കളെ കറക്കുവാൻ അറിവില്ലാത്തതുകൊണ്ടും കറവക്കാരെ കിട്ടാത്തതുകൊണ്ടും സൗകര്യമുണ്ടായിട്ടും പശുക്കളെ വളർത്തുവാൻ സാധിക്കാത്തവരുണ്ട്. യുവാക്കൾക്ക് ഈ മേഖലയിൽ പരിശീലനം കൊടുക്കുകയും വാർഡ് തലത്തിൽ കറവ യൂനിറ്റ് സ്ഥാപിക്കുകയും ചെയ്താൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും.

30. പാൽ ഉൽപന്നങ്ങൾ ഉണ്ടാക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ഒരു യൂനിറ്റെങ്കിലും പഞ്ചായത്ത് തലത്തിൽ തുടങ്ങുക.

**മത്സ്യബന്ധനം**

മത്സ്യബന്ധനത്തെ ആശ്രയിച്ച് ഉപജീവനം നയിക്കുന്നവർ കാവിലുംപാറ പഞ്ചായത്തിലില്ല. ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ കുളം കുഴിച്ച് മത്സ്യം വളർത്തുവാൻ താല്പര്യമുള്ളവർക്ക് ലോൺ, സബ്സിഡി എന്നിവ അനുവദിക്കുകയും മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ചെയ്യുക.

അന്യസംസ്ഥാനത്തുള്ളവർ വേനൽക്കാലത്ത് നമ്മുടെ പുഴകളിലെ ചെറുമത്സ്യങ്ങളെപ്പോലും പിടിച്ചു വിൽക്കുന്ന പ്രവണത അടുത്ത നാളുകളിൽ കൂടുതലായി കണ്ടുവരുന്നു. പഞ്ചായത്ത് അധീനതയിലുള്ള പുഴകളിൽ ഇപ്രകാരം മത്സ്യം പിടിക്കുന്നത് നിരോധിക്കണം.

# വിദ്യാഭ്യാസം

കാവിലുംപാറ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം 1940കളിൽ ആരംഭിക്കുന്നു. അനൗപചാരികമായി ആരംഭിച്ച ചില കുടിപ്പള്ളിക്കൂടങ്ങളാണ്, ഈ രംഗത്തെ ആദ്യത്തെ ചുവടുവെയ്പ് എന്നാൽ 1937ൽ തന്നെ അന്ന് നമ്മുടെ പഞ്ചായത്തിന്റെ ഭാഗമായിരുന്ന മുള്ളൻകുന്നിൽ ക്രൈസ്തവ ദേവാലയത്തോടനുബന്ധിച്ച് ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചിരുന്നു. 1957ൽ അത് ഒരു ഹൈസ്കൂളായി ഉയർത്തി. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറ്റവും അതിനോടനുബന്ധിച്ച് ജനസംഖ്യാവർദ്ധനവും ഉണ്ടായപ്പോൾ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമായി വന്നു. പത്തിലധികം കിലോമീറ്ററുകൾ നടന്ന് മുള്ളം കുന്നിലും കുറ്റ്യാടിയിലും പോയി വിദ്യാഭ്യാസം നേടുക ക്ലേശകരമായിരുന്നു. അതിനാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനങ്ങൾ സംഘടിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. അങ്ങിനെ 1951ൽ ആനക്കുളം സെന്റ് തോമസ് എൽ. പി. സ്കൂളും, 1955ൽ കാവിലുംപാറയിലും, കുണ്ടുതോട്ടിലും, ഓരോ ഏകാധ്യാപക സ്കൂളുകൾ സ്ഥാപിതമായി പിന്നീട് ഈ ഏകാധ്യാപക സ്കൂളുകൾ 1957ൽ സർക്കാർ പ്രൈമറി സ്കൂളുകളായി ഉയർത്തി. 1960ൽ പൂതമ്പാറ സെന്റ് ജോസഫ് എൽ. പി. സ്കൂളും, 1962ൽ ചാത്തങ്കോട്ട് നട എ. ജെ. ജോൺ മെമ്മോറിയൽ യു. പി. സ്കൂളും, 1963ൽ കരിങ്ങാട് സെന്റ് മേരീസ് എൽ. പി. സ്കൂളും സ്ഥാപിതമായി. 1975ൽ ചാപ്പന്തോട്ടത്തിൽ ഒരു. ഗവ. യു. പി. സ്കൂൾ നിലവിൽ വന്നു. 1976ൽ ചാത്തങ്കോട്ട് നട യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തി. 1979ൽ കുണ്ടുത്തോട് പി. ടി. ചാക്കോ മെമ്മോറിയൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. 1974ൽ കുടലിൽ (നാഗംപാറ) ഒരു ഗവ. എൽ. പി. സ്കൂൾ സ്ഥാപിതമായി. മേൽപറഞ്ഞ സ്കൂളിൽ ചാപ്പന്തോട്ടം ഗവ. യു. പി. സ്കൂളിൽ ആവശ്യത്തിന് അദ്ധ്യാപകരും ഭൗതി സൗകര്യങ്ങളും ഇല്ലാത്തതിന്റെ പേരിൽ ഏകദേശം അഞ്ചുവർഷത്തെ പ്രവർത്തനത്തിനുശേഷം നിലച്ചുപോയി.

ഇന്നു കാവിലുംപാറ പഞ്ചായത്തിൽ 4 ലോവർ പ്രൈമറി സ്കൂളുകളും 2 അപ്പർ പ്രൈമറി സ്കൂളുകളും, 2 ഹൈസ്കൂളുകളും പ്രവർത്തിക്കുന്നു. ഇതിൽ ആനക്കുളം എൽ. പി. സ്കൂൾ , കരിങ്ങാട് എൽ. പി. സ്കൂൾ, പൂതമ്പാറ എൽ. പി. സ്കൂൾ, കുണ്ടുതോട് ഹൈസ്കൂൾ എന്നീ എയിഡഡ് സ്കൂളുകൾ താമരശ്ശേരി കോർപ്പറേറ്റ് മാനേജ്മെണ്ടിന്റെ കീഴിലും ചാത്തങ്കോട്ട് നട ഹൈസ്കൂൾ എം. ഡി. ബി. എസ്. ആശ്രമത്തിന്റെ കീഴിലും കൂടലിൽ എൽ. പി. സ്കൂൾ, കല്ലുമ്പുറം യു. പി. സ്കൂൾ, കുണ്ടുതോട് യു. പി. സ്കൂൾ എന്നിവ സർക്കാർ മേഖലകളിലും പ്രവർത്തിക്കുന്നു.

## പട്ടിക – 5

| സ്കൂളിന്റെ പേര് | എൽ. പി. യു. പി. ഹൈസ്കൂൾ | സ്കൂളിന്റെ ഉടമസ്ഥത | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | സ്കൂൾ കോമ്പൗണ്ടി ന്റെ വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആകെ പോസ്റ്റ് | നിലവിലു ള്ളവരുടെ എണ്ണം | ഒഴിവുക ളുടെ എണ്ണം | | | |
| എ. ജെ. ജോൺ മെമ്മോറിയൽ എച്ച് എസ് ചാത്തങ്കേട്ടുനട. | ഹൈസ്കൂൾ | എയിഡഡ് | 565 | 665 | 1230 | 45 | 45 | ഇല്ല | 3 ഏക്കർ | 25 സെന്റ് | ചുറ്റുമതിൽ ഇല്ല<br>കെട്ടിടം ഫർണീച്ചർ തൃപ്തികരം |
| പി. ടി. ചാക്കോ മെമ്മോറിയൽ H.S. കുണ്ടുതോട് | ഹൈസ്കൂൾ | എയിഡഡ് | 229 | 185 | 414 | 18 | 18 | ഇല്ല | 3 ഏക്കർ 15 സെന്റ് | 70 സെന്റ് | കെട്ടടം ഫർണ്ണീച്ചർ ഉണ്ട്<br>ചുറ്റുമതിൽ ഇല്ല |
| ഗവ. യു. പി. സ്കൂൾ കാവിലുംപാറ | യു. പി. സ്കൂൾ | സർക്കാർ | 377 | 355 | 732 | 21 | 20 | 1 | 1ഏർ 20 സെന്റ | ഇല്ല | ചുറ്റുമതിൽ ഇല്ല, കെട്ടിട സൗകര്യം, ഫർണ്ണീച്ചർ അപര്യാപ്തം |
| ഗവ. യു. പി സ്കൂൾ കുണ്ടുതോട് | യു. പി സ്കൂൾ | സർക്കാർ | 290 | 255 | 545 | 20 | 15 | 5 | 2 ഏക്കർ | 30 സെന്റ് | കെട്ടിടം , ചുറ്റുമതൽ ഇവ ഉണ്ട് |
| സെന്റ്തോമസ് എൽ. പി. സ്കൂൾ ആനക്കുളം | എൽ. പി. സ്കൂൾ | എയ്ഡഡ് | 110 | 85 | 195 | 5 | 5 | ഇല്ല | 2ഏർ | 50 സെന്റ് | ചുറ്റമതിൽ ഇല്ല , കെട്ടിട , ഫർണ്ണിച്ചർ തൃപ്തികരം |
| സെൻറ് ജോസഫ്സ് എൽ. പി. എസ്. പുതമ്പാറ | എൽ. പി സ്കൂൾ | എയ്ഡഡ് | 91 | 84 | 175 | 6 | 6 | ഇല്ല | 2 ഏക്കർ | 30 സെന്റ് | ചുറ്റുമതിൽ ഇല്ല കെട്ടിട സൗകര്യം ഉണ്ട് |
| സെന്റ് മേരീസ് എൽ.പി എസ്. കരിങ്ങാട് | എൽ. പി. സ്കൂൾ | എയിഡഡ് | 63 | 52 | 115 | 4 | 4 | ഇല്ല | – | – | ചുറ്റുമതിൽ ഇല്ല, കെട്ടിടസൗകര്യം ഉണ്ട് |
| ഗവ. എൽ.പി.എസ്. കൂടലിൽ | എൽ. പി. സ്കൂൾ | സർക്കാർ | 49 | 42 | 91 | 4 | 2 | 2 | 1ഏക്കർ | ഇല്ല | ചുറ്റുമതൽ ഇല്ല, കെട്ടിടം, ഫർണ്ണീച്ചർ അപര്യപ്തം |
| | | | 1774 | 1723 | 3497 | 123 | 115 | 8 | | | |

## പട്ടിക – 6

| സ്കൂളിന്റെ പേര് | ഡിവിഷൻ എണ്ണം | കെട്ടിടങ്ങൾ | | | മുറികളുടെ എണ്ണം | | | | നിലവിലുള്ള മൂത്രപ്പുര എണ്ണം | ഇനിയാവശ്യമുള്ള മൂത്രപ്പുര എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | കുടിവെള്ളസംവിധാനം | വൈദ്യുതീകരണം | പാചകമുറി | സ്റ്റോക്ക് റൂം | നിലവിലുള്ള ഫർണ്ണീച്ചർ മതിയാകുമോ | ഇനി ആവശ്യമുള്ള ഫർണ്ണീച്ചറുകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ഇനിയാവശ്യമുള്ളവ | | | | | | | | | ഡസ്ക് | മേശ | ബഞ്ച് | കസേര |
| എ. ജെ. ജോൺ മെമ്മോറിയൽ എച്ച്. എസ്. ചാത്തങ്കോട്ടുനട | 28 | 4 | – | – | 32 | – | – | – | 1 | 1 | 4 | പൈപ്പ് കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | മതി യാകും | | | | |
| പി. ടി. ചാക്കോ മെമ്മോറിയൽ എച്ച്. എസ്. കുണ്ട്തോട് | 10 | 2 | – | – | 14 | – | – | – | 3 | 1 | 5 | പൈപ്പ് | ഉണ്ട് | – | ഉണ്ട് | മതി യാകും | | | | |
| ഗവ. യു. പി. സ്കൂൾ കാവിലുംപാറ | 20 | 2 | – | 4 | 11 | – | 12 | 10 | 2 | 2 | 2 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 60 | – | 80 | 12 |
| ഗവ. യു. പി. സ്കൂൾ കുണ്ടുതോട് | 16 | 2 | 1 | 1 | 17 | 3 | 4 | – | 3 | 2 | 2 | കിണർ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 25 | 10 | 25 | 20 |
| സെന്റ് തോമസ് എൽ.പി.സ്കൂൾ ആനകുളം | 5 | 2 | – | – | 11 | – | – | – | 1 | 1 | 1 | പൈപ്പ് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 1 | 20 | 24 |
| സെന്റ് ജോസഫ് എൽ. പി. സ്കൂൾ പുതമ്പാറ | 6 | 2 | – | – | 6 | – | – | – | 1 | 2 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | മതിയാകും | | | | |
| സെന്റ് മോറീസ് എൽ. പി. സ്കൂൾ കരിങ്ങാട് | 4 | 1 | – | – | 4 | – | – | – | ഇല്ല | 1 | 1 | പൈപ്പ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 5 | | | 2 |
| ഗവ. എൽ. പി. സ്കൂൾ കൂടലിൽ | 4 | 1 | – | – | 4 | – | – | – | 1 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | – | 20 | 4 |

## കാവിലുംപാറ ഗ്രാമപഞ്ചായത്ത് കുട്ടികളെ സംബന്ധിക്കുന്ന വിവരം

| | ആൺകുട്ടികൾ SC/ST കുട്ടികൾ | | | | | | തോറ്റുപഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | |
| സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എ. ജെ. ജോൺ മെമ്മോറിയൽ ഹൈസ്കൂൾ ചാത്തങ്കോട്ട്നട | 565 | 665 | 1230 | 23 | 27 | 50 | 5 | 6 | 11 | 82 | 91 | 173 | – | – | – | 14 | 12 | 26 |
| പി. ടി ചാക്കോ മെമ്മോറിയൽ ഹൈസ്കൂൾ, കുണ്ടുതോട് | 229 | 185 | 414 | 7 | 4 | 11 | – | – | – | 37 | 22 | 59 | – | – | – | 9 | 3 | 12 |
| ഗവ യു. പി. സ്കൂൾ കാവിലുംപാറ | 377 | 355 | 732 | 10 | 15 | 44 | 4 | 2 | 6 | 40 | 45 | 85 | – | – | – | – | – | – |
| ഗവ. യു. പി. സ്കൂൾ കുണ്ടുതോട് | 290 | 255 | 545 | 16 | 20 | 36 | 6 | 4 | 10 | 23 | 31 | 54 | – | – | – | – | – | – |
| സെൻറ് ജോസഫ്സ് എൽ. പി. സ്കൂൾ പൂതമ്പാറ | 91 | 84 | 175 | 9 | 7 | 16 | – | – | – | 5 | 4 | 9 | – | – | – | – | – | – |
| സെന്റ് തോമസ് എൽ. പി. എസ്. ആനക്കുളം | 110 | 85 | 195 | 7 | 4 | 11 | 6 | 3 | 9 | 10 | 4 | 14 | – | – | – | 1 | – | 1 |
| സെന്റ് മേരീസ് എൽ. പി. എസ് കരിങ്ങാട് | 61 | 52 | 115 | – | – | – | – | – | – | 4 | 4 | 8 | – | – | – | – | – | – |
| ഗവ. എൽ. പി. എസ് കൂടലിൽ | 49 | 41 | 91 | 6 | 6 | 12 | – | 1 | 1 | 2 | 3 | 5 | – | – | – | – | 2 | 2 |

പഞ്ചായത്തിലെ സ്കൂളുകളിൽ 96 – 97 വർഷത്തിൽ പഠിക്കുന്ന ആകെ കുട്ടികൾ 3437 ആണ്. പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട 180 കുട്ടികൾ ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്നുണ്ട്.

ഈ സ്കൂളുകൾ പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ സാംസ്കാരിക ഉന്നമനത്തിന് വില പ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ വിദ്യഭ്യാസ പുരോഗതിയിൽ കുടിയേറ്റക്കാരുടെ സംഭാവന പ്രശംസനീയമാണ്.

കഴിഞ്ഞ 10 വർഷത്തിനിടയിൽ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ എണ്ണം കൂടുകയോ കുറയുകയോ ചെയ്തിട്ടില്ല. എന്നാൽ പ്രൈമറി വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിലെ പ്രവേശനത്തിന്റെ എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നു എന്ന സ്ഥിതിവിവരക്കണക്ക് സൂചിപ്പിക്കുന്നു തൽഫലമായി ചില പ്രൈമറി സ്കൂളുകളിൽ ഡിവിഷനുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. 10–ാം ക്ലാസിൽ പ്രവേശനം കുറയുന്നതിനുള്ള കാരണങ്ങൾ ജനനനിരക്കിന്റെ കുറവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള താൽപര്യവുമാണ്. പ്രൈമറി വിദ്യാഭ്യാസത്തിനായി പഞ്ചായത്തിന്റെ ഏതുഭാഗത്തുള്ള കുട്ടിക്കും '4' കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടി വരുന്നില്ല.

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിലെ സ്കൂളുകളുടെ നില തൃപ്തികരമാണെന്ന് പറഞ്ഞുകൂട. ബഞ്ച് ഡസ്ക്, തുടങ്ങിയ ഫർണ്ണിച്ചറുകൾ പല സ്കൂളുകളിലും ആവശ്യത്തിനില്ല. സർക്കാർ സ്കൂളുകളിൽ ആവശ്യമുള്ളത്ര സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ട് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ആവശ്യത്തിന് കുടിവെള്ളം ലഭ്യമല്ലാത്ത അവസ്ഥയും നിലവിലുണ്ട്. പ്രാഥമികാവശ്യത്തിനുള്ള സൗകര്യം സ്കൂളുകളിൽ പലയിടത്തും പരിമിതമാണ്. പഞ്ചായത്തിലെ ഒരു സ്കൂളുകളിലും നല്ല കളിസ്ഥലങ്ങൾ ഇല്ലാത്തതിനാൽ കായികവിദ്യാഭ്യാസത്തിന്റെ നില മെച്ചമല്ല. സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം തൃപ്തികരമായി നടക്കുന്നുണ്ട്. P. T. A (അദ്ധ്യാപക രക്ഷാകർതൃസമിതി) യുടെ പ്രവർത്തനവും തൃപ്തികരമെന്നു പറയാം. ലൈബ്രറി ലാബറട്ടറി സൗകര്യങ്ങളുള്ള സ്കൂളുകളിൽ അത് വേണ്ട വിധത്തിൽ വിനിയോഗിക്കപ്പെടുന്നില്ല. സ്കൂളുകളുടെ നല്ല പ്രവർത്തനത്തിന് സഹായിക്കുന്നതിനായി സ്കൂൾ വിദ്യാഭ്യാസ സമിതികളും, പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതികളും അക്കാദമിക് സമിതിയും പ്രവർത്തിക്കുന്നു.

സ്കൂളുകളിലെ പഠനേതര പ്രവർത്തനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടുവരുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകളും സ്ഥിതി വിവരക്കണക്കുകളും സൂചിപ്പിക്കുന്നു. സ്കൂൾ സാഹിത്യസമാജം കലാകായിക മത്സരങ്ങൾ സാഹിത്യവേദി പ്രവർത്തനങ്ങൾ എന്നിവ നന്നായി നടന്നുവരുന്നു എന്നാൽ സ്കൗട്ട് ഗൈഡ് J. R. C തുടങ്ങിയ പ്രസ്ഥാനങ്ങൾ നമ്മുടെ സ്കൂളുകളിൽ വിരളമാണ്. കുണ്ടുതോട് ഹൈസ്കൂ

പട്ടിക 8

കാവിലും പാറ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ S. S. L. C വിജയശതമാനം

| സ്കൂളിന്റെ പേര് | വർഷം | പരീക്ഷയെഴുതിയ കുട്ടികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|---|
| 1. എ. ജെ. ജോൺ മെമ്മോറിയൽ എച്ച്. എസ്. ചാത്തങ്കോട്ട് നട | 91 – 92 | 195 | 55 | 28% |
| | 92 – 93 | 176 | 67 | 38% |
| | 93 – 94 | 172 | 58 | 33 % |
| | 94 – 95 | 174 | 35 | 21 % |
| | 95 – 96 | 186 | 77 | 41 % |
| പി. ടി. ചാക്കോ മെമ്മോറിയൽ എച്ച്. എസ്. കുണ്ടുതോട് | 91 – 92 | | | 56 % |
| | 92 – 93 | | | 48 % |
| | 93 – 94 | | | 43 % |
| | 94 – 95 | | | 38 % |
| | 95 – 96 | | | 38 % |

ളിൽ മാത്രമാണ് സ്കൗട്ട് പ്രസ്ഥാനം നിലവിലുള്ളത്.

നമ്മുടെ സ്കൂളുകളിലെ പഠന നിലവാരം തൃപ്തികരമല്ല എന്ന് ഗ്രാമസഭാറിപ്പോർട്ടുകളും കണക്കുകളും സൂചിപ്പിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ 2 ഹൈസ്കൂളുകളിലേയും എസ്. എസ്. എൽ. സി. വിജയശതമാനം 50%ൽ താഴെ യാണെന്ന് പട്ടിക 8 സൂചിപ്പിക്കുന്നു.

**പ്രശ്നങ്ങൾ**

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. കൂടലിൽ ഗവ. എൽ. പി.സ്കൂൾ, കല്ലുമ്പുറം ഗവ. യു. പി. സ്കൂൾ എന്നിവയ്ക്ക് ആവശ്യമായ നല്ല കെട്ടിടം ഇല്ല.മിക്ക നല്ല എൽ. പി. സ്കൂളുകൾക്കും ഇടമറയില്ലാത്ത ക്ലാസ് മുറികളാണ് ഉള്ളത്.

കൂടലിൽ സ്കൂളിൽ കുടിവെള്ള പ്രശ്നമുണ്ട്.

മൂത്രപ്പുര, കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ മിക്ക സ്കൂളുകൾക്കും അപര്യാപ്തമാണ്.

സ്കൂളുകൾ വൈദ്യുദീകരിച്ചിട്ടില്ല.

പ്രഥമശുശ്രൂഷാ സൗകര്യങ്ങൾ സ്കൂളുകളിൽ ലഭ്യമല്ല.

കുട്ടികൾക്ക് യാത്രാ സൗകര്യങ്ങൾ കുറവാണ്

വളയങ്കോട് കൂടലിൽ ഭാഗത്തുള്ളവർക്ക് ലോവർ പ്രൈമറി വിദ്യാഭ്യാസത്തിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

പഞ്ചായത്തിൽ ഹൈയർ സെക്കന്ററി വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ല.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല

പാഠപുസ്തകങ്ങൾ യഥാസമയത്ത് ലഭിക്കുന്നില്ല.

സ്കൂളുകളിലെ പഠന നിലവാരം തൃപ്തികരമല്ല.

ആവശ്യത്തിന് അദ്ധ്യാപകർ ഇല്ല.

ലാബ്, ലൈബ്രറി സൗകര്യങ്ങൾ തൃപ്തികരമല്ല.

സ്കൂളുകളിൽ കളിസ്ഥലങ്ങളുടെ സൗകര്യം വേണ്ടത്രയില്ല.

പരിഹാര നിർദ്ദേശങ്ങൾ

സ്കൂളുകളിലെ ഭൗതി സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. ആവശ്യത്തിന് ബഞ്ച് ഡസ്ക് ഇടമറ ഇവ ലഭ്യമാക്കുക.

പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

സ്കൂളുകൾ വൈദ്യുതീകരിക്കുക.

ഫസ്റ്റ് ഐയിഡ് കിറ്റ്സ് ലഭ്യമാക്കുക.

സ്കൂൾ സമയങ്ങളിൽ ബസ്സുകൾ ഏർപ്പെടുത്തുക.

ചാത്തങ്കോട്ട് നട ഹൈസ്കൂൾ, ഹയർസെക്കന്ററിയായി ഉയർത്തുക.

ആനക്കുളം എൽ. പി. കരിങ്ങാട്, എൽ.പി. കല്ലുപുറം യു. പി. ഇവ അപ് ഗ്രേഡ് ചെയ്യുക.

സ്കൂളുകളോട് അനുബന്ധിച്ച തൊഴിലധിഷ്ഠിത കോഴ്സുകളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ആരംഭിക്കുക.

കംപ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, ടൈപ്പ് റൈറ്റിംഗ് തുടങ്ങിയ മേഖലകളിൽ വിദ്യാഭ്യാസം നൽകുന്നതിനായി തൊട്ടിൽപാലത്ത് ഒരു സാങ്കേതിക വിദ്യാഭ്യാസ സെന്റർ ആരംഭിക്കുക.

ഓൾ പ്രൊമോഷൻ സമ്പ്രദായം നിർത്തലാക്കുക.

നാലാം ക്ലാസിലും ഏഴാം ക്ലാസിലും പൊതുപരീക്ഷ നടപ്പിലാക്കുക.

സ്കൂൾ കോംപ്ലക്സ് പദ്ധതി നടപ്പാക്കുക.

മലയാളം മീഡിയം സ്കൂളുകളിൽ ഇംഗ്ലീഷ് പഠന നിലവാരം മെച്ചപ്പെടുത്തുക.

അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ ഇൻസർവീസ് കോഴ്സുകൾ ഏർപ്പെടുത്തുക.

പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.

പഞ്ചായത്തിൽ എല്ലാ സ്കൂളുകൾക്കും സൗകര്യപ്രഥമായ സ്ഥലത്ത് ഒരു പൊതു കളിസ്ഥലം നിർമ്മിക്കുക.

പഞ്ചായത്തിൽ സമാന്തര വിദ്യാഭ്യാസ രംഗത്ത് മൂന്ന് പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നു. ഇവിടങ്ങളിൽ ആകെ ഏകദേശം 500 കുട്ടികൾ പഠിക്കുന്നു.

ഇവയെക്കൂടാതെ ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും രണ്ട് അൺ എയിഡഡ് പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു. തൊട്ടിൽപാലത്തെ ഇംഗ്ലീഷ്

മീഡിയം അൺ എയിഡഡ് സ്കൂളുകളിൽ എൽ. കെ. ജി മുതൽ അഞ്ച് വരെ ക്ലാസുകളിലായി ആകെ 149 കുട്ടികളും കുണ്ടുതോട്ടിലെ മലയാളം മീഡീയം അൺ എയിഡഡ് സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി 120 കുട്ടികളും പഠിക്കുന്നു.

ഉന്നത വിദ്യാഭ്യാസത്തിനായി പഞ്ചായത്തിലെ കുട്ടികൾ മൊകേരി ഗവ. കോളേജിനെയും പേരാമ്പ്ര ഗവ. കോളേജിനെയും മടപ്പള്ളി ഗവ. കോളേജിനെയും ആണ് പ്രധാനമായും ആശ്രയിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈയർ സെക്കന്ററി സ്കൂൾ അനിവാര്യമാണ്.

# കുടിവെള്ളം

ഏകദേശം 20 വർഷങ്ങൾക്ക് മുമ്പിൽ കാവിലുംപാറ പഞ്ചായത്ത് ജനസമൃദ്ധമായ പുഴകളും തോടുകളും നീരുറവകളും കൊണ്ട് സമ്പന്നമായിരുന്നു. മലയോരങ്ങളിലെ വിവിധ വനങ്ങളും പുഴയോരങ്ങളിലെ വൃക്ഷലതാദികളും നമ്മുടെ ജലസമ്പത്തിനെ കാത്തുരക്ഷിച്ചിരുന്നു. എന്നാൽ പുതിയ ആവാസ വ്യവസ്ഥയും പരിസ്ഥിതി ചൂഷണവും നമ്മുടെ ജലസമ്പത്ത് ആകെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മലയോരങ്ങൾ ഉൾപ്പെടെ പത്തു വാർഡുകളിൽപ്പെട്ട പല പ്രദേശങ്ങളിലും വേനൽകാലങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നു. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വാഹനങ്ങളിൽ കുടിവെള്ളം എത്തിക്കേണ്ട സ്ഥിതി സംജാതമായിരിക്കുന്നു, എന്നുള്ളത് നമ്മുടെ പരിസ്ഥിതിയേയും കുടിവെള്ള സ്രോതസ്സുകളെയും സംരക്ഷിക്കേണ്ടത് അടിയന്തിരവും ഗൗരവുമായ കടമയായി മാറിയിരിക്കുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം ചർച്ചചെയ്യുമ്പോൾ നമ്മുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിക്കേണ്ടതുണ്ട്. വിവിധ മലമ്പ്രദേശങ്ങളിലും താഴ്വരകളിലുമായി ജീവിക്കുന്ന ജനങ്ങൾക്ക് ഏകീകരിച്ച പദ്ധതിയിലൂടെ കുടിവെള്ളം എത്തിക്കുക എന്നത് തികച്ചും അസാദ്ധ്യമാണ്. ഓരോ പ്രദേശത്തും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കുടിനീർ ലഭ്യമാക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. നമ്മൾ നേരിടുന്ന മറ്റൊരു പ്രശ്നം ജലമലിനീകരണമാണ്. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും സംഘടിതമായ ജനകീയ പ്രവർത്തനങ്ങളിലൂടെയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ 4186 വീടുകളിലെ 21000 ഓളം വരുന്ന ജനങ്ങൾ ആശ്രയിക്കുന്ന പ്രധാന കുടിവെള്ള സ്രോതസ്സുകൾ കിണറുകളും നീരുറവകളുമാണ്. 43ഓളം പൊതുടാപ്പുകളും പഞ്ചായത്തിൽ നിലവിലുണ്ട്. പഞ്ചായത്തിൽ സാധാരണ കിണറുകളുടെ എണ്ണം 1055 ആണ് 5 പൊതുകിണറുകളും നിലവിലുണ്ട്.

പഞ്ചായത്തിലെ നിലവിലുള്ള പ്രധാനപ്പെട്ട കുടിവെള്ളപദ്ധതികൾ - കാവിലുംപാറ- കായക്കൊടി പദ്ധതി കരിങ്ങാട് പദ്ധതി കുരുടൻകടവ് പദ്ധതി, ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന കുണ്ടുതോട്, 67 ഭാഗം പദ്ധതി എന്നിവയാണ്. കൊടപ്പടി ശുദ്ധ ജല വിതരണ പദ്ധതി, പൊയിലോം, ചാൽ, പുതുക്കാട്, ഓടങ്കാട്, ആദിവാസികോളനി, ചീളിയാട്, കണ്ടോത്തറ ശുദ്ധജല വിതരണ പദ്ധതികൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു.

ഭൂരിപക്ഷം പൊതുകിണറുകളും ടാപ്പുകളും മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിൽ വേണ്ടത്ര കുടിവെള്ളം ലഭിക്കാറില്ല. പഞ്ചായ

ത്തിലെ ഭൂരിഭാഗം കുഴൽ കിണറു കളും ഉപയോഗശൂന്യമാണ്. പൊതുകിണറുകളുടേയും ടാപ്പുക ളുടേയും സംരക്ഷണം ഉപഭോ ക്താക്കളുടെ മേൽനോട്ടത്തിൽ നട ത്തേണ്ടതാണ്. നമ്മുടെ പഞ്ചായ ത്തിലെ മുഖ്യ കുടിവെള്ള സ്രോത സ്സായ കിണറുകളുടെ ജലശേഷി വർദ്ധിപ്പിക്കുന്നതിനായി പറമ്പുക ളിൽ കുഴികൾ കുഴിച്ച് വർഷകാ ലത്തെ ജലം സംരക്ഷിക്കാൻ ആവ ശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ

വാർഡ് 1 കരിങ്ങാട് മലയിലെ പത്തേക്കർ ഭാഗം കോളിത്തെറ്റ് ഭാഗം :-

*കരിങ്ങാട് - തണൽത്തെട്ട് മല യിലുള്ള നീരുറവ് ഉപയോഗിച്ച് ശുദ്ധ ജല വിതരണ പദ്ധതി നട പ്പാക്കുക. നിലവിലുള്ള കരിങ്ങാട് പദ്ധതിയിൽ നിന്ന് ജലം ലഭ്യമാ ക്കുക.*

വാർഡ് 2 ചീളിയാട് വളയം കോട് ഭാഗം, കൂടൽ:-

*വളയംകോട് ഭാഗത്ത് പുഴയോ രത്ത് കിണർ കുഴിക്കുക - ചീളി യാട് ഭാഗത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യുക. പള്ളിത്തളം ഭാഗത്തെ ജലസ്രോത സ്സ് ഉപയോഗിച്ച് ഈ പ്രദേശത്ത് ജലവിതരണം ചെയ്യുക.*

വാർഡ് 3 ചൂരണി പക്രംതതും, മുളവട്ടം, പൂതമ്പാറ, മൂന്നാംപെരി യ, ചാത്തങ്കോട്ട് നട:-

*ചൂരണിപ്രദേശത്തുള്ള നീരു റവ, ചീരോത്തും കുളം ജലസ്രോ തസ് മുളവട്ടത്ത് പുഴയോട് ചേർന്നുള്ള നീരുറവ എന്നിവ ഉപ യോഗപ്പെടുത്തുക. വെള്ളുവൻ കുന്നിൽ നിലവിലുള്ള ടാങ്ക് റിപ്പ യർ ചെയ്യുക.*

വാർഡ് 4. കവുങ്ങിൻകീഴുമല ചെറിയ പുൽപാറ പുത്തൻപീടിക, സെന്റ് തോമസ് എൽ. പി. സ്കൂൾ ആനക്കുളം:-

*പൊയിലോംചാൽ മുറ്റത്തെ പ്ലാവ്, ചീരോത്തുംകുളം, ജലസ്രോ തസ്സുകൾ ഉപയോഗപ്പെടുത്തുക. വണ്ണാത്തിയറ്റ് പ്രദേശത്ത് കിണർ നിർമ്മിക്കുക. സെന്റ് തോമസ് സ്കൂളിന് സമീപം നിലവിലുള്ള കുളം റിപ്പയർ ചെയ്ത് ജലം ലഭ്യ മാക്കുക.*

വാർഡ് 5 ആശ്വാസി ചീത്ത പ്പാട്, ബെൽമൗണ്ട്, തോട്ടക്കാട്, നാഗംപാറ, ചീത്തപ്പാട്, ഹരിജൻ കോളനി, ആനക്കുളം കൊട്ടാര മല:-

*ആശ്വാസിപാലത്തിനടുത്ത് കിണർ കുഴിച്ച് നിലവിലുള്ള ടാങ്ക് റിപ്പയർ ചെയ്ത് ജലവിതരണ ത്തിന് ഉപയോഗപ്പെടുത്താം. പുതു ക്കാട് ഭാഗത്ത് നിലവിലുള്ള ടാങ്കിൽ വെള്ളം എത്തിക്കുവാ നുള്ള നടപടി സ്വീകരിക്കുക. തോട്ടക്കാട് ഭാഗത്ത് കിണർ കുഴി ക്കുക. നാഗമ്പാറ ഭഗത്ത് നിലവി ലുള്ള പൊതുകിണറിന്റെ ശേഷി വർദ്ധിപ്പിച്ച് നാഗമ്പാറ സ്കൂൾ പരി സരത്ത് ടാങ്ക് നിർമ്മിക്കുക. കൊട്ടാ രമലയിൽ കുളം കുഴിച്ച് വെള്ളം എത്തിക്കുക. വണ്ണത്തിയേറ്റ്, പി. ടി. ചാക്കോ നഗർ താഴെഭാഗം, കുണ്ടുത്തോട് ജി. യു. പി, തേക്കിൻകുന്ന്, പേണാമ്പള്ളി, താഴെകുരുടൻകടവ് താഴെ വട്ടി പ്പന, ഏലക്കണ്ടി, മാനിക്കുന്ന്, നീറ്റിക്കോട്ട, വട്ടിപ്പന, ബാലവാ ടിക്ക് താഴെ:-*

*കുരുടൻകടവ് പദ്ധതി അപാക തകൾ പരിഹരിച്ച് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുക. വണ്ണാ ത്തിയേറ്റ് പുതുപ്പറമ്പിലുള്ള ജല സ്രോതസ് ഉപയോഗപ്പെടുത്തുക. മലാപ്പറമ്പിൽ തോമസിന്റെ പറ മ്പിലെ നീരുറവ ഉപയോഗപ്പെടു ത്തുക. കളരിയുള്ളതിൽ നാണു വിന്റെ പറമ്പിലുള്ള നീരുറവ ഉപ യോഗപ്പെടുത്തുക. കുണ്ടുന്തോ ടിന് സമീപം കിണർ കുഴിക്കുക. വട്ടിപ്പന പ്രദേശച്ച് നിലവിലുള്ള കുളം ഫലപ്രദമായി ഉപയോഗിക്കു ന്നതിനുള്ള നടപടിചെയ്യുക.*

വാർഡ് 7 കല്ലുനിര, കലങ്ങോട്, തോട്ടക്കാട്, പത്തേക്കർ ഭാഗം തോട്ടക്കാട് മാമ്പിലാട്, ഇടത്തും വേലിക്കത്ത് കുന്ന് വട്ടകൈത:-

*കോതോട് പാലത്തിനടുത്ത് കിണർകുഴിച്ച് ടാങ്ക് കെട്ടി ജലവി തരണം ചെയ്യുക - CCDP പദ്ധതി പ്രകാരം കലങ്ങോടത്ത് ജലവിത രണ പദ്ധതി പൂർത്തിയാക്കുക. തോട്ടക്കാട് പത്തേക്കർ ഭാഗത്ത് കിണർ കുഴിക്കുക. നിലവിലുള്ള കിണർ റിപ്പയർ ചെയ്യുക. തോട്ട ക്കാടിന്റേയും മംഗളം എസ്റ്റേറ്റി ന്റെയും അതിർത്തിയിൽ കുളം കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക. മറ്റു ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുക. വട്ടകൈത ഭാഗത്ത് കിണർ കുഴിക്കുക. നില വിലുള്ള ടാങ്ക് പുനരുദ്ധരിച്ച് ഉപ യോഗപ്പെടുത്തുക. തോട്ടക്കാട് ചപ്പാരത്ത്നട ഭാഗത്ത് കുളം കുഴിച്ച് ജലവിതരണം നടത്തുക.*

*ഇടത്തും വേലിക്കാത്ത് താഴെ പുഴയോരത്ത് കിണർ കുഴിച്ച് ടാങ്കിൽ ജലം ശേഖരിച്ചാൽ കുടിവെള്ള വിതരണം ചെയ്യാൻ കഴിയും.*

8. കുനിയംകണ്ടിക്കുന്ന് മരുതോറക്കുന്ന്, കൊയിലോഞ്ഞും തറ, കുളിക്കുന്ന്:-

*ഈ പ്രദേശങ്ങളിൽ കിണർകുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തുക.*

9. മൂന്നാംകൈ, ഓടങ്കാട്

*നിലവിലുള്ള കരിങ്ങാട് ജലപദ്ധതിഫലപ്രദമായി ഉപയോഗിച്ച് ജലക്ഷാമം പരിഹരിക്കുക.*

10 കമ്മനകുന്ന് കണ്ടോത്തറ

*കമ്മനക്കുന്ന് ഭാഗത്ത് കിണർ കുഴിച്ച് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. കരിങ്ങാട് ജലവിതരണ പദ്ധതി ഉപയോഗപ്പെടുത്തുക.*

# പൊതുജനാരോഗ്യം

ആരോഗ്യസമ്പന്നമായ ഒരു ജനത ഏതൊരു സമൂഹത്തിന്റേയും സുപ്രധാന ഘടകമാണ്. നമ്മുടെ പഞ്ചായത്തിൽ ആരോഗ്യപൂർണ്ണമായ ഒരു ജനസമൂഹത്തെ വാർത്തെടുക്കുന്നതിന് നിലവിലുള്ള ആരോഗ്യ സംവിധാനങ്ങളിലും ആരോഗ്യത്തെ സംബന്ധിച്ച് ജനങ്ങളുടെ ബോധനിലവാരത്തിലും കാതലായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ആരോഗ്യരംഗത്തെ പ്രവർത്തനം എന്നത് ആശുപത്രികൾ പോലുള്ള ആരോഗ്യകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മാത്രമാണെന്ന ധാരണ മാറുകയും ജനങ്ങളുടെ ചുറ്റുപാടുകളും ജീവിതചര്യകളുമായി ഒരു ആരോഗ്യ സംരക്ഷണ സംവിധാനം തന്നെ രൂപം കൊള്ളേണ്ടതാണ്.

കാവിലുംപാറ പഞ്ചാത്തിൽ 30 % ജനങ്ങൾക്ക് മാത്രമേ കക്കൂസുകളുള്ളൂ എന്ന വസ്തുത വളരെ ഗൗരവപൂർണ്ണമായ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. പ്രത്യേകിച്ചും മലയോര മേഖലയിലും ദുർബ്ബല ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലുമാണ് കക്കൂസുകളുടെ അഭാവം കണ്ടുവരുന്നത്. കക്കൂസുകൾ സ്വന്തമായി നിർമ്മിക്കാൻ കഴിവുള്ളവർ പോലും അതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്നത് ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങളുടെ അനിവാര്യത വ്യക്തമാക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങൾ കുണ്ടുതോട് പ്രാഥമിക ആരോഗ്യ കേന്ദ്രം, ഇതിന്നുകീഴിലുള്ള കരിങ്ങാട്, പൊയിലോചാൽ സബ്സെന്ററുകൾ, ചാത്തങ്കോട്ട നട ഹോമിയോ ഡിസ്പെൻസറി എന്നിവയാണ്. സ്വകാര്യമേഖലയിൽ തൊട്ടിൽപാലത്ത് സ്ഥിതിചെയ്യുന്ന ന്യൂമ ക്ലിനിക്കും, 3 ഹോമിയോ ചികിത്സാ കേന്ദ്രങ്ങളും 5 ആയുർവേദ ചികിത്സാ കേന്ദ്രങ്ങളും 4 ഇംഗ്ലീഷ് മെഡിക്കൽ ഷോപ്പുകളും ഈ പഞ്ചായത്തിൽ ഉണ്ട്. പൊയിലോം ചാലിൽ ഒരു സ്വകാര്യവ്യക്തി നടത്തുന്ന വിഷചികിത്സാകേന്ദ്രവും എടുത്തുപറയേണ്ടതാണ്. പഞ്ചായത്തിനു അകത്തും പുറത്തും ഉള്ള അനേകം ജനങ്ങൾക്ക് ഈ കേന്ദ്രം ഉപയോഗപ്രഥമായി വരുന്നു.

പഞ്ചായത്തിൽ ഒരു പൊതു കക്കൂസും ഒരു പൊതുമൂത്രപ്പുരയും നിലവിലുണ്ട്. പഞ്ചായത്ത് ശുചീകരണ പ്രവർത്തനങ്ങൾക്കായി 3 ജീവനക്കാർ നിലവിലുണ്ട്. പഞ്ചായത്തിൽ 9 മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഈ കേന്ദ്രങ്ങൾ വഴി കുട്ടികൾക്കും അമ്മമാർക്കും, ഗർഭിണികൾക്കും വേണ്ടിയുള്ള പോഷകാഹാര പരിപാടികളും പ്രതിരോധ കുത്തിവെപ്പുകളും നടത്തി വരുന്നുണ്ട്.

പഞ്ചായത്തിലെ പൊതുമരണ നിരക്ക് 2.7ഉം പൊതു ജനനനിരക്ക് 7.8ഉം ആണ്. സംസ്ഥാന ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ പൊതുവേ ജനങ്ങളുടെ ആരോഗ്യ നിലവാരം വളരെ മെച്ചമാണെന്ന് കാണാം. ആരോഗ്യരംഗത്ത് പ്രതിരോധ നടപടികൾ മൂലം രോഗങ്ങൾ കുറഞ്ഞിട്ടുണ്ടെങ്കിലും ചില പ്രത്യേക കാലാവസ്ഥകളിൽ വയറിളക്കം ചർദ്ദി തുടങ്ങിയ രോഗങ്ങൾ പ്രത്യക്ഷപ്പെടാറുണ്ട്. 1996ൽ 166 ജലജന്യരോഗങ്ങളും 242 വായുജന്യരോഗങ്ങളും റിപ്പോർട്ട്

### പട്ടിക - 9

### കുടുംബക്ഷേമ പരിപാടി സംബന്ധിച്ച വിവരങ്ങൾ

| | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| പഞ്ചായത്തിലെ ആകെ അർഹരായ ദമ്പതികൾ | 2889 | 2896 | 2987 | 2952 | 2896 |
| താൽക്കാലിക കുടുംബക്ഷേമമാർഗ്ഗങ്ങൾ സ്വീകരിച്ചവർ | 189 | 168 | 197 | 333 | 231 |
| സ്ഥിരമായ കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ (Sterilization) | 1598 | 1630 | 1640 | 1629 | 1523 |
| ആകെ | 1787 | 1798 | 1837 | 1962 | 1754 |
| വിവിധ കുടുംബക്ഷേമമാർഗ്ഗങ്ങൾ സ്വീകരിച്ച ദമ്പതികളുടെ ശതമാനം | 61.85, | 62, | 61.49, | 66.46, | 60.56 |

ചെയ്യപ്പെട്ടുവെന്നുള്ളത് ശുദ്ധജല ലഭ്യതയുടെയും പരിസ്ഥിതി മലിനീകരണത്തിന് എതിരായ പ്രവർത്തനങ്ങളുടേയും പ്രാധാന്യം എടുത്തുകാട്ടുന്നു.

കുടുംബക്ഷേമ പ്രവർത്തനം

പഞ്ചായത്തിലെ 60.56 % ദമ്പതികൾ വിവിധ കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണെന്ന് കണക്കുകൾ കാണിക്കുന്നു.

**പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും**

പഞ്ചായത്തിലെ പൊതു മേഖലയിലുള്ള ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യസ്ഥാപനമാണ് കുണ്ടുതോട് സ്ഥിതിചെയ്യുന്ന പ്രൈമറി ഹെൽത്ത് സെന്റർ ഇവിടെ 15 ജീവനക്കാരുണ്ട്. എന്നാൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഈ കേന്ദ്രം ഉപയോഗപ്പെടുന്നില്ല. പഞ്ചായത്തിന്റെ ഒരു ഉൾപ്രദേശത്തു സ്ഥിതിചെയ്യുന്നതുകൊണ്ടു തന്നെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ ജനങ്ങൾക്ക് ഇവിടെ എത്തിച്ചേരാൻ സൗകര്യക്കുറവുണ്ട്. കെട്ടിടം നിലവിലുള്ള അപര്യാപ്തതകൾ പരിഹരിക്കേണ്ടതാണ്. ആവശ്യമായ ഫർണ്ണീച്ചറുകൾ, ഫോൺ കണക്ഷൻ വൈദ്യുതി, ശുദ്ധജല സൗകര്യം എന്നിവ അടിയന്തരമായി എത്തിക്കേണ്ടതാണ്. ആശുപത്രിയോടനുബന്ധിച്ച് ക്വാർട്ടേഴ്സ് ഇല്ലാത്തതിനാൽ ഡോക്ടറുടെ സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കരിങ്ങാട് പൊയിലോംചാൽ എന്നിവിടങ്ങളിലുള്ള സബ്സെന്ററുകൾക്ക് സ്വന്തമായ കെട്ടിടങ്ങൾ ഉണ്ടെങ്കിലും ആവശ്യമായ ഫർണ്ണിച്ചറുകളോ വൈദ്യുതിയോ നിലവിലില്ല. ഇവിടങ്ങളിൽ ഡോക്ടറുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. കൂടാതെ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കേണ്ടതുമാണ്.

### പട്ടിക - 10

| ജനന മരണ വിവരങ്ങൾ | | | |
|---|---|---|---|
| വർഷം | ജനനം | മരണം | ചാപ്പിള്ള |
| 1993 | 166 | 69 | ഇല്ല |
| 194 | 67 | 67 | ഇല്ല |
| 1995 | 105 | 56 | ഇല്ല |

മത്സ്യമാർക്കറ്റ്, ഇറച്ചിവിൽപന കേന്ദ്രം, കോഴിസ്റ്റാൾ, ഹോട്ടലിൽ നിന്നു പുറത്തേക്ക് വരുന്ന മലിനജലം തുടങ്ങിയവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിസരമലിനീകരണം ഉണ്ടാക്കുന്നതോടൊപ്പം തന്നെ ചില സാംക്രമിക രോഗങ്ങൾക്കും കാരണമാകുന്നു. മത്സ്യമാർക്കറ്റിലും ഇറച്ചിവിൽപന കേന്ദ്രങ്ങളിലും ഹോട്ടലുകളിലും ശുചിത്വം പാലിക്കുകയും ഇറച്ചിക്കടകളിലും മത്സ്യമാർക്കറ്റുകളിലേയും അവശിഷ്ടങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിക്കാതിരിക്കുന്നതിനുവേണ്ട നടപടികൾ

സ്വീകരിക്കുകയും, ഹോട്ടലുകളിലെ മലിനജലം പുഴയിലേക്കൊഴുക്കുന്നത് തടയുകയും ചെയ്യുക. ബേക്കറികളും ശുചിത്വം പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

പുഴയോരങ്ങളിൽ മലവിസർജ്ജനം നടത്തുന്നത് തടയുക. ദുർബ്ബല ജനവിഭാഗങ്ങൾക്ക് കക്കൂസുകൾ നിർമ്മിക്കുന്നതിനു വേണ്ട ധനസഹായം നൽകുക. തൊട്ടിൽ പാലം പ്രദേശത്ത് വിവിധ കേന്ദ്രങ്ങളിലായി മൂത്രപ്പുരകളും കക്കൂസുകളും സ്ഥാപിക്കുക. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുക. കൊതുകു നിവാരണ പദ്ധതികൾ നടത്തുക.

പഞ്ചായത്തിന്റെ കേന്ദ്രമായ തൊട്ടിൽപാലത്ത് ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുക. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനോടൊപ്പം തന്നെ ആരോഗ്യരംഗത്തെ പ്രവർത്തകരുടെ സേവനം കാര്യക്ഷമമാക്കേണ്ടതും ആണ്. - പ്രാദേശികാടിസ്ഥാനത്തിൽ രോഗനിർണ്ണയക്യാമ്പുകൾ സംഘടിപ്പിക്കുക. രക്തദാനവും നേത്രദാനവും പ്രോത്സാഹിപ്പിക്കാൻ വേണ്ട പ്രചാരണ പരിപാടികൾ ആവിഷ്കരിക്കുകയും. ഔഷധ സസ്യ ചികിത്സാരംഗം പരിപോഷിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക. സമീകൃതാഹാരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

# വ്യവസായ മേഖല

താരതമ്യേന വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് കാവിലുംപാറ. വൻകിട വ്യവസായങ്ങളൊന്നും തന്നെ ഇവിടെയില്ല. ആധുനിക ചെറുകിട വ്യവസായങ്ങളിൽ പൈക്കളങ്ങാടിയിലുള്ള "വെസ്റ്റേൺ ഫൈബർ ലിമിറ്റഡ് കമ്പനി" മാത്രം ഉൾപ്പെടുന്നു. ഈ പ്രദേശത്ത് അനവധി ചെറുകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്.

**നിലവിലുള്ള വ്യവസായങ്ങൾ: ഒരവലോകനം**

1. വെസ്റ്റേൺ ഫൈബർ ലിമിറ്റഡ് കമ്പനി : പതിറ്റാണ്ടുകൾക്ക് മുമ്പ് 200 തൊഴിലാളികളുമായി പ്രവർത്തനമാരംഭിച്ച കമ്പനി ഇന്ന് 50 തൊഴിലാളികളുമായി പ്രവർത്തിക്കുന്നു. കമ്പനി പുറം തള്ളുന്ന ചകിരിച്ചോറ് പോലെയുള്ള മാലിന്യങ്ങൾ കമ്പനിയുടെ പ്രവർത്തനത്തിനും പരിസ്തിതിക്കും ഭീഷണിയുയർത്തുന്നു. കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന പ്രസ്തുത മാലിന്യങ്ങൾസംസ്കരിച്ച് ഉപയോഗപ്പെടുത്തുകയോ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുകയോ വേണം. കമ്പനിയുടെ ഉൽപാദനം ഇതിനാൽ തന്നെ 75% ശതമാനം കണ്ട് കുറയാനും ക്രമേണ കമ്പനി നിർജ്ജീവമാകാനുമുള്ള സാദ്ധ്യതയും സമീപസ്ഥമാണ്.

2. സാമാന്യം നല്ലനിലയിൽ പ്രവർത്തിച്ചുപോരുന്ന 3 ടയർ റീസോളിംഗ് കമ്പനികൾ 2 ഈർച്ചമില്ലുകൾ, 3 ധാന്യം പൊടിക്കുന്ന മില്ല്, വെളിച്ചെണ്ണ മില്ലുകൾ എന്നിവ ടൗൺ കേന്ദ്രമായി പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമെ ചാത്തൻകൊട്ട നടയിലും കാവിലുംപാറയിലും ഓരോ ധാന്യം പൊടിപ്പിക്കുന്ന മില്ലുകളും പ്രവർത്തിക്കുന്നു.

3. തൊട്ടിൽപാലം ടൗൺ കേന്ദ്രമായി ഒരു അപ്ഹോളിസ്റ്ററി വർക്ഷോപ്പ്, രണ്ട് മോട്ടോർ ഇലക്ട്രിക്കൽ വർക്ക്ഷോപ്പ് ഒരു മോട്ടോർ എഞ്ചിനിയറിംഗ് - ഇൻഡസ്ട്രിയൽ യൂനിറ്റ്, 11 ഇലക്ട്രോണിക്സ് ഷോപ്പുകൾ, 5 ഫർണ്ണീച്ചർ ഷോപ്പുകൾ, കെട്ടിടനിർമ്മാണ സാമഗ്രികളുടെ വ്യാപരം നടത്തുന്ന 7 കടകൾ 5 വെൽഡിംഗ് ഇൻഡസ്ട്രിൽ യൂനിറ്റുകൾ 2 വുഡ്വർക്ക് ഷോപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു.

4. 9-ാം വാർഡിൽ 4 ബേക്കറിയുൽപ്പന്ന നിർമ്മാണ യൂനിറ്റു

കൾ പ്രവർത്തിക്കുന്നു

5. നാലാം വാർഡിലെ മഹിള കറി പൗഡർ യൂനിറ്റ്. പ്രവർത്തനം ഇന്ന് മോശമാണ്. ഈ യൂനിറ്റിനെ സാങ്കേതികമായും സാമ്പത്തികമായും സഹായിക്കുന്നത് പഞ്ചായത്തിന്റെ കടമായാകണം.

6. VI -ാം വാർഡിലെ ദീപ്തി മഹിളാസമാജം യൂനിറ്റിൽ ചെരിപ്പു കുട ബാഗ് ഇവ നിർമ്മിക്കുന്നു. ഇവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായം പഞ്ചായത്തിൽ നിന്ന് ലഭ്യമാകേണ്ടതാണ്.

7. വാർഡ് 2 കൂടലിലെ ഓയിൽമിൽസ് ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. ഇത് പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. 5ാം വാർഡിൽ രണ്ട് ഓല മടയൽ യൂനിറ്റ് പ്രവർത്തിക്കുന്നു. ഇവിടെനിന്ന് ഓലകൾ ഈ പഞ്ചായത്തിലേക്കും അയൽജില്ലയായ വയനാട്ടിലേക്കും ധാരാളമായി കയറ്റിപ്പോകുന്നു.

9. IX-ാം വാർഡിലെസോപ്പ് -ഫിനോയിൽ -വാർണിഷ് നിർമ്മാണ യൂനിറ്റ് പ്രവർത്തിക്കുന്നു

10. കുടിൽ വ്യവയാസമായി IX-ാം വാർഡിൽ പപ്പട നിർമ്മാണവും 3ാം വാർഡിൽ കയർ നിർമ്മാണവും നടക്കുന്നു. കുട്ട, പായ എന്നിവയുടെ നിർമ്മിതിക്കുള്ള രണ്ട് യൂനിറ്റുകളും 3ാം വാരഡിൽ പ്രവർത്തിക്കുന്നുണ്ട്. ഈ യൂനിറ്റുകൾക്ക് വേണ്ടുന്ന പ്രോത്സോഹനം ലഭിക്കുന്നില്ല.

**സാദ്ധ്യതകൾ - നിർദ്ദേശങ്ങൾ**

1. ഒരു നാളികേര കോംപ്ലക്സ് - തിരുവമ്പാടി മാതൃക - ഈ പഞ്ചായത്തിൽ സ്ഥാപിക്കുക. ഇതിലേക്ക് ആവശ്യമായ സ്ഥലം 50ാം വാർഡിൽ ചോയിമുക്കിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ കേന്ദ്രത്തിലേക്ക് ആവശ്യമായ നാളികേരം ശേഖരിക്കുക തൊട്ടിൽപാലം കേന്ദ്രമായി ഒരു സംഭരണ കേന്ദ്രവും തുടങ്ങുക. കാവിലുംപാറ സർവ്വീസ് സഹകരണ ബാങ്കിന്റെ കൊപ്രശേഖരണം പുനരാരംഭിക്കുകയും ചെയ്യുക.

2. പഞ്ചായത്തിൽ നിന്ന് നേരിട്ടോ,കൃഷി ഓഫീസ് മുഖേനെയോ "മിനികൊപ്പ ഡ്രയർ" മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുക.

3. ചിരട്ടക്കരി, ചിരട്ടമഷി (പെയിന്റ്) ചിരട്ട ചിപ്സ്, എന്നിവയുടെ ഒരു നിർമ്മാണ യൂനിറ്റ് രൂപീകരിക്കുക.

4. തേങ്ങവെള്ള സംസ്കരണവും അനുബന്ധ ഉൽപന്നങ്ങളും ഉണ്ടാക്കുവാനുള്ള യൂനിറ്റുകൾ തുടങ്ങുക

5. പുൽത്തൈല നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ മലമ്പ്രദേശങ്ങളിൽ സുലഭമാണെങ്കിലും ആധുനിക സാങ്കേതിക വിദ്യയുടേയും യന്ത്രസാമഗ്രികളുടെയും അഭാവം ഉണ്ട്. ഈ രംഗത്ത് താൽപര്യമുള്ളവർക്ക് വേണ്ടുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക. കുടിയേറ്റ കാലത്ത് കർഷകർക്ക് പുൽത്തൈലം നല്ലൊരു വരുമാനമാർഗ്ഗമായിരുന്നു എന്നത് ശ്രദ്ധേയമാണ്.

6. വനിതകൾക്കായിതൊട്ടിൽപാലം ടൗൺ കേന്ദ്രീകൃതമായി ഒരു പാൽ സംസ്കരണ - വിപണന യൂനിറ്റ് തുടങ്ങുക. ഇവിടെ പാൽപൊടി, ചോക്ലേറ്റ്, ബിസ്ക്കറ്റ്, ബേബിഫുഡ്, കേക്ക്, ഹൽവ, ഐസ്ക്രീം മുതലായവ ഉണ്ടാക്കുക.

7. റെഡിമേയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണ രംഗത്ത് പരിശീലനം നൽകുകയും നിർമ്മാണ യൂനിറ്റുകൾ തുടങ്ങുകയും ചെയ്യുക. തൊട്ടിൽപാലത്ത് ഇവയുടെ വിപണനത്തിനായ ഒരു ഷോറൂമും തുടങ്ങുക.

8. ഗോൾഡ് കവറിംഗ് ആഭരണങ്ങളുടെ ഡിമാന്റ് വർദ്ധിച്ച സാഹചര്യങ്ങളും കണക്കിലെടുത്ത് അവയുടെ നിർമ്മാണ യൂനിറ്റും തുടങ്ങുക.

9. മെഴുകുതിരി, സോപ്പ്, ലോഷൻ, നിർമ്മാണ യൂനിറ്റുകളെ പ്രോത്സാഹിപ്പിക്കുകയും പുതിയ സംരംഭങ്ങൾക്ക് സഹായം നൽകുകയും ചെയ്യുക.

10. ചെരിപ്പ് കുട, പെൻസിൽ, ബേഗ്, എന്നിവയുടെ നിർമ്മാണത്തിനും ബുക്ക്പെയിന്റിംഗ് എന്നിവക്ക് ആവശ്യമായ പരിശീലനം നൽകുകയും താൽപര്യമുള്ളവർക്ക് സാമ്പത്തിക

സഹായം നൽകി പ്രോത്സാഹി പ്പിക്കുകയും ചെയ്യുക.

11. തൊട്ടിൽപാലത്ത് ഒരു പെട്രോൾ – ഡീസൽപമ്പ് തുട ങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

12. അസംസ്കൃത വസ്തുവായ ചകിരി ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നതിൽ അതുപയോഗിച്ച് കയർ, കയർമാറ്റ് (പരവതാനി) അല ങ്കാവസ്തുക്കൾ എന്നിവയുടെ നിർമ്മാണ യൂനിറ്റുകൾ സ്ഥാപി ക്കുക.

13. പഞ്ചായത്തിൽ റബ്ബർപാലും ചകിരിയും സുലഭമായി ലഭിക്കു ന്നത് പ്രയോജനപ്പെടുത്തി ആധുനിക കിടക്ക സോഫ, കുഷ്യൻ, തലയിണ നിർ മ്മാണം പ്രോത്സാഹിപ്പി ക്കുകയും പുതിയ യൂനിറ്റുകൾ തുടങ്ങാൻ സാങ്കേതിക സാമ്പ തിക സഹായം നൽകുകയും ചെയ്യുക.

14. പി.വി. സി. വാട്ടർപൈപ്പ് ഇവ യുടെ ചെറുകിട യൂനിറ്റുകൾ തുടങ്ങുക.

15. മൂന്നാം വാർഡിൽ കീഞ്ഞുകു ടിയിൽ ഉപയോഗശൂന്യമായി കിടക്കുന്ന ടൂറിസ്റ്റ് ബംഗ്ലാവ് ഉപയോഗപ്പെടുത്തി ആധുനിക സൗകര്യമുള്ള ഒരു ബേക്കറി സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക

16. സഹകരണാടിസ്ഥാനത്തിൽ റബ്ബർ പാൽ സംഭരണ സംസ്ക രണ യൂനിറ്റുകൾ കുണ്ടുതോട്, – പൂതമ്പാറ കേന്ദ്രമായി തുട ങ്ങുക

17. പഞ്ചായത്തിൽ ഒരു കുമ്മായച്ചൂ ളയെങ്കിലും സ്ഥാപിക്കുകയും ടൗൺ കേന്ദ്രമായി അതിന് വിപ ണന സ്റ്റാൾ തുടങ്ങുകയും ചെയ്യുക.

18. അലൂമിനിയം ഫാബ്രിക്കേഷൻ കോഴ്സ് പൂർത്തിയാക്കിയ വർക്ക് കമ്പനി തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുക.

19. പ്രാദേശിക ജൈവവള യൂനിറ്റു കൾ പ്രോത്സാഹിപ്പിക്കുക.

20. അടക്ക സംസ്കരണ യൂനിറ്റു കൾ തുടങ്ങുക

21. പരമ്പരാഗത കൊല്ലപ്പണി ക്കാർക്കും യുവതലമുറക്കും ആധുനിക യന്ത്രോപകരണ ങ്ങളും സാങ്കേതിക ജ്ഞാനവും ലഭിക്കുവാനുള്ള സംവിധാനം പഞ്ചായത്ത് തല ത്തിൽ ഏർപ്പെടുത്തി തദ്ദേശീ യമായി കാർഷികോപകരണ നിർമ്മാണവും വിതരണവും ത്വരിതപ്പെടുത്തുക.

22. ആധുനിക സൗകര്യങ്ങളോടെ വാഹനസാമഗ്രികളുടെ ഒരു എഞ്ചിനിയറിംഗ് ഇൻഡസ്ട്രി തുടങ്ങാൻ സാദ്ധ്യതയുണ്ട്.

23. പഞ്ചായത്ത് തലത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂനിറ്റ് സ്ഥാപിക്കുക.

വിവിധ വ്യവസായ യൂനിറ്റുകൾ തുടങ്ങുന്നതിന് പട്ടികജാതി വർഗ്ഗ ത്തിൽ യോഗ്യരായ വർക്ക് പ്രത്യേകം പരിഗണന നൽകേണ്ട താണ്.

*"ഇന്ന് എല്ലാവരുടെയും ചുണ്ടത്തുനിന്ന് മാറാതെ നിൽക്കുന്ന ഒരു വാക്കുണ്ടെങ്കിൽ അതാണ് വികേന്ദ്രീകരണം. സ്വാതന്ത്ര്യസമ്പാദനത്തി നുശേഷവും നാം സഞ്ചരിച്ചുപോന്ന മാർഗ്ഗം, നാം മുമ്പു പ്രഖ്യാപിച്ച മഹാലക്ഷ്യങ്ങളോട് ഒട്ടും പൊരുത്തമില്ലാതെ പോയെന്ന് ഈ വാക്കിന്റെ നവോത്ഥാനം തെളിയിക്കുന്നു. ഇതുവരെ നാം സഞ്ചരിച്ച മാർഗ്ഗം നമ്മെ എവിടെയെത്തിച്ചുവോ, അവിടെയല്ല എത്തേണ്ടത് എന്നാണ് വികേന്ദ്രീകരണം വേണമെന്ന പുതിയ ചിന്താഗതി വ്യക്തമാക്കുന്നത്."*

***–സുകുമാർ അഴീക്കോട്.***

# ഗതാഗതം

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളിൽ അതി പ്രധാനമാണ് ഗതാഗതം. സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ബഹുജന പങ്കാളിത്തത്തോടെ; നിർമ്മിച്ചതാണ് പഞ്ചായത്തിലെ ബഹുഭൂരിപക്ഷം റോഡുകളും. നമ്മുടെ പഞ്ചായത്തിന്റെ ചിലവിനത്തിൽ നല്ലൊരു പങ്ക് ചിലവഴിക്കുന്നത് റോഡുകളുടെയും നടപ്പാതകളുടെയും നിർമ്മാണത്തിനാണ്. പുതിയതായി നിർമ്മിക്കപ്പെടുന്ന റോഡുകളുടെ അശാസ്ത്രീയത മൂലം പല പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. വിദഗ്ധന്മാരുടെ നിർദ്ദേശാനുസരണം നിർമ്മിക്കാത്തതിനാൽ, പല റോഡുകളും പുനർ നിർമ്മിക്കേണ്ടിവരുക പതിവാണ്. അതുകൊണ്ടുതന്നെ പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾവിദഗ്ധോപദേശവും കൂട്ടായ ചർച്ചയും അത്യാവശ്യമാണ്.

കാവിലുംപാറ പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ, സ്വാതന്ത്ര്യലബ്ദിക്കുമുമ്പ് തന്നെ 'പിയേഴ്സ് ലസ്ളി' കമ്പനി 'കുറ്റ്യാടി എസ്റ്റേറ്റിലേക്ക്, സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിന് ഒരു റോഡ് പണിതിരുന്നു. ഇതാണ് ഇന്നത്തെ 'കുണ്ടുതോട് - തൊട്ടിൽപ്പാലം റോഡ്'. ടിപ്പുസുൽത്താന്റെ പടയോട്ടകാലഘട്ടത്തിൽ പീരങ്കി വലിച്ചുകൊണ്ടുപോകുന്നതിന് പറ്റിയ രീതിയിൽനിർമ്മിച്ച് 'കുറ്റ്യാടി - വയനാട് ' റോഡും പ്രഥമഗണനീയമാണ്. ഈ റോഡ് പിന്നീട് പരിഷ്കരിച്ചതാണ് ഇപ്പോഴത്തെ കുറ്റ്യാടി - മാനന്തവാടി റോഡ്. കിഴക്കൻ മലനിരകളിൽനിന്ന് മരം കൊണ്ടുപോകുന്നതന് സ്ലീപ്പർ നിർമ്മാണത്തിനും CC കമ്പനി വക കൂപ്പ് റോഡുകളായി നിർമ്മിക്കപ്പെട്ടതാണ് മൂന്നാംകൈ - കരിങ്ങാട് റോഡും ചുരങ്ങി റോഡും. പൊയിലോംചാലിലുള്ള ഏലത്തോട്ടത്തിലേക്ക്, തോട്ടമാവശ്യങ്ങൾക്ക് മറ്റൊരു റോഡ് നിർമ്മിച്ചിരുന്നു. കുണ്ടുതോട് - തൊട്ടിൽപാലം റോഡ് ബ്രിട്ടീഷ് കമ്പനിക്കാരുടെ കൈവശമായിരുന്നപ്പോൾ കന്നുകാലികൾക്കും വാഹനങ്ങൾക്കും ചുങ്കം പിരിവ് ഏർപ്പെടുത്തിയിരുന്നു. ഈ ഏർപ്പാടിനെതിരായി വമ്പിച്ച ബഹുജനപ്രക്ഷോഭങ്ങൾ സംഘടിപ്പിക്ക പ്പെടുകയും തൽഫലമായി ചുങ്കം പിരിവ് നിർത്തുകയും സ്വതന്ത്രമായ യാത്രാ സൗകര്യം നിലവിൽ വരികയും ചെയ്തു. കുണ്ടുതോട് ഭാഗങ്ങളിലേക്ക് ചുരുക്കം കുടിയേറ്റ കർഷകരും കമ്പനിക്കാരും യാത്രക്ക് വേണ്ടി കുതിരകളെ ഉപയോഗിച്ചിരുന്നു. തൊട്ടിൽപാലത്തേക്ക് ആദ്യമായി ബസ്സർവ്വീസ് ആരംഭിച്ചതും 1960ൽ 'പുഞ്ചിരി മോട്ടോഴ്സ് സർവീസ് വക പി. എം. എസ്. ബസ് ആണ്.

പഞ്ചായത്തിൽ ആകെ 205.600 കിലോമീറ്റർ റോഡുകളാണുള്ളത്. ഇതിൽ 36-100 കിലോമീറ്റർ PWD റോഡാണ്. PWD റോഡുകളിൽ ടാർ ചെയ്തത് 31-200 കിലോമീറ്ററും, ടാർ ചെയ്യാത്തത 4.900 കിലോമീറ്ററും ആണ്. പഞ്ചായത്ത് ടാർ ചെയ്തത് 8.1 കിലോമീറ്റർ റോഡാണ്. 2.1 കിലോമീറ്റർ റോഡ് മെറ്റൽ ചെയ്തതും 159.3 കിലോമീറ്റർ മൺറോഡുകളുമാണ്.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ റോഡ് ശൃംഖലകൾ വിപുലമാണെങ്കിലും എല്ലാ റോഡുകളും ഗതാഗതയോഗ്യമല്ല.

കനത്ത മഴലഭിക്കുന്ന മലയോര മേഖലകളിൽ കുത്തനെയുള്ള റോഡുകളാണുള്ളത്, മണ്ണൊലിപ്പ് പ്രശ്നം ഉള്ളതുകൊണ്ടും യഥാസമയം അറ്റകുറ്റ പണികൾ നടത്താൻ കഴിയാത്തതുകൊണ്ടുമാണ്, റോഡുകൾഗതാഗതയോഗ്യമല്ലാതാകുന്നത്.

- ❑ നൂറിലധികം ബസുകളും 200 ഓളം ജീപ്പുകളും കൂടാതെ മറ്റു പലതരം വാഹനങ്ങളും പഞ്ചായത്തിലൂടെ സർവീസ് നത്തുന്നുണ്ട്. ജില്ലാന്തര ബസ് സർവ്വീസുകളും, സംസ്ഥാനാന്തര ബസ്, ലോറി സർവീസുകളും തൊട്ടിൽപാലം കേന്ദ്രമാക്കി സർവീസ് നടത്തുന്നുണ്ട് വിപുലമായ സൗകര്യങ്ങളോടു കൂടിയ ഒരു ബസ്സ്റ്റാന്റ് ആവശ്യമാണെങ്കിലും വളരെ പരിമിതമായ സൗകര്യങ്ങൾ മാത്ര

മുള്ള ഒന്നാണ് ഇപ്പോൾ നില വിലുള്ളത്.

- ❑ തൊട്ടിൽപാലത്തുനിന്നും വയ നാട് ഭാഗങ്ങളിലേക്കും, മറ്റ് വിദൂരങ്ങളിലേക്കും യാത്ര ചെയ്യേണ്ടവർക്ക് യഥേഷ്ടം ബസ് സൗകര്യം ലഭിക്കുന്നില്ല.
- ❑ ടാക്സി ജീപ്പുകൾക്കും, മിനി ലോറികൾക്കും നിർത്തിയിടാൻ ഒരു സ്റ്റാന്റ് നിലവിലില്ല.
- ❑ മലയോര പ്രദേശങ്ങളിലേക്ക് ഇപ്പോഴുള്ള ബസ്സർവീസു കൾവളരെ പരിമിതമാണ്. യാത്രാ പ്രശ്നം വളരെ രൂക്ഷ മാണ്.
- ❑ ടാർചെയ്ത റോഡുകളുടെ സൈഡ് കെട്ടി സംരക്ഷിക്കാ ത്തതിനാൽ റോഡുകൾ പൊട്ടി പ്പൊളിഞ്ഞുപോകുന്നു.
- ❑ വെള്ളം ഒഴുകിപ്പോകുന്നതിന് അഴുക്ക്ചാലുകൾ ഇല്ലാത്തതു കൊണ്ട് ഉള്ളവ തന്നെ വേണ്ട രീതിയിൽപരിപാലിക്കപ്പെടാത്ത തുകൊണ്ടും റോഡുകളുടെ ശോചനീയാവസ്ഥ വർദ്ധി ക്കുന്നു.
- ❑ മൺറോഡുകളിലൂടെയുള്ള യാത്ര; മഴക്കാലങ്ങളിൽ വളരെ ദുർഘടമാണ്.
- ❑ വൈദ്യുത ലൈൻ കടന്നുപോ കുന്ന പ്രധാന റോഡുകളിൽ വഴിവിളക്കുകളില്ല.

**സാധ്യതകൾ**

- ❖ റോഡ് നിർമ്മാണത്തിൽ ജന കീയ പങ്കാളിത്തം ഉറപ്പുവരു ത്തുക.

  ഓരോ പ്രദേശത്തും റോഡ് നിർമ്മിക്കുമ്പോൾ തദ്ദേശവാസി കളെ പങ്കാളികളാക്കി. അവ രുടെ സഹകരണത്തോടെ റോഡ് നിർമ്മിക്കുക. ഇത് റോഡിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും സഹായിക്കും.
- ❖ അഴുക്കുചാലുകൾ നിർമ്മിക്കു കയും അവ വേണ്ടരീതിയിൽ പരിപാലിക്കുകയും ചെയ്യുക. ഇത് റോഡുകൾ പൊട്ടിപ്പൊളി യുന്നത് തടയും.
- ❖ റോഡിന്റെ ഇരുവശങ്ങളിലും സ്വകാര്യ വ്യക്തികൾ മരങ്ങളും കല്ലുകളും മറ്റുവസ്തുക്കളും കാലാകാലമായി നിക്ഷേപിക്കു ന്നത് തടയുക. ഇത് അഴുക്കു ചാലുകൾ നികന്നുപോകാതിരി ക്കാനും വെള്ളമൊഴുക്ക് തടസ്സ പ്പെടുത്താതിരിക്കാനും സഹാ യിക്കും.
- ❖ എല്ലാവർഷവും മഴക്കാലും തുടങ്ങുന്നതിന് മുമ്പ് ഓടകൾ വൃത്തിയാക്കി വെള്ളം ഒഴുകി പ്പോകാൻ തടസ്സമില്ലാത്തവിധം ആക്കുക.

  പഞ്ചായത്തിലെതൊട്ടിൽ പാലം - കുണ്ടുതോട് റോഡ്, തൊട്ടിൽപാലം - പക്രംതളം റോഡ്, തൊട്ടിൽ പാലം - മരു തോങ്കര റോഡ്, ചാത്തങ്കോട്ടു നട - പശുക്കടവ് റോഡ്, ചാപ്പ ന്തോട്ടം - പൊയിലോഞ്ചാൽ റോഡ്, മൂന്നാംകൈ - കരി ങ്ങാട് റോഡ്, കുണ്ടുതോട് - വണ്ണാത്തിയറ്റ് റോഡ് എന്നിവ ഇത്തരത്തിൽ സംരക്ഷിക്കേണ്ട വയാണ്.
- ❖ റോഡുകളുടെ സംരക്ഷണ ത്തിന് പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.
- ❖ ജനങ്ങളുടെ ചിരകാലാഭിലാഷ മായ തൊട്ടിൽപാലം ബസ്സ്റ്റാന്റ് വിപുലമായ സൗകര്യങ്ങളോടെ പുനർനിർമ്മിക്കുക.
- ❖ ടാക്സി ജീപ്പുകൾ, മിനിലോറി കൾ എന്നിവ പാർക്കുചെയ്യുന്ന തിന് പ്രത്യേക സ്റ്റാന്റ് നിർമ്മി ക്കുക.
- ❖ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് രാവിലെയും വൈകുന്നേരവും ബസ്സർവീസുകൾ ആരംഭി ക്കുക
- ❖ കുടിയേറ്റ കർഷകർ കൂടുത ലുള്ള ഈ പഞ്ചായത്തിൽ നിന്നും തിരുവിതാംകൂർ ഭാഗ ത്തേക്ക് മുൻപുണ്ടായിരുന്ന കെ. എസ്. ആർ. ടി. സി. ബസ് സർവീസ് പുനരാരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരി ക്കുക.
- ❖ പഞ്ചായത്ത് തൊട്ടിൽപാലം കേന്ദ്രമാക്കി ഒരു കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോ തുടങ്ങാൻവേണ്ട നടപടികൾ സ്വീകരിക്കുക.
- ❖ കേടായ റോഡുകൾ യഥാസമ യത്തുതന്നെ റിപ്പേർ ചെയ്യുക. റോഡുകൾസംരക്ഷിക്കുന്ന തിനും സാമ്പത്തിക നേട്ട ത്തിനും ഇതുവഴി സാധിക്കും.
- ❖ പുതിയ റോഡുകൾ നിർമ്മിക്കു ന്നതിനേക്കാൾ പ്രധാനം ഉള്ളവ അറ്റക്കുറ്റ പണികൾ

നടത്തി ഗതാഗത യോഗ്യമാക്കി തീർക്കുകയാണ്.

**സാദ്ധ്യതകൾ**

- റോഡുകൾ നിർമ്മിക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കളുടെയും യുവജന പ്രസ്ഥാനങ്ങളുടെയും സഹായം തേടാവുന്നതാണ്.
- റോഡുകൾ തകരാറിലാക്കുന്ന പ്രവർത്തികൾ കാണുമ്പോൾ അത് പെട്ടെന്ന് തടയുന്നതിനുള്ള നടപടികൾ ഉണ്ടാവുക.
- നിർമ്മിക്കപ്പെട്ടിട്ടുള്ള റോഡുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകണം.
- രാഷ്ട്രീയപാർട്ടികൾ സന്നദ്ധ സംഘടനകൾ, കലാസാംസ്കാരിക സംഘടനകൾ എന്നിവരുടെ സഹായത്തോടെ ജനകീയപങ്കാളിത്തം റോഡ് നിർമ്മാണത്തിന് ഉറപ്പുവരുത്തേണ്ടതാണ്.
- റോഡുസംരക്ഷണത്തിനായി ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് സംരക്ഷണം ഉറപ്പുവരുത്താവുന്നതാണ്.
- പ്രാദേശിക വിഭവ സമാഹരണത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും നിർമ്മാണത്തിനും സംരക്ഷണത്തിലും വിഭവം സ്വരൂപിക്കാവുന്നതാണ്.
- പ്രധാന റോഡുകളിൽ റോഡിന്റെ പേരും മറ്റു സൂചനകളു കാണിക്കുന്ന ബോർഡുകൾസ്ഥാപിക്കുന്നതിന് പല സ്ഥാപനങ്ങളെക്കൊണ്ടും സ്പോൺസർ ചെയ്യിക്കാവുന്നതാണ്.
- ട്രാഫിക് നിയമങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുക.
- തൊട്ടിൽപാലം ടൗണിൽ ഓട്ടോറിക്ഷാ സർവീസുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുക.
- പഞ്ചാത്തിലെ ടാർ ചെയ്ത റോഡുകളിലും ബസ് സർവീസ് നടത്തുവാൻ യോഗ്യമായ എല്ലാ സ്ഥലത്തും ബസ് സർവീസ് നടത്തുന്നതിന് നടപടികൾസ്വീകരിക്കുക.

**വികസിപ്പിക്കേണ്ടതും പുതുതായി നിർമ്മിക്കേണ്ടതുമായ മൺറോഡുകൾ**

**വാർഡ് 1.**

1. പത്തേക്കർ റോഡ്

2. വണ്ണത്താൻ കോട്ട – കോളനി റോഡ്

3. കോളിത്തറ്റ് – കായക്കൊടി റോഡ്

4. ചൊത്തക്കൊല്ലി – ഓടേരി പൊയിൽ റോഡ്

5. റേഷൻകട – ചെമ്പോത്തുംപൊയിൽ – വിലങ്ങാട് റോഡ്

**വാർഡ് II**

1. മൂന്നാകൈ – കരിങ്ങാട് റോഡിൽ നിന്ന് ചുരണി വഴി പക്രംതളം റോഡ്.

2. ചൊത്തക്കൊല്ലി – ഓടേരിപോയിന്റ് റോഡ്.

3. ചുരണി – കാരിമുണ്ട – ലഡാക്ക് – കരിങ്ങാട് റോഡ്

4 കുടൽ കോളനി – വളയംകോട് – ചുരണി

5. കാരിമുണ്ട – ലഡാക്ക് – പൂതമ്പാറ റോഡ്

6. ചൊത്തക്കൊല്ലി – വളയംകോട് – ചൂഴികപ്പള്ളി – പൂതമ്പാറ റോഡ്

7. കരിങ്ങാട് സ്കൂൾ – പീടികപ്പാറ റോഡ്.

8. കരിങ്ങാട് റേഷൻ കട – പറയര്തോട്ടം ഭാഗം റോഡ്

9. 1 , 2, വാർഡുമായി ബന്ധിപ്പിക്കുന്ന S.N.D.P. റോഡ്,

10. മുളവട്ടം – ചീളിയാട് – ചുരണി റോഡ്.

11. പട്ടിയാട്ട് ചീളിയാട് റോഡ്

**വാർഡ് III**

1. പുളിക്കൽ കവല – മൂന്നാം പെരിയ റോഡ്

2. ചൂരണി – കരിങ്ങാട് റോഡ്

3. കീഞ്ഞൂടി – മൂക്കുമുറിയൻ – ചൂരണി റോഡ്

ജില്ല : കോഴിക്കോട്

താലൂക്ക് വടകര

കാവിലുംപാറ പഞ്ചായത്ത്



4. മൂളവട്ടം – പൂളപ്പാറ റോഡ്

5. വലിയ ചൂരണി റോഡ്,

6. ചാത്തൻ കോട്ടു നട – കായലുവട്ടം റോഡ്

7. കോൺവെന്റ് – വെള്ളുവൻകുന്ന് റോഡ്

8. കുഞ്ഞിമറ്റം – ചൂരണി റോഡ്

9. ഇരുട്ടുവളവ് – മുളകുതോട്ടം.

10. ചാപ്പൻ തോട്ടം പാലം – പൂളപ്പാറ റോഡ്

വാർഡ് IV

1. പൊയിലോംചാൽ – പുത്തൻപീടിക– മൂന്നാം പെരിയറോഡ്.

2. മുറ്റത്ത്പ്ലാവ് – പൊയിലോംചാൽ – ലിങ്ക്റോഡ്.

3. മുറ്റത്ത് പ്ലാവ് – കുറവൻതോട് – പൊയിലോം ചാൽ റോഡ്.

4. മുറ്റത്തുപ്ലാവ് എൽ.പി. സ്കൂൾ റോഡ്.

5. കവുങ്ങികീഴുമല – തകടിയേൻ കുന്ന് റോഡ്.

6 പൊയിലോംചാൽ – വലിയകൊടപ്പടി – വയ നാട് റോഡ്.

7. പൊയിലോംചാൽ – വലിയകൊടപ്പടി – വയ നാട് റോഡ്

8. മുറ്റത്ത്പ്ലാവ് പുൽപ്പാറ മലറോഡ്

വാർഡ് V

1. ആശ്വാസി – നാഗം പാറ – ചാപ്പൻതോട്ടം റോഡ്

2. ചോയിമുക്ക് – ആനക്കുളം – പുതുക്കാട് റോഡ്

3. കുണ്ടുതോട് – ചപ്പാരത്തുനട റോഡ്

4. നാഗമ്പാറ – കായൽവട്ടം റോഡ്

5. കൂടൽ – കൂരൻകുണ്ട് റോഡ്,

7. ചീത്തപ്പാട് –പട്ട്യാട്ട് റോഡ്

8. കുണ്ടുതോട് – തോട്ടക്കാട് റോഡ്,

9. മുറ്റത്ത്പ്ലാവ് – ആനക്കുളം എൽ. പി. സ്കൂൾ റോഡ്

10. ആനക്കുളം – നാഗമ്പാറ റോഡ്,

വാർഡ് VI

1 വട്ടിപ്പന – പുൽപ്പാറ – പശുക്കടവ് റോഡ്

2. പി.ടി ചാക്കോ സ്മാരകം – മുറ്റത്തുപ്ലാവ് റോഡ്

3. തേൻപാറ – വട്ടിപ്പന റോഡ്

4. ഏലക്കണ്ടി – കുരുടൻകടവ് റോഡ്.

5. കുണ്ടുതോട് – ഗവ: യു. പി സ്കൂൾ റോഡ്

6. ഏലക്കണ്ടി – കുണ്ടുതോട് വട്ടിപന റോഡ്

7. കുരുടൻകടവ് ബാലവാടി റോഡ്

8. ഏലക്കണ്ടി അമ്പലം – നെല്ലിക്കുന്നു റോഡ്

9. ഏലക്കണ്ടി മാഞ്ഞുകുന്നു റോഡ്

10. മുറ്റത്തുപ്ലാവ് – താഴെവണ്ണാത്തീയറ്റ് റോഡ്

11. തേൻപാറ – കുരിശുമല റോഡ്

12. പാമ്പൻ കോട് – പാറക്കടവ് റോഡ്

13. താഴെകുരുടൻ കടവ് – പാറക്കടവ് റോഡ്

14. മീൻപറ്റി – മുളകുതോട്ടം റോഡ്

15. പുൽപ്പാറ – ചാക്കോനഗർ റോഡ്

16. വട്ടിപ്പന – തേൻപാറ റോഡ്

വാർഡ് VII

1 കുണ്ടുതോട് – മാമ്പിലാട് – കോതോട് റോഡ്.

2. മുണ്ടവയൽ – തോട്ടക്കാട് – ബെൽ മൗണ്ട് റോഡ്

3. ആശ്വാസി – വട്ടകൈത – മാമ്പിലാട് റോഡ്.

4. ആശ്വാസി –വട്ടകൈത റോഡ്

5. എടത്തും – വേലിക്കകത്ത് – അമ്മിയാർച്ചാൽ റോഡ്

6. കല്ലുനിര – കലങ്ങോട് റോഡ്

7. കുണ്ടുതോട് – തോട്ടക്കാട് റോഡ്

8. ആശ്വാസി – കല്ലുനിര റോഡ്

വാർഡ് VIII

1. മരുതോങ്കര – കായക്കൊടി – കുറ്റ്യാടി റോഡ്.

2. കാവിലുംപാറ – കല്ലുംപുറം ലക്ഷംവീട് – പൈക്കാട്ടുമ്മൽ റോഡ്

3. മരുതോറ – പൊറ്റക്കര റോഡ്

വാർഡ് IX

1. തൊട്ടിൽപ്പാലം അങ്ങാടി – ഓടൻകാട് കരിങ്ങാട് കോളനി റോഡ്.

2. ബസ്സ്റ്റാൻ – ബിന്ദുടാക്കീസ് – ഓടൻകാട്ടു മ്മേൽ റോഡ്

3. ചകിരിക്കമ്പനി – നമ്പൂതിരിക്കടവ് റോഡ്

4. ആദിവാസി കോളനി – പൂക്കാട് റോഡ്

5. എം.എൽ. എ. റോഡ് – കണ്ടോത്തറ – കമ്മന ക്കുന്ന് റോഡ്.

വാർഡ് X

1. പൈക്കളങ്ങാടി – കരിമ്പാലക്കണ്ടി റോഡ്.

2. കമ്മനക്കുന്ന് – കയ്യുണ്ടത്തിൽ – തൊട്ടിൽപാലം റോഡ്.

പഞ്ചായത്തിലെ ടാർചെയ്ത റോഡുകൾ സംബ സ്ഥിച്ച വിവരം

നമ്പർ റോഡ് ഉടമസ്ഥത ദൂരം KM വീതി Mtr. ബസ്സ്

1. തൊട്ടിൽപാലം – പക്രംതളം PWD 12/8

2. തൊട്ടിൽപാലം – കുണ്ടുതോട് PWD 6/8

3. തൊട്ടിൽപാലം – മരുതോങ്ക PWD 1.5 km/8

4. മൂന്നാകൈ – കരിങ്ങാട് PWD 4/8

5. ചാത്തൻകോടു നട – പശുക്കടവ് PWD 10/8

6. ചൂരണി – പൂതംപാറ PWD 1/8

7. കുണ്ടുതോട് – പി. ടി. ചാക്കോ നഗർ 2/8

8. ചാപ്പൻതോട്ടം – പൊയിലോംചാൽ 2/8

9 കുണ്ടുതോട് – മുണ്ടവയൽ റോഡ് 1.5 km 8

10. പഞ്ചായത്ത് – പൊറ്റക്കര റോഡ് 1/8

11. കുണ്ടുതോട് – പുതുക്കാട് 400 മീ

12. കുണ്ടുതോട് – ഏലക്കണ്ടി 400 മീ

| 1996 – 97നടത്തിയ റിപ്പയർ | ചെലവ്. ക. |
|---|---|
| 1 ഏലക്കണ്ടി – ഇഞ്ചിപ്പാറ റോഡ് | 4779.00 |
| 2. മരുതോറ – മഞ്ചക്കടമ്പ് റോഡ് | 4693.00 |
| 3. കല്ലുനിരകലങ്ങോട് | 4706.00 |
| 4. ചീത്തപ്പാട് – ആനക്കുളം | 4800.00 |
| 5 കായൽവട്ടം കൊട്ടാറ | 4950.00 |
| 6. മുറ്റത്ത്പ്പിലാവ് – കുരുടൻകടവ് | 4500.00 |
| 7. കൊടപ്പടിപാലം – കൊടപ്പടി റോഡ് | 4950.00 |
| 8. മൂന്നാംപെരിയ – പുത്തംപീടിക റോഡ് | 4800.00 |
| 9. കരിങ്ങാട് – പറയര് തോട്ടം | 4800.00 |
| 10. ആനക്കുളം – പുതുക്കാട് | 4693.00 |
| 11. വള്ളുവൻകുന്ന് – കോൺവെന്റ് റോഡ് | 4654.00 |
| 12. ആശ്വാസി – കാഞ്ഞിരാണ്ടി റോഡ് | 2745.00 |
| 13 ചാപ്പന്തോട്ടം പൊയിലോഞ്ചാൽ | 4951.00 |
| 14. മുറ്റത്ത് പ്ലാവ് – എൽ. പി. എസ്. ആനക്കുളം | 3675.00 |
| | **63696.00** |

| താൽക്കാലിക മരപ്പാലം 1 | |
|---|---|
| 1. മുളവടം ബാലവി???/ | 975.00 |
| 2. കുരുടൻകടവ് നടപ്പാൽ | 3290.00 |
| 3. മുളവട്ടം ചീളിയാട്ട് നടപ്പാലം | 3331.00 |
| 4. ചൂരണി – പക്രംതളം നടപ്പാലം | 680.00 |
| 5. പെരുമ്പള്ളി – നടപ്പാലം | 667.00 |
| 6. ചൂരണി – കുഞ്ഞിമുറ്റം – നടപ്പാലം | 12725.00 |
| 7. ആനക്കുളം – പുതുക്കാട് – നടപ്പാലം | 1725.00 |
| 8. പാറക്കുളം | 2566.00 |
| 9. ആശ്വാസി – ബാലവാടി | 2595.00 |
| 10. വലിയകൊടാപ്പി നടപ്പാലം | 3207.00 |
| 11. നാഗംപാറ നടപ്പാലം | 3283.00 |

| | |
|---|---|
| 13. പറയരുതോട് | 725.00 |
| 14. കരിമുണ്ടപുഴ നടപ്പാലം | 1607.00 |
| 15. കൊടപ്പടിപ്പുഴപ്പാലം | 396.00 |
| 16. പനയുള്ളപറമ്പ് – മീമ്പറ്റി നടപ്പാലം | 885.00 |
| 17 എടത്തും കുനിപുഴ നടപ്പാലം | 880.00 |
| 18. മീമ്പറ്റി മേലെ കടവ് നടപ്പാലം | 90.00 |
| 19. ഏച്ചിൽകണ്ടി താഴെകോൺക്രീറ്റ് നടപ്പാലം | 5000.00 |
| | **35021 .00** |

**മറ്റുപണികൾ**

| | |
|---|---|
| 1 പൂതംപാറ പൊതു ശ്മശാനം കമ്പിവേലി | 25874.00 |

**നടന്നുവരുന്ന പ്രവൃത്തികൾ**

| | |
|---|---|
| 1. ബാങ്ക്റോഡ് – പൊറ്റക്കര റോഡ് | 50,000.00 |
| 2. മത്സ്യമാർക്കറ്റ് റിപ്പയറിംഗ് | 27000.00 |
| 3. സാംസ്കാരികനിലയം കോമ്പൗണ്ട് വാൾ | 25000.00 |
| 4. മൂന്നാംകൈ–ആദിവാസികോളനിറോഡ് | 5000.00 |
| 5. ചാത്തങ്കോട്ട് നട–കായൽവട്ടംറോഡ് | 5000.00 |
| 6. മുറ്റത്ത്പ്ലാവ്–പൊയിലോഞ്ചാൽറോഡ് | 5000.00 |
| 7. കുണ്ടുതോട് – മുണ്ടവയൽ റോഡ് | 5000.00 |
| 8. മുറ്റത്ത്പ്ലാവ് – വണ്ണാത്തിയേറ്റ് റോഡ് | 5000.00 |
| 9. കാലക്കോട് – മരുതോറ്റ റോഡ് | 5000.00 |
| 10 ബസ്സ്റ്റാന്റ് – ബിന്ദു ടാക്കീസ് ഓടക്കാട് റോഡ് | 5000.00 |
| 11. അധികാരത്ത്തോട് നടപ്പാലം | 3000.00 |
| 12. എലക്കണ്ടി–ചീങ്കണ്ണിപ്പുഴ നടപ്പാലം | 3000.00 |
| | **1,37,000.00** |

വാർഡ് V

ചീത്തപ്പൊട് ബെൽമൗണ്ട് നടപ്പാത നിർമ്മിക്കുക

ചീത്തപ്പ കുണ്ടുതോട് റോഡിലേക്കുള്ള വഴിക്കു നടപ്പാലം

വാർഡ് VI

വാർഡ് VII

വാർഡ് VIII

പൈക്കളങ്ങാടിതാഴെ നടപ്പാലം

വാർഡ് IX

വാർഡ് X

**പുതുതായി നിർമ്മിക്കേണ്ട നടപ്പാലങ്ങളും നടപ്പാതകളും**

*നടപ്പാലങ്ങൾ*

വാർഡ് I

വാർഡ് II

1. വളയംകോട് – ചൊത്തക്കൊല്ലി പുഴയ്ക്ക് നടപ്പാലം

2 കാരിമുണ്ട, ലഡാക്ക് – പൂതമ്പാറയുമായി ബന്ധിപ്പിക്കുന്ന നടപ്പാലം

3. മുളവട്ടം ബാലവാടിക്ക് സമീപം നടപ്പാലം

വാർഡ് III

1 മുളവട്ടം, ചീളിയാട് – കാരിമുണ്ട പുഴ – നടപ്പാലം

2 പൂതമ്പാറ – കാരിമുണ്ട. നടപ്പാലം

3. കുഞ്ഞിമിറ്റം – ചുരണി നടപ്പാലം

4. മൂക്കുമുറിയൻ ചുരണി, പെട്ടംപുഴക്കടവ് നടപ്പാലം

5. രണ്ടാംവളവ് – കീഞ്ഞുകുടി പുഴക്കടവ് നടപ്പാലം

വാർഡ് IV

1 കൊടപ്പടി – എടത്തൻകുന്ന് നടപ്പാലം

2 പൊയിലോചാൽ ഹെൽത്ത് സെന്ററിനടുത്ത് നടപ്പാലം

വാർഡ് V

1 ചീത്തപ്പാട് ബെൽമൗണ്ട് നടപ്പാലം നിർമ്മിക്കുക

ചീത്തപ്പാട് കുണ്ടുതോട് റോഡിലേക്കുള്ള വഴിക്ക് നടപ്പാലം

വാർഡ് VI കുരുടൻകടവ് പുഴ

വാർഡ് VII

വാർഡ് VIII

പൈക്കളങ്ങാടി താഴെ നടപ്പാലം

വാർഡ് IX

വാർഡ് X

**ടാർ ചെയ്യേണ്ടതായ റോഡുകൾ**

1. മൂന്നാംകൈ കരിങ്ങാട് – കൈവേലി റോഡ്.
2. കോളിത്തട്ട് – കായക്കൊടി റോഡ്.

കൂടൽകോളനി – വളയങ്കോട് – ചുരണിറോഡ്.

4. ചുരണി – ചക്രന്തളം റോഡ്.
5. മുറ്റത്ത് പ്ലാവ് എൽ. പി. സ്കൂൾ.
6. ചാത്തങ്കോട്ട് നട – പശുക്കടവ് റോഡ്.
7 മുറ്റത്തുപ്ലാവ് – പുൽപാറ മലറോഡ്.
8. ആശ്വാസി–നാഗമ്പാറ – ചാത്തൻതോട്ടം റോഡ്.
9. കുണ്ട്തോട് – ചാപ്പാരത്തുനട റോഡ്.
10. മുറ്റത്തുപ്ലാവ് –കൊട്ടാറ–കായൽവട്ടം റോഡ്.
11. പി. ടി. ചാക്കോസ്മാരകം മുറ്റത്തുപ്ലാവ് റോഡ്.
12. കുണ്ടുതോട് ഗവ. യു. പി. സ്കൂൾ.
13. ഏലക്കണ്ടി – കുരുടൻകടവ് റോഡ.
14 കുണ്ടുതോട് കോളനി പയസ് റോഡ്.
15 കുണ്ടുതോട് മരുതോങ്കര പഞ്ചായത്ത് റോഡ്.
16 കുണ്ടുതോട് – മാമ്പിലാട് കോതോട് റോഡ്.
17 ആശ്വാസി വട്ടകൈത റോഡ്.
18 മരുതോങ്കര കായങ്കുടി കുറ്റ്യാടി റോഡ്.
19. കാവിലുംപാറ മരുതോങ്കര പൊറ്റക്കര റോഡ്.
20 തൊട്ടിൽപാലം അങ്ങാടി ഓടംകാടികരിങ്ങാട് കോളനി റോഡ്.
21. എം. എൽ. എ. റോഡ്.
22. പൊയിലാഞ്ചാൽ പുത്തൻപീടികറോഡ്.

**പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി**

| ക്രമനമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം കി. മീ | ടാർ ചെയ്തത് | ഭാഗികമായി ടാർചെയ്തത് | മെറ്റൽ ചെയ്തത് | ഓട വേണ്ടത് | കലുങ്ക്, പാലം വേണ്ടത് | പുനർപ്പണ ദിനത്തിൽ പുതിയതായി നിർമ്മിച്ചത് | ബസ്‌വെയിറ്റിംഗ് ഷെഡ് വേണ്ടത് |
|---|---|---|---|---|---|---|---|---|---|---|
| 1 | I | ചൊത്തക്കൊല്ലി ഓടേരിപൊയിൽ റോഡ് | 2.500 | | | | ✔ | ✔ | | |
| 2. | " | കരിങ്ങാട് അടങ്കാറ റോഡ് | 2.500 | | | | ✔ | ✔ | | |
| 3. | " | കരിങ്ങാട് മാമുലശ്ശേരി റോഡ് | 1.000 | | | | ✔ | ✔ | | |
| 4. | " | മൂന്നാംകൈ കരിങ്ങാട് റോഡ് | 4.300 | | ✔ | | ✔ | ✔ | | |
| 5. | " | കരിങ്ങാട് – കരിങ്ങാട് സ്കൂൾ റോഡ് | 300 | | | | | ✔ | | |
| 6. | " | കൊളിത്തട്ട് പാലോളി റോഡ് | 600 | | | | | ✔ | | |
| 7. | " | മൂന്നാം കൈ ആദിവാസി കോളനി റോഡ് | | | | | ✔ | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | വാളക്കയം റോഡ് | 1.000 | | | | | | | |
| 8. | ” | കോളിത്തട്ട് മാവിലപ്പടി റോഡ് | 1.500 | | | | | | | |
| 9. | ” | കരിങ്ങാട് 10 ഏക്കർ റോഡ് | 2.000 | | | | | | ✔ | |
| 10. | II | കരിങ്ങാട് പറയരുതോട്ടം റോഡ് | | | | | | | | |
| 11. | ” | കരിങ്ങാട് പറയരുതോട്ടവുമായി ബന്ധിക്കുന്ന റോഡ് | 1.000 | | | | | ✔ | | ✔ |
| 12. | ” | കൂടൽ വളയംകോട് റോഡ് | 3.500 | | | | ✔ | ✔ | | |
| 13. | ” | പട്ടിയാട്ട് ചീളിയാട് റോഡ് | 2.000 | | | | ✔ | ✔ | | |
| 14. | ” | ചൂരണി കാരിമുണ്ട ലഡാക്ക് റോഡ് | 2.500 | | | | | | | |
| 15. | ” | പൂതമ്പാറ കാരിമുണ്ട റോഡ് | 700 | | | | | | | |
| 16. | ” | പട്ടിയാട്ട് വളയങ്കോട് റോഡ് | 2.000 | | | | | ✔ | | |
| 17. | III | പക്രംതളം മൂക്കുമുറിയൻ റോഡ് | 1.500 | | | | ✔ | ✔ | | |
| 18. | ” | കീഞ്ഞുകുടി മൂക്കുമുറിയൻ റോഡ് | 1.5000 | | | | ✔ | ✔ | | |
| 19. | ” | പൂതമ്പാറ മൂന്നാം പെരിയ റോഡ് | 3.000 | | | | ✔ | ✔ | | |
| 20. | ” | കുഞ്ഞിമിറ്റം മൂക്കുമുറിയൻ റോഡ് | 2.000 | | ✔ | | | ✔ | | |
| 21. | ” | പൂതമ്പാറ ചുരണി റോഡ് | 3.600 | | | | ✔ | ✔ | | |
| 22. | ” | ചൂരണി കരിങ്ങാട് റോഡ് | 2.000 | | | | | | | |
| 23. | ” | മുളവട്ടം പൂളപ്പാറ റോഡ് | 2.500 | | | | | | | |
| 24 | ” | ചാത്തങ്കോട് നട ലക്ഷം വീട് റോഡ് . | 750 | | | | | | | |
| 25 | ” | ചാത്തങ്കോട്ട് നട കായൽ വട്ടം റോഡ് | 1.500 | | | | ✔ | ✔ | | |
| 26 | ” | ചാപ്പൻതോട്ടം കവല പൂളപ്പാറ റോഡ് | 2.000 | | | | ✔ | ✔ | | |
| 27 | ” | ചാപ്പന്തോട്ടം പാലം പൂളപ്പാറ റോഡ് | 2.000 | | | | ✔ | ✔ | | |
| 28 | ” | ചുരണി വലിയ ചുരണി റോഡ് | 2.000 | | | | ✔ | ✔ | | |
| 29 | ” | കോൺവെന്റ് വള്ളുവൻ കുന്ന് റോഡ് | .800 | | | | | | | |
| 30 | ” | ചാത്തങ്കോട്ട് നട സ്കൂൾ റോഡ് | 200 | ✔ | | | | | | |
| 31. | IV | ചാപ്പൻന്തോട്ടം പൊയിലോഞ്ചാൽ റോഡ് | 2.000 | ✔ | | | ✔ | ✔ | | ✔ |
| 32. | ” | പൊയിലോഞ്ചാൽകവല ചെറിയ കൊടപ്പടി | 1.500 | | | ✔ | ✔ | ✔ | | |
| 33. | ” | പൊയിലോഞ്ചാൽ കവല എടത്തകുന്ന് റോഡ് | 1.400 | | | | ✔ | ✔ | | |
| 34. | | കൊടപ്പടിപാലം കൊടപ്പടി റോഡ് | 2.000 | | | | ✔ | ✔ | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 35. | | മൂന്നാം പെരിയ പുത്തൻപീടിക ചെറിയകൊടപ്പടി | 2.500 | | | | ✔ | ✔ | | |
| 36 | | മുറ്റത്ത് പ്ലാവ് കുറവന്തോട് പൊയിലോഞ്ചാൽ റോഡ് | 2.000 | | | | ✔ | ✔ | ✔ | |
| 37 | | മുറ്റത്ത് പ്ലാവ് പൊയിലോഞ്ചാൽ റോഡ് | 2.000 | | | | ✔ | ✔ | | ✔ |
| 38. | | പൊയിലോഞ്ചാൽ പുത്തൻപീടിക റോഡ് | 1.000 | | | | ✔ | ✔ | ✔ | |
| 39. | | കൊടപ്പടി ഏലത്തോട്ടം റോഡ് | 2.000 | | | | | ✔ | | |
| 40 | | പൊയിലോഞ്ചാൽ തകടിയേൽകുന്ന് റോഡ് | | | | | | | ✔ | |
| 41 | | ചാത്തങ്കോട്ട് നട പി. ടി. ചാക്കോ നഗർ പശുക്കടവ് PWD റോഡ് | 10.000 | | ✔ | | ✔ | ✔ | | ✔ |
| 42 | | പി. ടി. ചാക്കോ സ്മാരക മുറ്റത്ത് പ്ലാവ് | 1.500 | | | | ✔ | ✔ | | |
| 43. | | കൊടപ്പടി ഏലത്തോട്ടം റോഡ് | 2.000 | | | | ✔ | | | |
| 44. | | V ആശ്വാസി നാഗമ്പാറ റോഡ് | 3.350 | | | ✔ | ✔ | ✔ | | |
| 45 | | കായൽവട്ടം കൊട്ടാറ റോഡ് | 2.000 | | | | ✔ | ✔ | | |
| 46 | | നാഗമ്പാറ ആനക്കുളം റോഡ് | 2.800 | | | | | | | |
| 47 | | ചീത്തപ്പാട് ആനക്കുളം റോഡ് | 2.000 | | | | | ✔ | | |
| 48 | | ആനക്കുളം പുതുക്കാട് റോഡ് | 1.500 | | | | | | | |
| 49 | | ചോയിമുക്ക് ആനക്കുളം റോഡ് | 1.500 | | | | ✔ | ✔ | | |
| 50 | | ചീത്തപ്പാട് ലക്ഷം വീട് റോഡ് . | 300 | | | | | | | |
| 51 | | മൂന്നാംകൈ ചീത്തപ്പാട് റോഡ് | 1.000 | | | | | | | |
| 52 | | ആശ്വസി മൂന്നാംകൈ റോഡ് | 300 | | | | | ✔ | | |
| 53 | | ആശ്വസി മൂന്നാകൈ കോളനി റോഡ് | 300 | | | | | | | |
| 54 | | മുറ്റത്ത് പ്ലാവ് താഴെ വണ്ണാത്തിയറ്റ് റോഡ് | 1.500 | | | | | ✔ | | |
| 55 | | ചീത്തപ്പാട് ആദിവാസി കോളനി | 250 | | | | | | | |
| 56 | | മൂന്നാം കൈ കൂടൽ റോഡ് | 500 | | | | | | | |
| 57 | | മുറ്റത്ത് പ്ലാവ് എൽ. പി. സ്കൂൾ റോഡ് | 1.000 | | | | | | | |
| 58 | Vi | കുണ്ടുത്തോട് ഡിസ്പൻസറി വണ്ണായിറ്റ് റോഡ് | 3.000 | | ✔ | | ✔ | ✔ | | ✔ |
| 59 | | മുറ്റത്തുപ്ലാവ് വണ്ണാത്തിയറ്റ് റോഡ് | 2.000 | | | | ✔ | ✔ | | |
| 60 | | കുണ്ടുത്തോട് വട്ടിപ്പന തേൻപാറ. | 4.00 | | | | | ✔ | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 61 | | കുണ്ടുത്തോട് കുരുടൻകടവ് ഏലങ്കണ്ടി റോഡ് | 4.000 | | | | ✔ | ✔ | | |
| 62 | | വണ്ണാത്തിയറ്റ് വട്ടിപ്പന റോഡ് | 3.000 | | | | ✔ | ✔ | | |
| 63 | | കുണ്ടുത്തോട് മീമ്പറ്റി റോഡ് | 4.000 | | | | ✔ | ✔ | | |
| 64 | | മൂന്നാംപാടി കുണ്ടുതോട് ലിങ്ക് റോഡ് . | 500 | | | | | | | |
| 65 | | കുണ്ടുത്തോട് ബസാർ പുതുക്കാട് റോഡ് | 1.000 | | | | ✔ | ✔ | | |
| 66 | | പാമ്പൻകോട് പാറക്കുളം റോഡ് | 2.000 | | | | | | | |
| 67 | | ഏലക്കണ്ടി ഗുളികപ്പാറ റോഡ് | 1.000 | | | | | ✔ | | |
| 68 | | വേണാമ്പള്ളി പാറക്കുളം റോഡ് | 2.000 | | | | ✔ | ✔ | | |
| 69 | | വേണാമ്പള്ളി കുരുടങ്കടവ് റോഡ് | 4.000 | | | | ✔ | ✔ | | |
| 70 | | കുണ്ടുത്തോട് ചെറിയവട്ടിപ്പന റോഡ് | 2.000 | | | | | ✔ | | |
| 71 | | കുണ്ടുത്തോട് നീറ്റിക്കോട്ട റോഡ് | 1.000 | | | | ✔ | ✔ | | |
| 72 | | മീൻപറ്റി മുളകുതോട്ടം റോഡ് | 3.500 | | | | ✔ | ✔ | | |
| 73 | | മുളകുതോട്ടം കുളത്തൂർ തറ റോഡ് | 1.000 | | | | | | | |
| 74 | | മുറ്റത്തുപ്ലാവ് പുൽപാറ റോഡ് | 2.000 | | | ✔ | ✔ | ✔ | | |
| 75 | VII | കുണ്ടുത്തോട് മുണ്ടവയൽ റോഡ് | 2.000 | ✔ | | | | | | ✔ |
| 76 | | കുണ്ടുതോട് ചപ്പാറത്ത് നട2.000 | | | | | ✔ | | | |
| 77. | | കുണ്ടുത്തോട് മാമ്പിലാട് റോഡ് | 1.750 | | | | | ✔ | | |
| 78 | | ആശ്വാസി വട്ടകൈത റോഡ്1.500 | | | | | | | | |
| 79 | | കല്ലുനിര ആശ്വസി റോഡ് | 1.5 00 | | | | | ✔ | | |
| 80 | | തോട്ടക്കാട് മേലെ തോട്ടക്കാട് റോഡ് | 1.500 | | | | ✔ | ✔ | | |
| 81 | | കൊതിയുള്ള കുന്ന് മാമ്പിലാട്ട് റോഡ് . | 500 | | | | | ✔ | | |
| 82 | | ആശ്വസി കാഞ്ഞിരക്കണ്ടി റോഡ് | .500 | | | | | | | |
| 83 | | എടത്തുംവേലിക്കകത്ത് അമ്മിയാർചാൽ | 1.500 | | | | ✔ | ✔ | | |
| 84 | | കല്ലുനിര കലങ്ങോട് റോഡ് | 1.000 | | | | | | | |
| 85 | VIII | കലങ്ങോട് മരുതോറ മഞ്ചക്കടവത്ത് താഴെറോഡ് | 1.500 | | | | | | | |
| 86 | | വില്ലേജോഫീസ് ലക്ഷം വീട് സെറ്റ് റോഡ് | 3.000 | | | | ✔ | | | |
| 87 | | മുള്ളം കുന്നു റോഡ് പഞ്ചായത്ത് | | | ✔ | ✔ | | | | ✔ |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | മുക്ക് മൊയിലോത്തറ വായനശാല റോഡ് | 2.000 | | | | | | | |
| 88 | | ബാങ്ക് റോഡ് പൊറ്റക്കര ചുണ്ടക്കുന്ന് റോഡ് | 2.000 | | | | | | | ✔ |
| 89 | | ബാങ്ക് റോഡ് കുഞ്ഞിപ്പറമ്പത്ത് താഴെ റോഡ് | 1.500 | | | | | | | |
| 90 | | ചാളപ്പറമ്പത്ത് മുതിരോലവയൽ | 1.500 | | | | | | | |
| 91 | VIII | മൊയിലോത്തറ ബാലവാടി റോഡ് | 1.500 | | | | | | | |
| 92 | | മൊയിലോത്തറ വായനശാല കായങ്കൊടി പഞ്ചായത്തതിർത്തി റോഡ് | 2.000 | | | | | ✔ | | |
| 93 | | കാവിലുംപാറ യു. പി. സ്കൂൾ ബാലവാടി റോഡ്. | 1.300 | | | | | | | |
| 94 | | വില്ലേജാപ്പീസ് പുഴക്കൽ കോളനി റോഡ് | 300 | | | | | | | |
| 95 | | തലച്ചിറമുക്ക് വായനശാല റോഡ് | 1.000 | | | | | | | |
| 96 | | നാരോള്ളപറമ്പത്ത് പൊറ്റക്കര റോഡ് | 1.300 | | | | | | | |
| 97 | IX | ചകിരിക്കമ്പിനി നമ്പൂതിരിക്കടവ് റോഡ് | 1.000 | | | | | | | |
| 98 | | ചകിരിക്കമ്പിനി പൂക്കാട് റോഡ് | 1.500 | | | | | | | |
| 99 | | ബസ്സ്റ്റാന്റ് ബിന്ദുടാക്കീസ് ഓടങ്കാട് | .300 | | | | | | | |
| 100 | | പൈക്കളങ്ങാടി പൂക്കാട്ട് വയൽ റോഡ് | 1.500 | | | | | | | |
| 101 | | പൂക്കാട് കരിമ്പാലക്കണ്ടി റോഡ് | 1.500 | | | | | | | |
| 102 | | ആദിവാസി കോളനി പൂക്കാട് റോഡ് | 1.500 | | | | | | | |
| 103 | | തൊട്ടിൽപാലം അങ്ങാടി ഓടങ്കാട് ആദിവാസി കോളനി റോഡ്1 | .200 | | | | | | ✔ | |
| | X | ഇല്ല 9ാം വാർഡ് വിഭജിച്ചാണ് 10ാം വാർഡ് രൂപീകരിച്ചത് | | | | | | | | |

*ജനാധിപത്യം യാഥാർത്ഥ്യമാകണമെങ്കിൽ വികസന പ്രക്രിയ ജനപങ്കാളിത്ത ത്തോടെയാകണം. ജനകീയാസൂത്രണം ഒരു മഹാ പ്രസ്ഥാനമാകണം. ഉദ്യോഗസ്ഥവൃന്ദം കയ്യടക്കി വെച്ചിട്ടുള്ള അധികാരം സാധാരണക്കാർക്ക് വിട്ടു കൊടുത്താൽ മാത്രമേ തങ്ങളുടെ ക്ഷേമ പദ്ധതികൾ തങ്ങൾ തന്നെ തയ്യാറാക്കുന്നു എന്ന ബോധമുണ്ടാവുകയുള്ളൂ.*

*വി.ആർ. കൃഷ്ണയ്യർ.*

# ഊർജ്ജം

നമ്മുടെ പഞ്ചായത്തിലെ വൈദ്യൂതി ഊർജ്ജ പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഊർജ്ജ ഉൽപാദന സ്ഥാപനങ്ങളൊന്നും കാര്യമായില്ല. ഊർജ്ജ ഉൽപാദനത്തിന് പശ്ചാത്തല സൗകര്യങ്ങൾ വളരെയുള്ള പഞ്ചായത്താണിത്. വളരെയുയരങ്ങളിൽ നിന്ന് കുത്തനെ താഴോട്ടൊഴുകുന്ന പുഴകളും വളരെ ശക്തിയായി കാറ്റടിക്കുന്ന മലമ്പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. 1966ൽ ആണ് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതീകരണം ആരംഭിച്ചത്. 80 km LT ലൈനും 18.5 km KV ലൈനും കൂടി മൊത്തം 98.5 km ആണ്. 110 kv സബ്സ്റ്റേഷൻ ലൈനിൽ നിന്നുള്ള സപ്ലൈ ആണ് ലഭിക്കുന്നത് ഇതിനുകീഴിൽ 11 ട്രാൻസ്ഫോർമറുകളാണുള്ളത്.

1 തൊട്ടിൽ പാലം

2 ചോയിച്ചുണ്ട്

3 ചാത്തങ്കോട്ട് നട

4 പൂതമ്പാറ

5 പൊയിലോഞ്ചാൽ

6 ചകിരികമ്പിനി

7 മുറ്റത്തെ പ്ലാവ്

8 വണ്ണാത്തിയറ്റ്

9 കുണ്ടുത്തോട് അങ്ങാടി

10 കുണ്ടുത്തോട് പള്ളി

11 ആശ്വസി

1995 വരെ 1202 കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 156 കണക്ഷൻ നൽകാൻ ബാക്കിയുണ്ട് താഴെപ്പറയുന്ന പ്രദേശങ്ങളൊക്കെ വൈദ്യുതീകരിച്ചിട്ടുണ്ട്. കുണ്ട്തോട്, പി. ടി. ചാക്കോ നഗർ, മുറ്റത്ത് പ്ലാവ്, ചാപ്പൻതോട്ടം, പുതുക്കാട്, മൊയിലോത്തറ, തൊട്ടിൽപാലം, ആശ്വാസി, ചാത്തങ്കോട്ടുനട, നാഗംപാറ,പൂതമ്പാറ,തൊട്ടിൽപാലം.

പഞ്ചായത്തിലെ പ്രധാനറോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുകയും വേണ്ടരീതിയിൽ പരിപാലിക്കുകയും ചെയ്യേണ്ടതാണ്.

**തെരുവുവിളക്കുകൾ**

*ബൾബുകൾ*

40 W

60 W

89 W =14

*ട്യൂബുകൾ* 5

*സോഡിയം വേപ്പർ* 8

**ആകെ 27**

പ്രതിവർഷം തെരുവുവിളക്കുകൾ കത്തിക്കുന്നതിലേക്കായി 5579.50 ക. പഞ്ചായത്തു ചെലവഴിക്കുന്നുണ്ട്. പഞ്ചായത്തിൽ പത്തുവീടുകളിൽ കുടീർ ജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ കുറേ ഭാഗങ്ങളിൽ വൈദ്യുതീകരണ പ്രവർത്തനം നടത്തിയിട്ടുണ്ട്. വൈദ്യുതീകരണം നടപ്പിലാക്കേണ്ട പല പ്രദേശങ്ങളും ഇനിയും ഈ പഞ്ചായത്തിലുണ്ട്. വീടുകളിൽ പ്രധാനമായും ഉപയോഗിക്കുന്ന ഇന്ധനം വിറകാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനി പോലുള്ള പ്രദേശങ്ങൾ ഒഴിച്ച് ബാക്കി പ്രദേശങ്ങളിൽ ഒക്കെത്തന്നെ വിറകു സുലഭമായി ലഭിക്കുന്നുണ്ട്. പാചകാവശ്യത്തിന് മണ്ണെണ്ണ, ഗ്യാസ്, ഇലക്ട്രിക് സ്റ്റൗ ഇവ ഉപയോഗപ്പെടുത്തുന്ന വീടുകളും ഉണ്ട് പഞ്ചായത്തിലാകെ നൂറിൽപരം ഗ്യാസ് കണക്ഷൻ ഉണ്ട്.

**പ്രശ്നങ്ങൾ**

നിലവിലുള്ള വോൾട്ടേജ് കമ്മിയാണ് പ്രധാന പ്രശ്നം ഇതുമൂലം പല ഇലക്ട്രിക്കൽ ഉപകരണങ്ങളുടേയും ആയുസ്സ് കുറയുകയും തകരാറു സംഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള ലൈനുകളിൽ പലതും വളരെ അയഞ്ഞതും പോസ്റ്റുകളൊക്കെ ഏതവസരത്തിലും തകർന്നുവീഴാവുന്ന രീതിയിലുമാണ്. യഥാവസരങ്ങളിൽ മരച്ചില്ലകൾ വെട്ടിമാറ്റാത്തതുകൊണ്ടും അറ്റകുറ്റ പണികൾ നടത്താത്തതുകൊണ്ടും വൈദ്യുതി ചോർച്ച അനുഭവപ്പെടുന്നുണ്ട്.

**വൈദ്യുതി എത്തിക്കേണ്ട പ്രദേശങ്ങൾ**

വാർഡ് 1 കരിങ്ങാട്

വാർഡ് 2 വളയംകോട്, ചൂരണി, ചീളിയാട്, ലഡാക്ക്, ഓടേരിപൊയിൽ

വാർഡ് 3

വാർഡ് 4 പുത്തൻപീടിക, കവുങ്ങികീഴുമല, വലിയകൊടപ്പടി

വാർഡ് 5 ആശ്വാസി, ആനക്കുളം, നാഗമ്പാറ, ചീത്തപ്പാട്. കൊട്ടാറ

വാർഡ് 6

വാർഡ് 7 ആശ്വാസി പഞ്ചായത്ത് കിണർ, ബെൽമൗണ്ട്, മാമ്പിലാട്, വട്ടക്കൈത, തോട്ടക്കാട്

വാർഡ് 8 ലക്ഷം വീട്

വാർഡ് 9

വാർഡ് 10 കമ്പനിപ്രദേശം,

**സാദ്ധ്യതകൾ**

1. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി മരച്ചില്ലകൾ വെട്ടിമാറ്റുന്നത് കൃത്യസമയത്ത് നടപ്പിലാക്കുക.
2. ലൈൻ ടൈറ്റ് ചെയ്യുക
3. വൈദ്യുതി ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും പരിശോധന ഉറപ്പുവരുത്തുക
4. വൈദ്യുതി ഉപഭോക്താക്കളെ ബോധവൽക്കരിക്കുക.
5. ട്രാൻസ്ഫോർമറുകളുടെ ശക്തി അനുസരിച്ചുള്ള കണക്ഷൻ മാത്രം നൽകുക.
6. മിനി ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുക.
7. കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിക്കാവുന്നതാണ്
8. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കണം
9. നിലവിലുപയോഗിക്കുന്ന അടുപ്പുകളുടെ ഇന്ധന ക്ഷമത വർദ്ധിപ്പിക്കുവാൻ പരിഷ്കരണ നടപടികൾ ആവിഷ്കരിക്കുക.
10. ഉപയോഗിക്കുന്ന കരണ്ടുകൾക്ക് മാത്രം ചാർജ്ജ് ഈടാക്കുന്ന സമ്പ്രദായം നടപ്പിലാക്കുക.
11. ഗ്യാസ് കണക്ഷൻ ഉടൻ നടപ്പിലാക്കുന്നതിന് വേണ്ടി പഞ്ചായത്തിന്റെയും സഹകരണ സ്ഥാപനത്തിന്റെയും നേതൃത്വത്തിൽ ഏജൻസികൾ ഏർപ്പെടുത്തുക.
12. ഗോബർഗ്യാസ് നിർമ്മിക്കുന്നതിന് വേണ്ടി ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽതുക. വിറകുക്ഷാമം വരാതിരിക്കുന്നതിനുവേണ്ടി വ്യാപകമായി മരം വെച്ചുപിടിപ്പിക്കുക.

# പാർപ്പിടം

കാവിലുംപാറ പഞ്ചായത്തിൽ ഭൂരിഭാഗവും മലയോരമേഖലകളാണ് മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് വിശാലമായ ഈ പഞ്ചായത്തിൽ അധിവസിക്കുന്ന ജനവിഭാഗങ്ങളിൽ ഭൂരിഭാഗം കർഷകരും കർഷക തൊഴിലാളികളുമാണ്. കാവിലുംപാറ പഞ്ചായത്തിന്റെ ആസ്ഥാനമായ തൊട്ടിൽപാലം മെയിൻ റോഡിന്റെ പരിസര പ്രദേശങ്ങളായ 9,10 വാർഡുകളിൽ കുറേ കോൺക്രീറ്റു വീടുകൾ ഒഴിച്ചാൽ പഞ്ചായത്തിലെ മൊത്തം നാലായിരത്തി എഴുന്നൂറോളം വീടുകളിൽ പകുതിയിലധികവും ഓലമേഞ്ഞവയും 20 % ഓട് മേഞ്ഞവയുമാണ്

പഞ്ചായത്തിൽ ആയിരത്തിനാനൂറോളം ദുർബ്ബല വിഭാഗങ്ങൾക്ക് താമസയോഗ്യമായ വീടുകളില്ല. ഇവർക്ക് വീടുനിർമ്മിക്കാനുള്ള മുഴുവൻ സഹായങ്ങളും പഞ്ചായത്ത് / സർക്കാർ തലങ്ങളിൽ നിന്നും ലഭിക്കേണ്ടതാണ്. പഞ്ചായത്തിലെ വീടുകളിൽ 80 % വൈദ്യുതീകരിക്കാത്തവയാണ്. കൂടാതെ 60 % വീടുകളിലും കക്കൂസ് സൗകര്യം ഇല്ല.

**പ്രശ്നങ്ങൾ**

കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം കെട്ടിടനിർമ്മാണ ജോലിക്കാരുടെ കൂലി വർദ്ധന, കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യയിലുള്ള വൈദഗ്ധ്യത്തിന്റെ അപര്യാപ്തത എന്നിവ കെട്ടിട നിർമ്മാണ സംരംഭകർക്ക് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ചെലവ് കുറഞ്ഞ വീടുനിർമ്മാണത്തെ കുറിച്ചുള്ള പ്രചാരണം വളരെ കുറവാണ് വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പുഴതീര

ത്തുള്ള വീടുകളും വനംപ്രദേശങ്ങളിലെ വന്യമൃഗഭീഷണി നേരിടുന്ന വീടുകളും കണ്ടെത്തി അവരെ സുരക്ഷിതമായ സ്ഥലത്ത് മാറ്റി താമസിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

ദുർബ്ബല വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഭവന നിർമ്മാണം കക്കൂസ് നിർമ്മാണം എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം വളരെ അപര്യാപ്തമാണ്.

പരിഹരിക്കേണ്ടവ

സ്വന്തമായി ഭൂമിയില്ലാത്ത ഭവനരഹിതർക്ക് പഞ്ചായത്തിലുള്ള മിച്ചഭൂമി പതിച്ച്കൊടുത്ത് അവിടെ വീടു നിർമ്മിക്കാൻ വേണ്ട സഹായം നൽകേണ്ടതാണ്. ഭവന നിർമ്മാണത്തിന് ഇപ്പോൾ പല സ്ഥാപനങ്ങളും നൽകിവരുന്ന സാമ്പത്തിക സഹായം ലഭിക്കാനുള്ള കടമ്പകൾ വളരെ ദുസ്സഹമായതിനാൽ അവ ലഘൂകരിക്കേണ്ടതാണ്. സഹായം നൽകുന്ന സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന പ്ലാനിൽ വീടുണ്ടാക്കുന്നവർക്ക് മാത്രം സഹായം അനുവദിക്കുന്ന രീതിമാറ്റി സ്വന്തം ഇഷ്ടപ്രകാരം നിർമ്മിക്കുന്ന വീടിനും സഹായം ലഭ്യമാക്കേണ്ടതാണ്. ലക്ഷം വീട് കോളനികളിലുള്ള അധികവീടുകളും ജീർണ്ണിക്കുകയും ഭാഗികമായി നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത വീടുകൾ റിപ്പയർ നടത്തി കുറ്റമറ്റതാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിന്റെ വടക്കുനിന്ന് തെക്കോട്ടുള്ള ഭൂപ്രകൃതിയും വിള വ്യത്യാസവും ചുവടെ കൊടുക്കുന്നു

പട്ടിക - X

| | | | |
|---|---|---|---|
| കുത്തനെയുള്ള കുന്ന് | ചരിഞ്ഞപ്രദേശം | സമതലം | ഭൂപ്രകൃതി |
| കരിമണ്ണ് കരിങ്കല്ല് ഉണ്ട് | ചെമ്മണ്ണ്, കല്ല്കലർന്ന കറുത്തമണ്ണ് | പൂഴികലർന്ന മണ്ണ് ചെമ്മണ്ണ് | മണ്ണ് |
| തെങ്ങ് കവുങ്ങ്, റബ്ബർ ജാതി കൊക്കോ ഇവ ചെറിയതോതിൽ | തെങ്ങ് കവുങ്ങ് ചെറിയ റബ്ബർ തോട്ടം | തെങ്ങ് കവുങ്ങ് | കൃഷി |
| കൊക്കോ ജാതിക്ക പ്ലാവ് മാവ് | കുരുമുളക് വാഴ കപ്പ മാവ് കവുങ്ങ് | കുരുമുളക് വാഴ | ഇടവിളകൾ |
| കൂമ്പുചീയൽ മഹാളി | കൂമ്പുചീയൽ മഹാളി | കുരുമുളക് വള്ളിയുടെ ദ്രുതവാട്ടം കോഴിവസന്ത | രോഗങ്ങൾ |
| പശു ആട് | പശു ആട് | കോഴി പശു പട്ടി | പക്ഷിമൃഗം |
| വനനശീകരണം മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | ചകിരി ചവർ | പരിസ്ഥിതി |
| നീർച്ചാലുകൾ | തോട് കുന്നുറവകൾ നീർച്ചാലുകൾ, | തോട് കുളം പുഴ കിണർ | ജലസ്രോതസ്സ് |



# സംസ്കാരം

ചരിത്ര സ്മരണകളുറങ്ങുന്ന വിശാലമായ ഒരു ഗ്രാമപഞ്ചായത്താണ് കാവിലുംപാറ. സാംസ്കാരിക പാരമ്പര്യം, ചരിത്രത്തിന്റെ സ്വർണ്ണനൂലിഴകളാൽ ഊടും പാവും നെയ്തെടുത്ത മനോഹര ചിത്രം ഇവിടെ കാണാം ബ്രിട്ടീഷ് മേൽക്കോയ്മയിൽ നിന്ന് സ്വാതന്ത്ര്യം നേടാൻ പോരാടിയ പഴശ്ശിരാജയുടെയും ടിപ്പുസുൽത്താന്റേയും ധീരമായ ചെറുത്തുനിൽപ്പിന് സാക്ഷ്യം വഹിച്ചിട്ടുള്ള ഈ പ്രദേശത്തിന് ചരിത്രത്തിലെക്കാലവും ഗണനീയമായ സ്ഥാനം ലഭിച്ചു എന്നത് ആർക്കും അവഗണിക്കാൻ സാധ്യമല്ല. മലയോരപ്രദേശമായ ഈ ഗ്രാമം എന്നും ഒരു സാംസ്കാരിക പാരമ്പര്യം നിലനിർത്തി വരുന്നുണ്ട്. മതേതരത്വത്തിന്റെ അടിസ്ഥാനശിലയിൽ പണിതുയർത്തിയതാണത്. മതസൗഹാർദ്ദത്തിന്റെ ശീതളച്ഛായയിൽ സ്വച്ഛന്ദം വിഹരിക്കുന്ന ജനത, സമൂഹത്തിൽ ശാന്തിയും സമാധാനവും നിലനിർത്തുന്നതിൽ അത്ഭുതത്തിന് അവകാശമില്ല. സാംസ്കാരിക രംഗത്തും കലാകായിക രംഗത്തും മാതൃകാപരമായ സ്ഥാനം നിലനിർത്തുന്നതിന് കാവിലുംപാറയ്ക്ക് കഴിഞ്ഞിട്ടുണ്ട്. തദ്ദേശീയരുടേയും കുടിയേറ്റക്കാരുടേയും ഒരു സാംസ്കാരിക സമന്വയം ഈ സമൂഹത്തിൽ ദർശിക്കാനാവും – അദ്ധ്വാനശീലരായ കർഷകരും തൊഴിലാളികളും ചേർന്ന് രൂപപ്പെടുത്തിയ ഈ ജന സഞ്ചയത്തിന് ആരംഭകാലങ്ങളിൽ സാംസ്കാരിക രംഗത്ത് കാര്യമായ നേട്ടങ്ങളൊന്നും കൈവരിക്കാനായില്ലെങ്കിലും തുടർന്നുള്ള പ്രയാണത്തിൽ വിദ്യാഭ്യാസ കേന്ദ്രങ്ങളും സാംസ്കാരിക സംഘടനകളും രൂപീകരിക്കാനും വിലപ്പെട്ട നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്തുണ്ടായ വിപ്ലവകരമായ പ്രവർത്തനങ്ങൾ ജനതയെ സാംസ്കാരിക രംഗത്തേക്ക് കൈപിടിച്ചുയർത്തി. വിശാലമായ ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥാലയവും, വായനശാലയും, സ്ഥാപിതമായത് 1953ലായിരുന്നു. മൊയിലോത്തറ പ്രദേശത്ത് 'ജനകീയ വായനശാല & ഗ്രന്ഥാലയം' എന്ന പേരിലാണ് ഇത് സ്ഥാപിക്ക പ്പെട്ടത് കേരള ഗ്രന്ഥശാലാ സംഘം അംഗീകാരമുള്ള ഏക ഗ്രന്ഥാലയാണിത്. ഇന്നും ഇത് നല്ലനിലയിൽ പ്രവർത്തിക്കുന്നു. ഈ ഗ്രന്ഥാലയം സാംസ്കാരിക രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ആദ്യകാലങ്ങളിൽ തന്നെ ആരംഭിച്ച

പ്രസംഗപരിശീലന ക്ലാസുകൾ ഇപ്പോഴും നടത്തപ്പെടുന്നു. ഈ ഗ്രന്ഥാലയത്തിൽ ഇപ്പോൾ 997 അംഗങ്ങളായിട്ടുണ്ട്. അയ്യായിരത്തോളം പുസ്തകങ്ങൾ ഇവിടെയുണ്ട്. ഈ പഞ്ചായത്തിൽ ആകെ എട്ടു വായനശാലകളുള്ളതിൽ 1 മാത്രമേ പ്രവർത്തന രഹിതമായിട്ടുള്ളൂ. ഏകദേശം ഒരു ഡസനോളം കലാവേദികൾ പഞ്ചായത്തിന്റെ പത്തുവാർഡുകളിലുമായി വ്യാപിച്ചുകിടക്കുന്നു. ഇവ കലാകായികരംഗത്ത് മികച്ച സംഭാവനകൾ നൽകിവരുന്നതോടൊപ്പം കലാപ്രതിഭകളെ വളർത്തിയെടുക്കുന്നതിലും സഹായിക്കുന്നുണ്ട്. ഈ രംഗത്ത് മികവും, തനിമയും നിലനിർത്തുന്നതിന് പ്രയാസമേറിയതുകൊണ്ട് തന്നെ ചുരുക്കം കലാവേദികളേ സജീവമായി പ്രവർത്തിക്കുന്നുള്ളൂ. ജനങ്ങളുടെ കലാഭിരുചി വളർത്തുന്നതിനും, കല ജനകീയമാക്കുന്നതിനും അതുവഴി സൗഹൃദപരമായ അന്തരീക്ഷം നിലനിർത്തുന്നതിനും ഈ കലാവേദികൾ സമൂഹത്തിൽ നടത്തുന്ന പ്രവർത്തികൾ ശ്ലാഘനീയമാണ്. സാംസ്കാരിക രംഗത്ത് മഹിളാസമാജങ്ങളും സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട് എന്നത് സഹായകരമായി നിൽക്കുന്നു കലാവേദികളിൽ 'ദളിത്' വിഭാഗങ്ങൾ എക്കാലത്തും വിലപ്പെട്ട സംഭാവനകൾ നൽകിവരുന്നുണ്ട്.

ദൃശ്യമാധ്യമങ്ങളുള്ള ഗ്രന്ഥാലയങ്ങൾ രണ്ടെണ്ണം മാത്രമേ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളൂ. പൊതു റേഡിയോ, ടെലിവിഷൻ സെറ്റുകൾ എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. 1990ൽ ആണ് 'സാംസ്കാരിക നിലയം' സ്ഥാപിക്കപ്പെട്ടത്. മുൻസ്പീക്കർ ശ്രീ വർക്കല രാധാകൃഷ്ണനാണ് ഇത് ഉദ്ഘാടനം ചെയ്തത്. പത്രങ്ങളും ആനുകാലിക പ്രസി



പഞ്ചായത്തിലെ ആദ്യസാംസ്കാരികസ്ഥാപനമായ
മൊയിലോത്തറ ജനകീയ വായനശാല & ഗ്രന്ഥാലയം

ഢീകരണങ്ങളും ഇവിടെയുണ്ട്. മികച്ച പുസ്തകങ്ങളും ഇവിടെനിന്ന് വിതരണം ചെയ്യാറുണ്ട്.

നാടൻ കലകൾ മിക്കപ്പോഴും ആധുനികതയുടെ മുന്നിൽ വഴിമാറി പ്പോകേണ്ട ദുസ്ഥിതിയാണുള്ളതെങ്കിലും. ഈ പ്രദേശത്തെ നാടൻ കല കളുടെ അസ്തിത്വത്തിന് ക്ഷതമേറ്റിട്ടില്ല. കൂളിക്കെട്ട്, പുലികളി, പരിച മുട്ട്, കോൽകളി, ദഫ്മുട്ട്, ശിപോതി, ഓണപ്പൊട്ടൻ തുടങ്ങിയനാടൻ കലകൾ ഇന്നും നിലനിൽക്കുന്നുണ്ട്. ടെലിവിഷൻ സിനിമ എന്നിവ ഈ കലാരൂപങ്ങൾക്ക് മങ്ങലേൽപ്പിക്കുന്നുണ്ട്.

വൈ. എ. സി., മാരുതി, എന്നീ രണ്ട് അമേച്വർ നാടകവേദികൾ ഉണ്ടാ യിരുന്നുവെങ്കിലും തുടർന്ന് പ്രവർത്തനം നിലച്ചുപോയി. ഈ രംഗത്ത് പുതിയവയൊന്നും തന്നെ ഉയർന്നുവന്നിട്ടില്ല. തൊട്ടിൽപാലത്ത് നൃത്ത പരിശീലനത്തിനായി ഒരു സ്ഥാപനം നിലവിലുണ്ട്.

കളിസ്ഥലങ്ങൾ പഞ്ചായത്തിലൊന്നുമാത്രമേയുള്ളൂ 1990ൽ മിനിസ്റ്റേ ഡിയത്തിലാണ് ഇത് സ്ഥാപിക്കപ്പെട്ടത്. കായികരംഗത്ത് മികച്ച സംഭാ വന നൽകിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ് 'വോളീബോൾ അക്കാ ദമി' 1980കളിൽ കോഴിക്കോട് ജില്ലയിലെ തന്നെ പ്രബല ടീമുകളിൽ ഒന്ന് കാവിലുംപാറയിലെ 'യംഗ് ഫൈറ്റേഴ്സ്' ആയിരുന്നു. ക്രിക്കറ്റ് പോലെയുള്ള കളികളിലെ ഭ്രമം വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കളികളോട് വിമുഖതയുള്ളവയാക്കുന്നുണ്ടോ, കൈവരിക്കുന്നുണ്ടോ എന്നത് ചിന്തിക്കേണ്ട വസ്തുതയാണ്. കലാകായിക രംഗങ്ങളിൽ മത്സ രങ്ങൾ സംഘടിപ്പിക്കുമ്പോൾ കാവിലുംപാറ ഗ്രാമപ്പഞ്ചായത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്നു, എന്നത് അഭിമാനാർഹമായ വസ്തുതയാണ്.

സാക്ഷരതാ പ്രവർത്തനങ്ങൾ ഒന്ന് രണ്ട് ഘട്ടങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കാര്യക്ഷമമായി സാംസ്കാരിക സംഘടനകൾ, ക്ളബ്ബുകൾ സന്നദ്ധ സംഘടനകൾ ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നി വയുടെ സഹകരണത്തോടെ വിജയകരമായി പൂർത്തിയാക്കി തുടർന്നും സാക്ഷരതാ പ്രവർത്തനങ്ങൾനടപ്പിലാക്കേണ്ടതാണ്.

മതസൗഹാർദ്ദം പുലർത്തുന്നതിൽ കാവിലുംപാറ പഞ്ചായത്ത് മറ്റു പഞ്ചായത്തുകൾക്ക് ഒരു മാതൃകതന്നെയാണെന്ന് പറയാം. വ്യത്യസ്ത മതസ്ഥരായ ജനവിഭാഗങ്ങൾ സ്നേഹത്തോടും, സഹകരണത്തോടും, പരസ്പര സഹവർത്തിത്തോടും സമാധാനപരമായ ജീവിതം നയിക്കു ന്നവരാണ്. വർഗ്ഗീയ ശക്തികളുടെ പ്രേരണക്ക് അടിമപ്പെടാതെ തനതായ വ്യക്തിത്വം നിലനിർത്തുന്നതിൽ കാവിലും പാറ പഞ്ചായത്ത് 100 % വിജയം വരിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിൽ 8 ക്രിസ്ത്യൻ ദേവാലയങ്ങളും 5 മുസ്ലീം ദേവാ ലയങ്ങളും 3 ക്ഷേത്രങ്ങളുമുണ്ട്. ചാത്തങ്കോട്ടു നടയിൽ എം. സി. ബി. എസ്. സന്യാസി സമൂഹത്തിന്റെ ആശ്രമവും , പൂതമ്പാറ ചാത്തങ്കോട്ടു,

ചാപ്പൻതോട്ടം, കുണ്ടോതോട് എന്നിവിടങ്ങളിൽ ക്രിസ്ത്യൻ സന്യാസി മഠങ്ങളും പ്രവർത്തിച്ചുവരുന്നു.

തൊട്ടിൽപാലം കാവിലുംപാറ ശ്രീ ഭഗവതി ക്ഷേത്രത്തിലെ ഉത്സവം ആഘോഷമായിത്തന്നെ നടത്തിവരാറുണ്ട്. ഇതിനോടനുബന്ധിച്ച് ഒരു കന്നുകാലിച്ചന്തയും കാർണിവലും, സംഘടിപ്പിക്കാറുണ്ട്, ദിവസങ്ങളോളം നീണ്ടുനിൽക്കുന്നതാണ് ഈ ഉത്സവപരിപാടികൾ എല്ലാ ജന വിഭാഗങ്ങളും ഉത്സവത്തിൽ പങ്കെടുത്ത് ആഹ്ലാദപരമായ നിമിഷങ്ങൾ പങ്കിടാറുണ്ട്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുള്ള ക്രിസ്ത്യൻ പള്ളികൾ തിരുന്നാളാഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ട്. ജാതിമതഭേദമന്യെ എല്ലാവരും ഈ ആഘോഷങ്ങളിൽ പങ്കെടുക്കാറുണ്ട്. ക്രിസ്തുമസ് ദിനത്തിൽ 'കരോൾ', നടത്തി വിവിധ ഭാഗങ്ങൾ സന്ദർശിക്കുക പതിവാണ്. അതുപോലെത്തന്നെ മുസ്ലീം ജനത പഞ്ചായത്തിലുടനീളം നബിദിനം പോലുള്ള പുണ്യദിനങ്ങൾ വിപുലമായി ആഘോഷിക്കുന്നു.

മൊയിലോത്തറ പ്രദേശത്തെ കാവ് അറ്റുപോകുന്ന കണ്ണികളുടെ ഭാഗമായിത്തീർന്നിട്ടുണ്ടെങ്കിലും ഇന്നും നിലനിൽക്കുന്നു എന്നത് ആശ്വാസം തന്നെ.

കലാസമിതികൾ സ്കൂളുകൾ എന്നിവയുടെ വാർഷികാഘോഷങ്ങൾ സാസ്കാരിക രംഗത്ത് സംഭാവനകൾ നൽകുന്നുണ്ട്.

പഞ്ചായത്ത് തലത്തിൽ വർഷം തോറും സാംസ്കാരിക ഘോഷയാത്രകൾ സംഘടിപ്പിക്കാറുണ്ട്. ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ എന്നിവ ടാബ്ലോ, ഫ്ളോട്ട് എന്നിവ പ്രദർശിപ്പിച്ചുവരുന്നു. തൊട്ടിൽപാലത്ത് മുൻകാലത്ത് രണ്ട് സിനിമാശാലകളുണ്ടായിരുന്നു. എങ്കിലും ഇപ്പോൾ ഒന്നു മാത്രമേ നിലവിലുള്ളൂ.

സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ അനുകൂല സാഹചര്യങ്ങൾ പരമാവധി ചൂഷണം ചെയ്തുകൊണ്ട് ഒരു പുതിയ അദ്ധ്യായം ആരംഭിക്കാം.

**പ്രശ്നങ്ങൾ :-**

1 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വായനശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഭൂരിഭാഗത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയാണ്.

2 ആനുകാലിക പ്രസിദ്ധീകരണങ്ങൾ മിക്ക വായനശാലകളിലും ലഭ്യമല്ല.

3. ദൃശ്യമാധ്യമങ്ങളുള്ള വായനശാലകൾ രണ്ടെണ്ണം മാത്രമേ ഉള്ളൂ.

4. പൊതുകളിസ്ഥലങ്ങൾ ഒന്നുമാത്രമേ നിലവിലുള്ളൂ

5. കാവിലുംപാറ പഞ്ചായത്തിൽ പൊതുആവശ്യങ്ങൾക്കായി ഒരു കമ്മ്യൂണിറ്റി ഹാൾ ഇല്ല.

6. നിലവിലുള്ള ക്ലബ്ബുകൾക്ക് പഞ്ചായത്തിന്റെ മൊത്തം സാംസ്കാരിക നിലവാരത്തിലെത്താൻ കഴിയുന്നില്ല.

7. സാംസ്കാരിക നിലയം ഒരു വായനശാല എന്നതിലുപരി ഒരു സാംസ്കാരിക കേന്ദ്രമായി ഉയർന്നിട്ടില്ല.

8. നാടൻ കലകൾക്ക് മതിയായ പ്രോത്സാഹനം ലഭിക്കുന്നില്ല.

9. കാലിക പ്രസക്തിയുള്ള ചർച്ചകൾ സെമിനാറുകൾ നടക്കുന്നില്ല.

10 മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമല്ല

11. ആത്മഹത്യാപ്രവണത നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നതിന് പ്രധാനകാരണങ്ങളിൽ ഒന്ന് സാംസ്കാരിക മൂല്യച്യുതിയാണ്.

12. അശ്ലീല പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നത് ഒരു സാംസ്കാരിക വിരുദ്ധ പ്രശ്നമായി നിലനിൽക്കുന്നു.

13. പഞ്ചായത്തുതല സ്പോർട്സ് മത്സരങ്ങൾക്ക് വേണ്ടത്ര ജനശ്രദ്ധയാകർഷിക്കാൻ സാധിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

1 വായനശാലകൾക്കും കലാവേദികൾക്കും ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കിയാലേ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ നടത്തുവാനാവൂ.

2. മുഴുവൻ വായനശാലകൾക്കും ദൃശ്യശ്രാവ്യമാധ്യമങ്ങൾ ലഭ്യമാക്കണം.

3 സാമ്പത്തിക ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ട് സാംസ്കാരിക കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കണം.

4. വൈദ്യുതി, ഗതാഗതം തുടങ്ങിയ സൗകര്യങ്ങൾ സാംസ്കാരിക കേന്ദ്രങ്ങൾക്ക് ലഭ്യമാക്കണം.

5. കൂടുതൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിൽ ശ്രദ്ധിക്കണം.

6. പ്രവർത്തനം നിലച്ചുപോല കലാസാംസ്കാരിക സംഘടനകളെ പുനരുദ്ധരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണം.

7. വാർഡുകൾതോറും കലാകായിക മത്സരങ്ങൾ നടത്തി പഞ്ചായത്ത് കലാ മേളകൾ സംഘടിപ്പിക്കണം.

8. സാംസ്കാരിക നിലയം വായനശാല എന്നതിൽ നിന്ന് ഉയർന്ന് സാംസ്കാരിക കേന്ദ്രമായി മാറ്റേണ്ടതുണ്ട്. അതു സാധിക്കാൻ പഞ്ചായത്തിനെ സഹായിക്കാൻ കഴിയുന്നതും, ശക്തവും, പ്രാപ്തവും പ്രവർത്തന ക്ഷമവും ആയ പഞ്ചായത്ത് തല സാംസ്കാരിക വേദിക്ക് ജന്മം നൽകാനാവണം. ക്ലബ്ബുകൾ വായനശാല, സന്നദ്ധ സംഘടനകൾ എന്നിവയെ ഏകോപിച്ചുകൊണ്ടുള്ള ഒരു സമിതിയാണ് രൂപീകരിക്കേണ്ടത്

9. വ്യാജവ്യാറ്റിനും മയക്കുമരുന്നിനും എതിരായി ബോധവൽക്കരണം നടത്തണം.

10. ആത്മഹത്യാപ്രവണത വർദ്ധിച്ചുവരുന്നതുകൊണ്ട് ഈ മേഖലയിൽ ശാസ്ത്രീയവും മനശാസ്ത്രപരവും, ബോധപൂർവ്വവുമായ പഠനവും ബോധവൽക്കരണ സംവിധാനവും ഉണ്ടാകണം.

11. തൊട്ടിൽപാലം ടൗണിൽ ഒരു പൊതു T.V സ്ഥാപിക്കണം.

12 കാവിലുംപാറ പഞ്ചായത്തിൽ അടിയന്തരാവശ്യമെന്ന നിലക്ക് ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കണം.

13 അമേച്വർ നാടകവേദികൾ രൂപീകരിക്കാൻ പഞ്ചായത്ത് മുൻകയ്യെടുക്കണം.

14. അന്യം നിന്നുപോകുന്ന നാടൻ കലകൾ –ആദിവാസി കലാരൂപങ്ങൾ, കൂളികെട്ട്, തെയ്യം ഇവയ്ക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകണം.

15, പുലികളി, പരിചമുട്ട്, ദഫ്മുട്ട്, കോൽകളി, ഓട്ടംതുള്ളൽ, ശീപോതീ തുടങ്ങിയ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കണം.

16 ക്ലബ്ബുകൾക്ക് രജിസ്ട്രേഷൻ നൽകണം

17. കൃഷിസംബന്ധമായ മാസികകളും പുസ്തകങ്ങളും വായനശാലകൾ വഴി ലഭ്യമാക്കണം.

പട്ടിക – XI

| ആരാധനാലയങ്ങൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
| ഹിന്ദു | – | – | – | – | – | 3 | – | 1 | 1 | – | 5 |
| മുസ്ലീം | – | 1 | – | – | 1 | 1 | – | – | 1 | 1 | 5 |
| ക്രിസ്ത്യൻ | – | 1 | 2 | 2 | – | 2 | – | – | – | – | 7 |

| സാംസ്കാരിക കേന്ദ്രങ്ങൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
| വായനശാലകൾ | 1 | 2 | 1 | 1 | – | 1 | 1 | – | – | 1 | 8 |
| ഗ്രന്ഥാലയം | – | – | – | 1 | – | – | – | 1 | – | – | 2 |
| കലാവേദി | – | 1 | 1 | 1 | 4 | 1 | 1 | 2 | – | – | 11 |
| സാംസ്കാരിക നിലയം | – | – | – | – | – | – | 1 | – | – | – | 1 |
| കളിസ്ഥലങ്ങൾ | – | – | – | – | – | – | – | – | 1 | – | 1 |
| കായിക സ്ഥാപനം | – | – | – | – | – | – | – | – | 1 | – | 1 |

| പത്രങ്ങൾ | | |
|---|---|---|
| മലയാള മനോരമ | – | 370 |
| മാതൃഭൂമി | – | 241 |
| ദേശാഭിമാനി | – | 120 |
| കേരള കൗമുദി | – | 30 |

| ആഴ്ചപ്പതിപ്പ് | | |
|---|---|---|
| ദേശാഭിമാനി ആഴ്ചപ്പതിപ്പ് | – | 15 |
| മാതൃഭൂമി " | – | 18 |
| ചിന്ത " | – | 80 |
| കർഷകശ്രീ " | – | 13 |

# വനിത

കാവിലുംപാറ ഗ്രാമപ്പഞ്ചായത്തിന് ലോകത്താകമാനമുള്ള ധീരവനിതകളുടെ ഇടയിലേക്ക് ഉയർന്നു നിൽക്കാൻ അർഹതയുള്ള ഒരു സമരനായികയുടെ പാരമ്പര്യം അവകാശപ്പെടാനുണ്ട്. പഴശ്ശിപ്പടയിൽ വനിതാവിഭാഗം കമാണ്ടറായിരുന്നു ' എടച്ചേനി അമ്മു' എന്ന കുറിച്യ വനിത. കാവിലുംപാറയുടെ ഘോരവനാന്തരങ്ങളിൽ ഇംഗ്ലീഷുപട്ടാളവുമായി മുഖാമുഖം ഏറ്റുമുട്ടിയ. ധീരവനിതകൾ കേരളചരിത്രത്തിന്റതന്നെ ആവേശത്തിന്റെ വീരഗാഥകൾ രചിച്ചിട്ടുണ്ട്. എടച്ചേനി കുങ്കന്റെയും, കൈതേരി അമ്പുവിന്റെയും വീരകഥകൾക്കിടക്ക് നാം ആ ചരിത്രം വിസ്മരിക്കുകയായിരുന്നു.

ഇന്ന് സമൂഹത്തിന്റെ എല്ലാതുറകളിലും വനിതകൾ മുന്നേറിക്കൊണ്ടിരിക്കുന്ന സ്ഥിതി സംജാതമായിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ വനിതാ പങ്കാളിത്തത്തിന്റെ അനുപാതം ഗണനീയമാംവിധം പിന്നിലാണ്. ഇന്ന് ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളും മറ്റ് സ്ത്രീ വിമോചന സംഘടനകളും സ്ത്രീ പക്ഷ ചിന്തകളും കത്തിജ്വലിക്കുകയാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ സ്ത്രീ മുന്നേറ്റങ്ങൾ ഇനിയും ഉയർന്നുവരേണ്ടതുണ്ട്. എന്നാൽ സാമ്പത്തിക സ്വാതന്ത്ര്യം വരികയും സ്ത്രീ പുരുഷ സമത്വം കൈവരിക്കുകയും ചെയ്തുകഴിഞ്ഞാൽ മാത്രമേ പ്രശ്നപരിഹാരമാവുകയുള്ളൂ. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളെയും ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെടുത്തുവാനും സാമൂഹ്യവും സാംസ്കാരികവുമായ ഉന്നമനം കൈവരിക്കാൻ കഴിയേണ്ടതുണ്ട്. കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ വനിതാക്ഷേമരംഗത്ത് ഈ ലക്ഷ്യപ്രാപ്തിക്കുതകുന്ന നിർദ്ദേശങ്ങളാണ് ഇവിടെ സമർപ്പിക്കുന്നത്. നാനാ ജാതി മതസ്ഥർ തോളോടുതോളുരുമ്മി സഹജീവിതം നയിക്കുന്ന ഈ ഗ്രാമത്തിലെ മൊത്തം ജനസംഖ്യ 21,135 ആണ് ഇതിൽ 9996 പേർ സ്ത്രീകളും ശേഷിച്ചവർ പുരുഷന്മാരുമാണ്. ഭൂരിപക്ഷമാളുകളും കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തിവരുന്നു. ഗ്രാമസഭകളിൽ 800ൽ പരം സ്ത്രീകൾ പങ്കെടുത്തു. പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം പുരുഷന്മാരെ അപേക്ഷിച്ച് തുലോം കുറവാണ്. സ്ത്രീകൾ മാത്രം തൊഴിൽ ചെയ്തു കുടുംബം പുലർത്തുന്ന 17.1% വീടുകൾ ഈ ഗ്രാമത്തിലുണ്ട്. സ്ത്രീകളിൽ ഭൂരിഭാഗവും പുരുഷന്മാരുടെ വരുമാനത്തെ മാത്രം ആശ്രയിച്ചു കഴിയുന്നു. എല്ലാ തൊഴിൽ മേഖലയിലും സ്ത്രീകളുടെ അംഗത്വം വളരെകുറവാണ്.

സ്ത്രീകൾ മാത്രമുള്ള ഒരു വ്യവസായ യൂനിറ്റ് പ്രവർത്തിക്കുന്നത്. കുണ്ടുതോട്ടിലുള്ള ദീപ്തി മഹിളാ സമാജത്തിലാണ്. മറ്റൊരിടത്തും വ്യവസായ യൂനിറ്റുകളോ സഹകരണ യൂനിറ്റുകളോ നമ്മുടെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നില്ല. വിവിധ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾക്ക് താൽപര്യമുള്ള ചില തൊഴിലുകളാണ്. കയർ നിർമ്മാണം, സോപ്പുനിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പായ നെയ്ത്, കുട്ടനെയ്ത്ത് മുതലായവ. സഹകരണ മേഖലയിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ബേക്കറി പലഹാര നിർമ്മാണം. കൈത്തറി വസ്ത്ര നിർമ്മാണം എന്നിവയിൽ താല്പര്യമുള്ള സ്ത്രീകളുമുണ്ട്. സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹമുള്ള

സ്ത്രീകൾ കോഴിവളർത്തൽ, കൂൺ കൃഷി, പുഷ്പകൃഷി എന്നീ സംരംഭങ്ങളിൽ താല്പ ര്യമുള്ളവരാണ്.

എന്നാൽ ഇത്തരം സംരംഭങ്ങൾതുടങ്ങുന്നതിന് മുമ്പ് സ്ത്രീകൾക്കായി പഞ്ചായത്ത് തലത്തിൽ പരിശീലന ക്ലാസുകൾ ലഭ്യമാക്കണം. അതോ ടൊപ്പം തൊഴിൽ സംരംഭത്തിനാവശ്യമായ സാമ്പത്തിക സഹായം സബ്സിഡിയോടുകൂടി ലഭിക്കുകയാണെങ്കിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും അതിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിലൂടെ അവയുടെ സാമ്പത്തിക നില ഉയർത്തുന്ന തിനും സാധിക്കുന്നതാണ്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 9 മഹിളാ സമാജങ്ങളും ബാലവാടികളും പ്രവർത്തിക്കുന്നെണ്ടെങ്കിലും ഒന്നിന്റേയും പ്രവർത്തനം അത്ര സജീവമല്ല. ആവശ്യമായ കെട്ടിടങ്ങളോ പുനപരിശീലനം ലഭിച്ച അദ്ധ്യാ പികമാരോ ഇല്ല. ബാലവാടികളുടെ പരിമിധി കാരണം വിദൂരസ്ഥലങ്ങളിൽ നിന്ന് കുട്ടി കൾക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. അതു കൊണ്ട് ഒരു നിശ്ചിത ശതമാനം കുടുംബ ങ്ങൾക്ക് ഒരു ബാലവാടി എന്ന കണക്കിൽ ബാലവാടികളുടെ എണ്ണം വർദ്ധിപ്പിക്കണം.

മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും മുൻകാലങ്ങളിൽ കിട്ടികൊണ്ടിരുന്ന മുട്ട പാൽ തുടങ്ങിയ പോഷകാഹാര പദാർത്ഥങ്ങൾ ഇന്ന് ലഭ്യമല്ലെന്നുള്ളതാണ് ഒരു പ്രധാന കാര്യം. അതുകൊണ്ട് ഇവ വേണ്ട വിധത്തിൽ വിത രണം ചെയ്തു അമ്മമാരുടെയും കുട്ടികളു ടെയും പോഷക ദാരിദ്ര്യം പരിഹരിക്കേണ്ട താണ്. ഓരോ മഹിളാസമാജത്തിനും ഓരോ വർത്തമാന പത്രവും വനിതാ പ്രസിദ്ധീകരണം കാർഷിക മാസിക തുടങ്ങിയ പ്രസിദ്ധീകരണ ങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകളുടെ സ്ഥിതി ഇന്നും പരിതാപകരമാണ്. എല്ലാ തൊഴിലുകൾക്കും മാന്യത കൽപിക്കുന്ന തര ത്തിലുള്ള ഒരു വിദ്യാഭ്യാസ നിലവാരമാണ് നമു ക്കാവശ്യം. കുടുംബങ്ങളിലും സമൂഹത്തിലും നിലനിൽക്കുന്ന ആൺ, പെൺ വിവേചനവും അജ്ഞതയും നിമിത്തം സമർത്ഥരായ പെൺകുട്ടികളെ ഉപരിപഠനത്തിനയക്കാതെ കെട്ടിച്ചയക്കുന്നു. ഈ കാര്യത്തിൽ ബോധ വൽക്കരണം അനിവാര്യമാണ്. ബാലവിവാഹം ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ നില നിൽക്കുന്നുണ്ട്. സദാചാരബോധത്തോടുകൂ ടിയ ജീവിതം നയിക്കാൻ പന്ത്രണ്ടു വയസ്സിനു മുകളിലുള്ള പെൺകുട്ടികൾക്ക് അവരുടെ ശാരീരികവും മാനസികവുമായ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെ മന സ്സിലാക്കാനും വിഷമതകളെ നേരിടാനുമുള്ള അവബോധം നൽകാനുതകുന്ന ലൈംഗിക വിദ്യാഭ്യാസവും മാനസിക വിദ്യാഭ്യാസവും സ്കൂളുകളിൽ നിന്നു തന്നെ നൽകേണ്ടതാണ്. പഞ്ചായത്തിലെ സ്ത്രീകളുടെ പ്രധാന ആവ ശ്യങ്ങളാണ്, പുകയില്ലാത്ത അടുപ്പും, ഗോബർഗ്യാസ് പ്ലാന്റുകളും, സമ്പൂർണ്ണ മദ്യനി രോധനവും, പുകവലി നിരോധനവും.

**പ്രശ്നങ്ങൾ**

1 സ്ത്രീകളെ ഉപഭോഗവസ്തുക്കളാക്കി കാണുന്നതാണ് ഇതിൽ ഏറ്റവും പ്രധാനം. മാധ്യമങ്ങളിലെ പരസ്യപ്രളയ ങ്ങളിലെല്ലാം സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന രീതി കണ്ടുവരുന്നുണ്ട്. ഇത് നിർബ്ബന്ധമായും നിരോധിക്കേണ്ട താണ്, അതുപോലെ പെൺകുട്ടികളെ ലൈംഗീകമായി പീഢിപ്പിക്കുന്നതും അവ സാനിപ്പിക്കേണ്ടതുമാണ്. സ്ത്രീകൾക്ക് നിർഭയമായും സ്വതന്ത്രമായും സഞ്ചരി ക്കാനുള്ള സ്വാതന്ത്ര്യം പഞ്ചായത്ത് ഉറ പ്പുവരുത്തണം.

2. തൊഴിൽ മേഖലയിലെ തരം തിരിവാണ് സ്ത്രീകളനുഭവിക്കുന്ന മറ്റൊരു പ്രശ്നം. തുല്യ ജോലിക്ക് തുല്യവേതനം നമ്മുടെ ഭരണഘടന ഉറപ്പുവരുത്തിയിട്ടുള്ള താണ്. അതുകൊണ്ട് തന്നെ സ്ത്രീകൾക്ക് തുല്യവേതനം ലഭ്യമാക്കേ ണ്ടതും. തൊഴിൽ മേഖലകളിൽ മൂന്നിൽ

ഒരു ഭാഗമെങ്കിലും സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ടതുമാണ്.

3. വർദ്ധിച്ചുവരുന്ന സ്ത്രീധന പീഠനങ്ങളാണ് മറ്റൊന്ന്. സ്ത്രീയെ ഒരു ധനമായിക്കണക്കാക്കണമെന്ന കാര്യം പലരും സൗകര്യപൂർവ്വം മറക്കുന്നു. അത്കൊണ്ട് സ്ത്രീധന പീഠനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കണം.

4. വിവാഹത്തിലെ ധൂർത്തും ആർഭാടം നിറഞ്ഞ ജീവിതവുമാണ് സമൂഹത്തിൽ നാമിന്ന് കാണുന്ന മറ്റൊരു വിപത്ത്. ഇത് നിർബന്ധമായും അവസാനിപ്പിക്കേണ്ടതും, മിതവ്യയം ശീലിക്കാൻ വേണ്ടിയുള്ള ബോധവൽക്കരണം സമൂഹത്തിന് നൽകേണ്ടതുമാണ്. നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികളെ കണ്ടെത്തി അവരെ വിവാഹം ചെയ്തയക്കാനുള്ള ധനസഹായ പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിക്കേണ്ടതാണ്.

5. ഗൃഹജോലികളിൽ പുരുഷന്മാരുടെയും സഹകരണം ആവശ്യമാണ്. പെൺകുട്ടികളിൽ ചെറുപ്പം മുതൽ കലാകായിക അഭിരുചി വളർത്തിയെടുക്കാൻ പഞ്ചായത്തുകൾ ശ്രദ്ധപതിപ്പിക്കണം. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാൻ ലൈബ്രറികളിൽ നിന്ന് പുസ്തകങ്ങൾ നേരിട്ട് വീടുകളിലെത്തിച്ചുകൊടുക്കാൻ പറ്റിയ സംവിധാനം ഏർപ്പെടുത്തുന്നത് വളരെ ഉപകാരപ്രദമായിരിക്കും. അതുപോലെ സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങൾക്ക് പഞ്ചായത്ത് പ്രത്യേക പരിഗണന നൽകേണ്ടതും അംഗവൈകല്യം ബാധിച്ച വ്യക്തികളുള്ള കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കേണ്ടതുമാണ്. സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അനീതിക്കുമെതിരെ പടനയിക്കാൻ കെൽപ്പുള്ള ധീരവനിതകളായി സ്ത്രീകളെ മാറ്റേണ്ടിയിരിക്കുന്നു.

തൊട്ടിൽപാലം, പൂക്കാട്, കലങ്ങോട്, കൂടൽ, ചൊത്തക്കൊല്ലി, വണ്ണാതിയാറ്റ്, മുറ്റത്ത്പ്ലാവ്, ബെൻമൗണ്ട് എന്നീ പ്രദേശങ്ങളിൽ പുതുതായി മഹിളാ സമാജങ്ങളും ബാലവാടികളും അനുവദിക്കേണ്ട താണ്.

**സാധ്യതകൾ**

***സ്വയംതൊഴിൽ***

1. മെഴുകുതിരി നിർമ്മാണം
2 സോപ്പുനിർമ്മാണം
3 കയർ ഉൽപാദനം
4 ചന്ദനത്തിരി നിർമ്മാണം
5 പായനെയ്ത്ത്
6 കുട്ടനെയ്ത്ത്
7 കൂൺകൃഷി
8 ആട് വളർത്തൽ

***സഹകരണ മേഖലയിൽ***

1. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
2. ബേക്കറി പലഹാര നിർമ്മാണം
3. കൈത്തറി വസ്ത്ര നിർമ്മാണം
4. കോഴിഫാം
5. ക്ഷീര സഹകരണ സംഘം

പട്ടിക – XII

**മഹിളാ സമാജം പ്രവർത്തിക്കുന്ന വാർഡും പ്രവർത്തിക്കാത്ത വാർഡും**

| പ്രവർത്തിക്കുന്നവ | പ്രവർത്തിക്കാത്തവ |
|---|---|
| II ാം വാർഡ് 2 എണ്ണം<br>III " "<br>Ix " "<br>V " 1 എണ്ണം<br>VI " 1 എണ്ണം<br>VII " 1 എണ്ണം | I IX X വാർഡുകളിൽ മഹിളാ സമാജവും ബാലവാടിയും ഇല്ല |

> സഹകരണ തത്വം ജനാധിപത്യ വ്യവസ്ഥയിൻകീഴിൽത്വരിതമായ സാമൂഹിക വികസനത്തിനുള്ള അടിസ്ഥാന പ്രമാണമത്രെ. മാത്രമല്ല ഒരു ജനകീയ ഭരണവ്യവസ്ഥിതിയിൽ ആസൂത്രിത സാമ്പത്തിക പ്രവർത്തനത്തിന് സഹകരണം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഉപകരണമാണ്.
>
> *-ഒന്നാം പ്ലാനിംഗ് കമ്മീഷൻ*

# സഹകരണം

സഹകരണ പ്രസ്ഥാനം കേരളത്തിൽ വലിയൊരു ബഹുജന പ്രസ്ഥാനമായി വളർന്നതോടൊപ്പം കാവിലുംപാറ പഞ്ചായത്തിലും സഹകരണ മേഖല വളർന്നു വന്നിട്ടുണ്ട് പഞ്ചായത്തിൽ സഹകരണ മേഖലയിൽ പ്രധാനമായും പ്രവർത്തിച്ചു വരുന്നത് കാവിലുംപാറ മരുതോങ്കര പഞ്ചായത്തുകൾ പ്രവർത്തന പരിധിയായിട്ടുള്ള കാവിലും സർവ്വീസ് സഹകരണ ബാങ്കും വടകര സഹകരണ കാർഷിക വികസന ബാങ്കിന്റെ തൊട്ടിൽപാലം ശാഖയും, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ തൊട്ടിൽപാലം ശാഖയുമാണ്. വ്യവസായ സഹകരണ സംഘങ്ങാളായ കുണ്ടുതോട് ഏരിയ പെയിന്റ് ഇൻഡസ്'ട്രീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയും സോപ്പുനിർമ്മാണസംഘമായ നിക്കോസും തൊട്ടിൽപാലത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ കുറ്റ്യാടി ഏരിയാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി കുണ്ടുതോട്ടിലും ഖാദിവില്ലേജ് ഇൻഡസ്ട്രീസ് യൂനിറ്റായ സെറി കൾച്ചറൽ കോ ഓപ്പറേറ്റിവ് സൊസൈറ്റി തൊട്ടിൽ പാലത്തും പ്രവർത്തിക്കുന്നു. 1961 ഒക്ടോബറിൽ രജിസ്റ്റർ ചെയ്ത് നല്ല നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ക്ഷീരോൽപാദക സഹകരണ. സംഘം നിർജ്ജീവാവസ്ഥയിലായിട്ടു വർഷങ്ങളേറെയായി. 1990 ന് ശേഷം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു തുടങ്ങിയ രാജീവ് ഗാന്ധി മെമ്മോറിയൽ സഹകരണാശുപത്രിയും പൊറ്റേക്കര സഹകരണ സ്റ്റോറും ഇപ്പോൾ പ്രവർത്തന രഹിതമാണ്. ഇതേ കാലഘട്ടത്തിൽ രൂപീകരിച്ച വനിതാ സഹകരണ സംഘം, ടെയിലേഴ്സ് സഹകരണ സംഘം മോട്ടോർ തൊഴിലാളി സഹകരണ സംഘം, സഹകരണ ഹോട്ടൽ എന്നിവ പ്രവർത്തിക്കാതെ തന്നെ ഒഴിവാക്കപ്പെട്ടവയാണ്.

1954 ജൂണിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധോദ്ദേശ ഐക്യ നാണയ സംഘത്തിന്റെ ആവിർഭാവത്തോടെയാണ് കാവിലുംപാറയിൽ സഹ കരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. മൊയിലോത്തറയിൽ പ്രവർത്തിച്ചുതുടങ്ങിയ ഈ സംഘത്തിന്റെ മുഖ്യ സംഘാടകൻ കൂരി ക്കണ്ടി കേളു നമ്പ്യാരായിരുന്നു. തുടക്കത്തിൽ 50 രൂപവരെ ആൾ ജാമ്യ ത്തിൽ കാർഷിക വായ്പ നൽകിയായിരുന്നു. പിന്നീടുള്ള പ്രവർത്തന ത്തിന്റെ ഫലമായി 1962ൽ ഈ സംഘം കാവിലുംപാറ സർവ്വീസ് സഹ കരണ ബാങ്കായി രജിസ്റ്റർ ചെയ്ത് മൊയിലോത്തറ വായനശാലക്ക് സമീപം പ്രവർത്തിച്ചുതുടങ്ങുകയുംചെയ്തു. ഒരു വർഷത്തിനുശേഷം പൈക്കളങ്ങാടിയിലെ വാടകക്കെട്ടിടത്തിലും പിന്നീട് മൊയിലോത്തറ യിലെ സ്വന്തം കെട്ടിടത്തിലുമാണ് ഈ സ്ഥാപനം പ്രവർത്തിച്ചത്., 1976 മുതൽ തൊട്ടിൽ പാലത്ത് ആദ്യം വാടകക്കെട്ടിടത്തിലും 1981 മുതൽ ഇപ്പോഴത്തെ സ്വന്തം കെട്ടിടത്തിലുമാണ് ബാങ്ക് പ്രവർത്തിക്കുന്നത്. ഇതിനുശേഷമാണ് ബാങ്ക് ഇന്നത്തെ നിലയിൽ വളർച്ച പ്രാപിച്ചത്. 703112 രൂപ ഓഹരിമൂലധനവും 29100 രൂപ സർക്കാർ ഓഹരിയും 11ദശ ലക്ഷം രൂപ പ്രവർത്തന മൂലധനവുമുള്ള ഈ ബാങ്കിൽ 4872 A ക്ലാസ്സം ഗങ്ങളുണ്ട്. ഈ സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാരായ എട്ടുപേരും ദിവസക്കൂലിക്ക് 2 പേരും ഡൈലി ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റായി 1 ആളും പ്രവർത്തിച്ചുവരുന്നുണ്ട്, കാർഷിക ഹ്രസ്വകാല വായ്പ, ഐ. ആർ. ഡി. പി. വായ്പ, ഗോൾഡ്ലോൺ എന്നീ ഇനങ്ങളിൽ 25000 രൂപവരെ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട് ബാങ്കിനോടനുബ ന്ധിച്ച് വളം വിതരണം ചെയ്യുന്ന ഡിപ്പോ പ്രവർത്തിക്കുന്നുണ്ട് കൂടാതെ കുണ്ടുതോട്ടിലും മുള്ളം കുന്നിലും കമ്മീഷൻ വ്യവസ്ഥയിൽ ഓരോ വളം ഡിപ്പോ പ്രവർത്തിക്കുന്നുണ്ട് കേരാ ഫെഡിന്റെ നിർദ്ദേശമനുസ രിച്ച് കാലാകാലങ്ങളിൽ കൊപ്ര സംഭരിക്കാറുണ്ട്. ഓഡിറ്റ് പ്രകാരം നഷ്ടത്തിലാണ് ബാങ്ക് പ്രവർത്തിക്കുന്നത്. 40 % ത്തിലധികം അംഗ ങ്ങളുടെ ഓവർ ഡ്യൂ ഉള്ളതാണ് നഷ്ടത്തിന് കാരണം.

കക്കട്ട് കേന്ദ്രമായി പ്രവർത്തിക്കുന്ന വടകര സഹകരണ കാർഷിക വികസന ബാങ്കിന്റെ ശാഖ 1989 മുതലാണ് തൊട്ടിൽപാലത്ത് പ്രവർത്തിച്ചു തുടങ്ങിയത്. പഞ്ചായത്തിലെ 1746 കൃഷിക്കാരാണ് ഈ സ്ഥാപനത്തിൽ അംഗങ്ങളായിട്ടുള്ളത്. ഭൂസ്വത്തുക്കളുടെ ഈടിന്മേൽ തെങ്ങ്, കവുങ്ങ്, റബ്ബർ, കശുമാവ്,കൊക്കോ തുടങ്ങിയ നാണ്യവിള കൾ കൃഷിചെയ്യുന്നതിനാവശ്യമായ ദീർഘകാല വായ്പകൾ ഈ ബാങ്കിലൂടെ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ചെറുകിട വ്യവസായ ങ്ങൾക്കും വാഹനങ്ങൾ വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനും വിവിധ പദ്ധതികൾക്കും ആവശ്യമായ വായ്പകളും നൽകിവരുന്നുണ്ട്.

കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിലൂടെ സ്വർണ്ണപ്പ ണയത്തിലും വീട്ടുപകരണങ്ങൾ വാങ്ങുന്നതിന് ഉദ്യോഗസ്ഥരുടെ ജാമ്യ ത്തിലും വിവാഹാവശ്യങ്ങൾക്കും വായ്പകൾനൽകുന്നുണ്ട്. ബാങ്കിംഗ്

മേഖലയിൽ സഹകരണ ബാങ്കുകൾക്ക് പുറമെ വാണിജ്യബാങ്കുകളായ കനറാബാങ്കിന്റെയും ഫെഡറൽ ബാങ്കിന്റെയും ഓരോ ശാഖകൾ തൊട്ടിൽപാലത്ത് പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ജനങ്ങൾക്ക് കാർഷികവും കാർഷികേതരവുമായ വായ്പകൾ നൽകുന്ന വലിയ പങ്കുവഹിക്കുന്നത് ഈ സ്ഥാപനങ്ങളാണ്. ജനങ്ങളുടെ വായ്പാവ ശ്യങ്ങൾ നിറവേറ്റുന്നതിന് സ്വകാര്യമേഖലയിലുള്ള ബാങ്കുകളും നാടൻ പണമിടപാടുകാരും സാമ്പത്തിക ദല്ലാളന്മാരും സജീവമായി രംഗ ത്തുണ്ട്.

മേൽ വിവരണത്തിൽ നിന്നും പഞ്ചായത്തിലെ സഹകരണ രംഗത്തെ ക്കുറിച്ച് ഒരേകദേശ ചിത്രം ലഭിക്കുമല്ലോ. 21000ത്തിൽ പരം ജനസം ഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ 5000 ത്തിൽ താഴെ അംഗങ്ങൾ മാത്ര മാണ് വിവിധ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളത് ശതി മാനക്കണക്കിൽ പരിശോധിച്ചാൽ 25 % ൽ താഴെയാണിത്. മനുഷ്യ ജീവിതത്തിന് ആവശ്യമായ എല്ലാ മേഖലയിലും ഇപ്പോൾ സഹക രണ സംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നുണ്ട്. ഈ വസ്തു തവച്ച് പഞ്ചായത്തിലെ സഹകരണ സംഘങ്ങളെ വിലയിരുത്തുമ്പോൾ സംസ്ഥാന ശരാശരിയിലും എത്രയോ പുറകിലാണ് നമ്മളെന്നു കാണാൻ കഴിയും.

പഞ്ചായത്തിലെ പ്രധാനപ്പെട്ട സഹകരണ സംഘങ്ങളെല്ലാം ക്രഡിറ്റ് മേഖലയിലാണ് പ്രവർത്തിക്കുന്നത് ഈ സംഘങ്ങൾ മുഖേന കൃഷി ക്കാർക്ക് ലഭ്യമാകുന്ന കാർഷിക വായ്പ യഥാർത്ഥത്തിൽ ഒരു ചെറിയ ശതമാനം മാത്രമാണ്. കാർഷികേതര വായ്പകൾനാമമാത്രമായ നമ്മുടെ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ വഴി ലഭിക്കു ന്നുള്ളൂ. ഈ കാരണങ്ങളാൽ കാർഷികവും കാർഷികേതരവുമായ വായ്പാവശ്യങ്ങൾക്കായി ജനങ്ങൾ പോവുന്നത് കഴുത്തറപ്പൻ പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുകാരുടേയും ബ്ലേഡ് കമ്പനിക്കാ രുടെയും കൈകളിലേക്കാണ് ഇവരുടെ കൈകളിലെത്തി ചേ രുന്ന വർക്ക് ഒരിക്കലും മോചനമുണ്ടാവുന്നില്ല എന്നതാണ് സത്യം.

സ്വയം സമ്പൂർണ്ണമായ ഗ്രാമം എന്ന ലക്ഷ്യം വെച്ചുകൊണ്ട് ജനകീ യാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തീവ്രപരിശ്രമം നടത്തുന്ന നമ്മുടെ പഞ്ചായത്തിൽ സഹകരണ രംഗം പരിപോഷിപ്പിക്കാൻ താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കട്ടെ.

1. പഞ്ചായത്തിലെ ഓരോ വീട്ടിൽ നിന്ന് ഒരാളെങ്കിലും സഹക രണ സംഘടങ്ങളിൽ അംഗങ്ങളാകുക.

2. വായ്പാ സംഘങ്ങൾക്ക് പുറമെ കാർഷിക വിപണനം, ക്ഷീരോ ത്പാദനം, വിപണനം, ഭവന നിർമ്മാണം, ഗ്രാമീണ വ്യവസായം, ഉപഭോക്തൃ രംഗം തുടങ്ങി എല്ലാ മേഖലയിലും സഹകരണ പ്രസ്ഥാനം ആരംഭിക്കുക.

3 പഞ്ചായത്തടിസ്ഥാനത്തിൽ കൂട്ടുകൃഷി സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കുക.

4. സഹകരണ മേഖലെക്കുറിച്ചുള്ള പൊതുജന ബോധവൽക്കരണം അനിവാര്യമാണ്. വാർഡു തലത്തിലിരുന്ന് പരിപാടി ആവിഷ്കരിക്കാൻ സഹകരണ സംഘങ്ങൾക്ക് നേതൃത്വം കൊടുക്കുക.

**സഹകരണ മേഖലയിൽ തുടങ്ങാൻ കഴിയുന്ന സ്ഥാപനങ്ങൾ :**

1. കാവിലുംപാറയിൽ സുലഭമായി ലഭിക്കുന്ന ചകിരിത്തൊണ്ട് ഉപയോഗിച്ച് യന്ത്ര വൽകൃത ചകിരി – കയർ നിർമ്മാണ ഫാക്ടറി സഹകരണ മേഖലയിൽ ആവിഷ്കരിക്കുക.

2. തൊഴിൽ രഹിതകളായ യുവതികൾക്ക് സഹകരണമാടിസ്ഥാനത്തിൽ റെഡിമെയ്ഡ് & എംബ്രോയ്ഡറി യൂനിറ്റ് ആരംഭിക്കാം.

3. കുണ്ടുതോട് പ്രദേശത്ത് പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികളിലെ പാഴായിപ്പോകുന്ന കരിങ്കൽ ചീളുകളും കരിങ്കൽ പൊടിയും ഉപയോഗിച്ച് സിമന്റ് കട്ട, കോൺക്രീറ്റ് കട്ട, കട്ടില ജാലകം മുതലായവ നിർമ്മിക്കാൻ കഴിയും.

4. ഹരിജനങ്ങൾ, ആദിവാസികൾ, എന്നിവരുടെ പരമ്പരാഗത കുലത്തൊഴിലുകളായ പായ, കുട്ട, മുറം, വട്ടികൾ, ചൂരൽകുട്ടകൾ കസേരകൾ എന്നിവ നിർമ്മിക്കലും, തേൻ പന്തം മുതലായ ശേഖരിക്കലും അവയുടെ വിപണനവും ലക്ഷ്യമിട്ടുകൊണ്ട് അവരുടെ ഒരു സഹകരണ സംഘം ആരംഭിക്കുക.

5. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി ആരംഭിക്കുക.

6. നാളികേര കൃഷിക്കാരെയും നാളികേര സംസ്കരണ രംഗത്തെ തൊഴിലാളികളേയും സംഘടിപ്പിച്ച് ഒരു നാളികേര സംഭരണ സംസ്കരണ സഹകരണ സംഘം രൂപീകരിക്കുക.

7. ഓരോ വാർഡിലും കറവകേന്ദ്രങ്ങളും തൊട്ടിൽപാലത്ത് പാൽ സംഭരണ – വിപണന യൂനിറ്റും അടങ്ങുന്ന സഹകരണ പാൽ സംഭരണ വിതരണ സംഘം രൂപീകരിച്ച്കൂടുതൽ പേരെ മൃഗ സംരക്ഷണ രംഗത്തേക്ക് കൊണ്ടുവരാൻ കഴിയും ഇതിന് സർക്കാർ സബ്സിഡിയും മറ്റ് ഏജൻസികളുടെയും സഹായങ്ങളും ലഭ്യമാക്കാവുന്നതാണ്.

8. തൊഴിൽ രഹിതരായ സ്ത്രീകളെ സംഘടിപ്പിച്ച് സഹകരണ മേഖലയിൽ ജില്ലാ നിർമ്മാണ യൂനിറ്റ് രൂപീകരിച്ചാൽ നിർമ്മാണ രംഗത്ത് ഇന്നനുഭവപ്പെടുന്ന മെറ്റലിന്റെ ദൗർലഭ്യവും ഒട്ടനവധി സ്ത്രീകളുടെ തൊഴിലില്ലായ്മയും പരിഹരിക്കാൻ കഴിയും.

9. അച്ചാറുകൾ, ജാമുകൾ എന്നിവനിർമ്മിക്കാനുതകുന്ന തരത്തിൽ ഒരു ഭക്ഷ്യ സംസ്കരണ യൂനിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്.

10 കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കാനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ രക്ഷിക്കാനും കഴിയുന്ന വിധത്തിൽ കാർഷികോത്പന്ന സംഭരണം ലക്ഷ്യമാക്കി ഒരു മാർക്കറ്റിംഗ് സൊസൈറ്റി തൊട്ടിൽ പാലത്ത് ആരംഭിക്കുക.

11. കാർഷിക തൊഴിലുപകരണങ്ങളായ കൈക്കോട്ട്, മൺവെട്ടി, പിക്കാസ്, കമ്പിപ്പാര എന്നിവ നിർമ്മിച്ച് വിപണനം നടത്താൻ കഴിയുന്ന ഒരു ചെറുകിട വ്യവസായ യൂനിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കുക.

12. ഇറച്ചിക്കോഴികൾ, മുട്ടക്കോഴികൾ എന്നിവയെ വളർത്താനുള്ള ചെറുകിട യൂനിറ്റുകൾ സ്ഥാപിച്ചുകൊണ്ട് ഒരു കേന്ദ്രീകൃത സൊസൈറ്റി തൊട്ടിൽപാലത്ത് ആരംഭിക്കുക.

13. നോട്ടുബുക്കുകൾ നിർമ്മിക്കാനും പുസ്തകങ്ങൾ ബൈന്റ് ചെയ്യാനുമുള്ള സഹകരണ സൊസൈറ്റി രൂപീകരിക്കുക.

14. നാളികേര സംസ്കരണ യൂനിറ്റുകൾ മുഖേനെ ലഭ്യമാകുന്ന തേങ്ങാപ്പിണ്ണാക്ക്, സമീപപ്രദേശമായ വയനാട്ടിൽ തുഛ്ചമായ വിലക്ക് ലഭ്യമാകുന്ന കാപ്പിത്തൊണ്ട്, അവിൽമില്ലുകളിൽ ലഭ്യമാകുന്ന അവിൽപൊടി ചേർന്ന തവിട് എന്നിവ ഉപയോഗിച്ച് കാലിത്തീറ്റ, കോഴിത്തീറ്റ ഇവ നിർമ്മിക്കുന്ന യൂനിറ്റ് സഹകരണമേഖലയിൽ ആരംഭിക്കുക.

15. ഇളനീർ, തേങ്ങാവെള്ളം, എന്നിവ ഉപയോഗിച്ച് ഗുണനിലവാരമുള്ള പ്രകൃതിദത്ത സ്വഭാവമുള്ള ശീതള പാനീയങ്ങൾ നിർമ്മിക്കുന്ന യൂനിറ്റ് ആരംഭിക്കുക.

16. പഞ്ചായത്തുടമസ്ഥതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങളിലും മറ്റും സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തുക.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ചരിത്രപരമായ കാരണങ്ങളാൽ ഇപ്പോഴും പ്രത്യേക സാമൂഹിക പരിഗണന അർഹിക്കുന്ന ഒരു വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ. ജനസംഖ്യാനുപാതികമായി നമ്മുട പഞ്ചായത്തിൽ ഇവർ താരതമ്യേനെ കുറവാണെങ്കിലും വികസനത്തിന്റെ മുഖ്യധാരയിൽ ഇവരെക്കൂടി ഇഴചേർക്കേണ്ടതുണ്ട്. മുൻകാലങ്ങളിൽ മേലാളർക്കുവേണ്ടി രാപകൽ മൃഗതുല്യരായി കഠിനാദ്ധ്വാനം ചെയ്തു മണ്ണിൽ കനകം വിളയിച്ച് അവരെ സമ്പന്നരാക്കിയ ഇവരുടെ ജീവിതത്തിന്റെ ബാക്കിപത്രം. നിത്യദാരിദ്ര്യവും, മാറാരോഗങ്ങളും അജ്ഞതയും മാത്രമായിരുന്നു. 1955 –56 കാലഘട്ടത്തിൽ ആദിവാസി മേഖലയിൽ പടർന്നുപിടിച്ച മാരകമായ വസൂരിരോഗത്തിന്റെ ഫലമായി ആവശ്യമായ പരിചരണവും വൈദ്യസഹായവും ലഭിക്കാത്തതിനാൽ അനേകം പേർ മരിക്കാനിടയായിട്ടുണ്ട്. ഇത്രയേറെ ദുരിതപൂർണ്ണമായ ജീവിതം നയിച്ച ഒരു ജനതതി പടിപടിയായി പരിവർത്തനത്തിലൂടെ ഇപ്പോൾ സമൂഹത്തിന്റെ പരിച്ഛേദമായി മാറിക്കഴിഞ്ഞു.

**പണിയർ**

ഇവർ നമ്മുടെ പഞ്ചായത്തിൽ താമസമാരംഭിച്ചത് എപ്പോഴാണെന്ന് കൃത്യമായ വിവരം ലഭ്യമല്ല. എന്നാൽ മൂന്നു തലമുറകൾക്ക് മുമ്പു തന്നെ കാടുകളുമായി ബന്ധപ്പെട്ട് ഇവർ ഇവിടെ ഉണ്ടായിരുന്നു. ഒടുക്കൻ – മഞ്ഞ്ള് ദമ്പതികളുടെ പൂർവ്വികരാണ് ഇവിടെ ആദ്യകാല താമസക്കാർ എന്നാണ് അറിയുന്നത്. തൂണേരി തമ്പ്രാൻ എന്നറിയപ്പെടുന്ന ജന്മി കൊയ്യണ്ടത്തിൽ തമ്പ്രൻ എന്നവർക്കും, തുടർന്ന് മുക്കത്ത് മൊയ്തീൻ ഹാജിക്കും കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയിലാണ് ഇവർ ആദ്യകാലം താമസിച്ചിരുന്നത്. വന്യമൃഗങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് ഇവർ കാട്ടുപ്രദേശത്ത് കൂട്ടമായാണ് താമസിച്ചിരുന്നത്. ഓരോ കുടുംബത്തിനും ചെറിയ,ചെറിയ കൂരകൾ (പണിയപുര) ആണുണ്ടായിരുന്നത്. അക്കാലത്ത് കാട്ടുകിഴങ്ങുകളും കായ്കനികളും, ഞണ്ട്, ആമ, പുഴമീൻ എന്നിവയും ശേഖരിച്ചാണ് ഭക്ഷണത്തിന് വഴിയുണ്ടാക്കിയത്. വനങ്ങളിൽ നിന്ന് ശേഖരിക്കുന്ന തേൻ, പന്തം, അരക്ക് തുടങ്ങിയവ ഒരു തുണ്ട് പുകയിലയോ, ഒരു പിടി അരിയോ നൽകിയാണ് കച്ചവടക്കാർ ഇവിരിൽ നിന്നും ശേഖരിച്ചിരുന്നത്. മൂന്നാംകൈ, ദേവർകോവിൽ എന്നിവിടങ്ങളിലാണ് ഇവ നൽകിയിരുന്നത്. വന വിഭവങ്ങൾ ശേഖരിക്കാൻ കാട്ടിൽ പോയിരുന്ന ഇവർ ദിവസങ്ങൾ കഴിഞ്ഞാണ് തിരിച്ചെത്തിയിരുന്നത്. ഈയാത്രയിൽ വന്യമൃഗങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കാട്ടുപാറകളിലും പാറമടകളിലും ഇവർ അഭയം തേടിയിരുന്നു. കായ്കനികളും നീർച്ചാലുകളിലെ വെള്ളവുമായിരുന്നു ഭക്ഷണമാക്കിയിരുന്നത്. കാലത്തിന്റെ ഗതിക്രമമനുസരിച്ച് ഇതിൽ വിത്യാസം വന്നിട്ടുണ്ട്. വെളിച്ചേമ്പ് ഭക്ഷിക്കുന്ന സ്വഭാവം ഇന്നുമുണ്ട്. ഇവർക്ക് തേച്ചുകുളിക്കാൻ എണ്ണ പാത്രത്തിൽ നൽകാറില്ല. തലയിൽ ഒഴിച്ചുകൊടുക്കുന്ന വ്യാജേനെ നെറ്റിയിലാണ് എണ്ണഒഴിക്കുക. അത് ഒലിച്ച് കണ്ണിലെത്തുമ്പോൾ നിർത്തും ഇവരെ ചൂഷണം ചെയ്ത പല രീതിയിൽ ഒന്നായിരുന്നു ഇത് രോഗം വന്നാൽപച്ചമരുന്നും ഒറ്റമൂലിയുമാണ് ഉപയോഗിച്ചിരുന്നത്. വസൂരി, കോളറ തുടങ്ങിയ പകർച്ചവ്യാധികളാൽ നിര

വധി പേർ കൂട്ടമായി മരണ പ്പെട്ടിട്ടുണ്ട്. ഇവരെ ശുശ്രൂ ഷിക്കാനോ ശവം മറവുചെ യ്യാനോ ആളുണ്ടാകാറില്ല. 1955, 56 കാലത്ത് വസൂരി രോഗം പടർന്നുപിടിച്ച് കൂട്ട മരണമുണ്ടായ അവസര ത്തിൽ ചില സാമൂഹ്യ പ്രവർത്തകർ ശവം മറവു ചെയ്യാനെത്തി. ഒരുകുഴി യിൽ തന്നെ പലരെയും മറ വുചെയ്യും. ഇക്കൂട്ടത്തിൽ അബോധാവസ്ഥയിലായ മഞ്ഞള് എന്ന സ്ത്രീയെ മറ വുചെയ്യാൻ വലിച്ചുകൊണ്ടു പോവുകയും 'ഞാൻ ചത്തി ട്ടില്ല' എന്ന് വിളിച്ചുപറഞ്ഞ പ്പോൾ പ്രവർത്തകരുടെ ശ്രദ്ധയിൽ പെടുകയും അങ്ങിനെ പാവം സ്ത്രീ രക്ഷപ്പെടുകയുമാണുണ്ടാ യത്. അടുത്തകാലത്താണ് ഈ സ്ത്രീ മരണപ്പെട്ടത് മുമ്പ് ഇവരിലാർക്കും വിദ്യാ ഭ്യാസമുണ്ടായിരുന്നില്ല അതിനാരും ശ്രമിച്ചിരുന്നു മില്ല. എന്നാൽ ഇപ്പോൾ കോളനികളിലെ കുട്ടികൾ സ്കൂളിൽ പോകുന്നുണ്ട്. പെൺകുട്ടികളുൾപ്പെടെ പ്രീഡിഗ്രിവരെ പഠിച്ച കുട്ടി കളെ ഇന്ന് കോളനികളിൽ കാണാം.

ഇവരുടെ വിവാഹത്തിന് തെയ്യം കെട്ടിയാടും പിതൃ ക്കളുടെ ആത്മാവിനെ പ്രീതിപ്പെടുത്താൻ കൂളി ക്കെട്ട് എന്ന് ആചാരവും ഉണ്ട്. കോളനി മൂപ്പനാണ് കെട്ടിയാടുന്നത്. ഈ സമ യത്ത് സ്ത്രീകൾ പ്രത്യേക ശബ്ദമുണ്ടാക്കി നൃത്തം ചെയ്യും ഇത് വീടുകളിൽ ആരംഭിച്ച് അടുത്ത കൂളി ക്കാവിലാണ് അവസാനിപ്പി ക്കുക. ഉടുക്ക്, തുടി, ചീനി, എന്നീ വാദ്യോപകരണങ്ങ ളുടെ താളത്തിലാണ് ഇവർ ചുവടുവെച്ചിരുന്നത്. വധു വിന് മുക്കുപണ്ടങ്ങൾ കുപ്പി വളകൾ കല്ലയും മാലയും എന്നിവയായിരുന്നു ആഭര ണങ്ങൾ.

പെൺകുട്ടികൾ ഋതുമതി കളായാലും സ്ത്രീകൾ പ്രസവിച്ചാലും പ്രത്യേകകു ടിൽ (തീണ്ടൽ പുര) ഉണ്ടാക്കി താമസിപ്പിച്ചി രുന്നു. മരിച്ചാൽ ഏഴുദി വസം ചാവ് ആചരിക്ക ലുണ്ട്. ചാവ് അവസാനം കുടഞ്ഞ് കുളിയിലും, ഉണ്ടാ യിരുന്നു. മൂപ്പനാണ് ഇത് നടത്തുന്നത്. ഭക്ഷണ ക്ഷാമം എല്ലാ അർത്ഥ ത്തിലും അനുഭവിച്ച ഇവർ ക്ഷണിക്കപ്പെടാതെ തന്നെ അക്കാലത്ത് ഉയർന്ന ജാതി ക്കാരുടെ വീടുകളിൽ വിവാഹം തുടങ്ങിയ സദ്യക ളിൽ പോയിരുന്നു. വീട്ടിൽ അകലെ പറമ്പുകളിൽ തമ്പ ടിക്കുന്ന ഇവർ മറ്റുള്ളവർ കഴിച്ച ഭക്ഷണത്തിന്റെ ബാക്കിപോലും കഴിക്കാൻ നിർബന്ധിതരായിരുന്നു. എന്നാൽ ഇവരുടെ ജീവിത നിലവാരം ഇന്ന് താരത മ്യേന മെച്ചപ്പെട്ടുവരു ന്നുണ്ട്.

## കുറിച്യർ

നമ്മുടെ പ്രദേശത്ത് തീ രെകുറ്റിയറ്റുപോയ വിഭാഗ മാണ് ഇവർ എന്നിരു ന്നാലും ഒരാൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ അവശേഷിക്കുന്നു. അയാൾ പരമ്പരാഗതമായ ചികിത്സ യിലും മറ്റും പ്രാവീണ്യമുള്ള ആളാണ്. ഈ സമുദായം വേരറ്റുപോകാനുള്ള ചരിത്ര പരമായ കാരണങ്ങൾ ആമു ഖത്തിൽ വിശദമായി പ്രതി പാദിക്കുന്നുണ്ട്.

## ഹരിജനങ്ങൾ (പുലയ)

പഞ്ചായത്തിലെ ആദ്യത്തെ താമസക്കാര നായ കൊല്ലോരുന്തൻ – കൊറുമ്പി ദമ്പതികളും കാടൻ – നെല്ലായി ദമ്പതി കളും സുമാർ 70 വർഷം മുമ്പാണ് ഇവിടെ എത്തി യത്. അതിനു ശേഷം കുറ്റ്യാടി, കായക്കൊടി എന്നീ പഞ്ചായത്തുകളിൽ നിന്ന് കുടിയേറിയവ രുൾപ്പെടെ ഇന്നും അറുപ തോളം കുടുംബങ്ങൾ ഇവി ടെയുണ്ട്. ഇവരുടെ ദൈവ ങ്ങളെ പ്രീതിപ്പെടുത്താൻ കൂളിക്കെട്ട് എന്നാചാരമുണ്ട്. കുതിരക്കോലം, പുലിക്കളി എന്നിവയും ഇവർ നടത്തി യിരുന്നു. അയിത്തം നിലനി ന്നിരുന്ന കാലത്ത് ഇവർ 'ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ' ആയിരു ന്നല്ലോ മേൽജാതിക്കാരുടെ വീട്ടിൽ ഇവർക്ക് പ്രവേശന മുണ്ടായിരുന്നില്ല. ഭക്ഷണ

സാധനങ്ങൾ മുറ്റത്തും പറമ്പിലുമായി ചിരട്ടയിലും, പാളയിലും, ഇലയും തടയും നിർമ്മിച്ച് അതിലുമായിരുന്നു നൽകിയിരുന്നത്. ഇവരുടെ വിവാഹത്തിന് വധു വരന്റെ വീട്ടിലേക്ക് ഓട്ടുപാത്രങ്ങൾ കൊണ്ടുവന്നിരുന്നു. വിവാഹബന്ധം വേർപ്പെടുത്തേണ്ടി വന്നാൽ വധുവും വരനും ഒരു കൈതോലയുടെ രണ്ടാറ്റവും പിടിക്കുകയും മൂപ്പൻ ഓല മധ്യത്തിൽ നിന്ന് മുറിച്ച് മാറ്റുകയും വിവാഹബന്ധം വേർപ്പെടുത്തുകയും ചെയ്തിരുന്നു. അങ്ങിനെ വേർപ്പെടുത്തുമ്പോൾ വധുവിന്റെ ഓട്ടുപാത്രം തിരിച്ചു കൊടുക്കുകുയും ചെയ്തിരുന്നു സ്ത്രീകൾ പ്രസവിച്ചാലും പെൺകുട്ടികൾ ഋതുമതികളായാലും വീട്ടിൽ നിന്നു മാറ്റി തീണ്ടൽ പുരകളിൽ താമസിപ്പിച്ചിരുന്നു.

**വണ്ണാൻ**

കാവിലുംപാറ പഞ്ചായത്തിലെ ആദ്യത്തെ കുടിയേറ്റക്കാർ കേളു, മാക്കം ദമ്പദികളാണ്. ഇവർ അമ്പതു വർഷം മുമ്പാണ്. ഇവിടെ എത്തിയത് ഇവരിൽ പുരുഷന്മാർ പരമ്പരാഗതമായി തയ്യൽ ജോലിക്കാരാണ് അയിത്തം തീണ്ടൽ തുടങ്ങിയ അനാചാരങ്ങൾ നിലനിന്നിരുന്ന കാലത്ത് ഇവരുടെ സ്ത്രീകൾ അലക്കി നൽകിയിരുന്ന തുണി (വണ്ണാത്തി മാറ്റ് ) പുലമാറുന്നതിന് ചവിട്ടിനിന്ന് കുടയാനും ബലികർമ്മങ്ങൾക്ക് ഉടുക്കാനും സവർണ്ണരൊഴികെ ഉപയോഗിച്ചിരുന്നു.

**മലയർ**

പഞ്ചായത്തിൽ മലയസമുദായക്കാർ കുറവാണ്. കായക്കൊടി പഞ്ചായത്തിൽ നിന്ന് വന്ന് സ്ഥിരതാമസമാക്കിയ അഞ്ചു കുടുംബങ്ങളാണ് ഇവിടെയുള്ളത് ഇവരിൽ രണ്ടു കുടുംബങ്ങളാണ് കുലത്തൊഴിൽ ചെയ്ത് ജീവിക്കുന്നത്. ചെണ്ട കൊട്ട, തെയ്യം കൊട്ട്, ഓണപ്പൊട്ടൻ, കാലൻ പാട്ട്, വേടൻ പാട്ട്, ശീപോതിപാട്ട്, അമ്പലങ്ങളിലെ തെയ്യങ്ങൾ എന്നിവ ഇവർ കലാമേന്മയോടെ അവതരിപ്പിക്കുന്നു.

സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ഇവർ ഭൂരിപക്ഷവും നന്നായി പാടുന്നവരാണ്. തോറ്റം പാട്ട്, ഇവർക്ക് മാത്രം അവകാശപ്പെട്ടതാണ്. കളമെഴുത്തിൽ ഇവർ വൈദഗ്ധ്യമുള്ളവരാണ്. പാള കുരുത്തോല മുതലായവകൊണ്ട് ഇവരുണ്ടാക്കുന്ന കലാരൂപങ്ങൾ ആകർഷകങ്ങളാണ്. അമ്പലങ്ങളിലും കാവുകളിലും ഉത്സവങ്ങൾക്ക് സ്ത്രീകളും കുട്ടികളും പുരുഷന്മാരും എല്ലാം അവരുടെ പങ്ക് നിർവഹിക്കുന്നു.

**പരവൻ**

70 വർഷങ്ങൾക്ക് മുമ്പ് പുറമേരിക്കടുത്ത് വെള്ളൂരിൽ നിന്ന് കുടിയേറി പാർത്ത ഉണ്ണി ചെറിയ ദമ്പദികളുടെ പിൻമുറക്കാരാണ് ഈ സമുദായത്തിലുള്ളത്. ഇവരിൽ പുരുഷന്മാർ ചെങ്കല്ല് ചെത്തുകയും ചുമർ നിർമ്മിച്ച് കുമ്മായം തേക്കുകയുമാണ് കുലത്തൊഴിലായി ചെയ്തിരുന്നത്. മറ്റ് സമുദായക്കാർ ഈ മേഖലയിൽ എത്തിപ്പെട്ടതോടെ എണ്ണത്തിൽ കുറവായ ഇവർ ഈ തൊഴിലിൽ നിന്നും വിരമിച്ചുകൊണ്ടിരിക്കുകയാണ്. അധികം പേരും മറ്റു തൊഴിലുകളുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്.

ഇവരിൽ സ്ത്രീകളിൽ മുമ്പ് വീടുകളിൽ പ്രസവമെടുക്കൽ (വയറ്റാട്ടി) സ്ഥിരം തൊഴിലാക്കിയിരുന്നവർ ഉണ്ടായിരുന്നു. മണക്കര ചെറിയ എന്ന സ്ത്രീ ഇതിൽ വിദഗ്ധയായിരുന്നു. ഉയർന്ന ജാതിക്കാരുടെ വീട്ടിനകത്തുപോലും അന്നിവർക്ക് പ്രവേശനമുണ്ടായിരുന്നു. ആധുനിക വൈദ്യശാസ്ത്ര രംഗത്തെ പുരോഗതിയുടെ ഫലമായി ഇവർ ഈ തൊഴിലിൽ നിന്ന് വിരമിച്ച് വീടുകെട്ടി മേയലിനും ഓണം വിഷു തുടങ്ങിയ വിശേഷ ദിവസങ്ങളിലും മേൽ ജാതിക്കാരുടെ വീടുകളിൽ ഇവരുടെ സ്ത്രീകൾ വെറ്റില മുറുക്കാനാവശ്യ

മായ ചുണ്ണാമ്പ് എത്തിച്ചു കൊടുക്കുകയും ഇതിന് പ്രതിഫലമായി കൊയ്ത്ത്കാലങ്ങളിൽ നെല്ല് കൊടുക്കുകയും ചെയ്യുന്ന സമ്പ്രദായമുണ്ടായിരുന്നു.

പഞ്ചായത്തിലെ പട്ടികവർഗ്ഗത്തിൽ പെട്ടവർ ഭൂരിപക്ഷവും കോളനികളിൽ താമസിക്കുന്നവരാണ്. അടിസ്ഥാനസൗകര്യങ്ങളൊന്നുമില്ലാത്ത ഇവർക്ക് സർക്കാർ നിർമ്മിച്ചുകൊടുത്ത 7 കോൺക്രീറ്റ് വീടുകളും 12 ഓട്മേഞ്ഞ വീടുകളുമുണ്ട് കൂടാതെ ചെറ്റപ്പുരയിൽ വസിക്കുന്ന 24 ഓളം കുടുംബങ്ങളുമുണ്ട്. സർക്കാർ വക നിക്ഷിപ്ത വനഭൂമി പതിച്ചുകിട്ടി അതിൽ താമസിക്കുന്ന 2 കുടുംബങ്ങൾ വേറെയുമുണ്ട്. ഭൂരിഭാഗം വീടുകളിലും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ്, വൈദ്യുതിഎന്നിവ ലഭ്യമല്ല. പഞ്ചായത്തിൽ കോളനിയിൽ മാത്രമേ ശുദ്ധ ജലം ലഭിക്കുന്ന ഒരു പൊതുകിണറും പൊതു ടാപ്പും സ്ഥിതി ചെയ്യുന്നുള്ളൂ.

അംഗീകരിക്കപ്പെട്ട ഹരിജൻ കോളനികൾ ഒന്നും തന്നെ പഞ്ചായത്തിലില്ലെങ്കിലും സർക്കാർ സഹായത്താൽ നിർമ്മിക്കപ്പെട്ട ഏതാനും വീടുകളുമുണ്ട് സ്വന്തമായി വീടുകെട്ടി താമസിക്കുന്നവരാണ് ഭൂരിപക്ഷമെങ്കിലും പഞ്ചായത്ത് പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുമുണ്ട്. ഇങ്ങനെയുള്ള കുടുംബങ്ങൾ 5 ആണ്. ഈ വീടുകൾക്കും അടിസ്ഥാന സൗകര്യം കുറവാണ്.

പട്ടികജാതിയിൽ പെട്ട വണ്ണാൻ, പരവൻ, മലയൻ എന്നീ അവാന്തര വിഭാഗങ്ങൾ സ്വന്തഭൂമികളിൽ താമസിക്കുന്നവരുടെ കഴിവിനനുസരിച്ച് വീടുണ്ടാക്കി താമസിക്കുന്നവരാണ്.

**പരിഹാരമാർഗ്ഗങ്ങൾ**

1 അത്യാവശ്യമായ സ്ഥലങ്ങളിൽ കോളനികൾ അനുവദിക്കുക.

2 ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കാണുന്ന ഹരിജന ഗിരിജന കുടുംബങ്ങൾക്ക് സൗകര്യപ്രദമായ വീടു നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

3. അംഗീകൃത കോളനികളിൽ പിൽകാലത്ത് രൂപപ്പെട്ടു വന്ന ഉപകുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമ്മിച്ചുകൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

4. എല്ലാ വീടുകളിലും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ ലഭ്യമാക്കുക

5. പഞ്ചായത്തിലൊരിടത്തെങ്കിലും (കഴിയുമെങ്കിൽ കോളനിക്ക് സമീപത്തായി ) പൊതുശ്മശാനം നിർമ്മിക്കുക.

6. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ ലഭ്യമാക്കുക.

മേൽപറഞ്ഞ പ്രവർത്തനങ്ങൾ കുറ്റമറ്റരീതിയിൽ നടപ്പാക്കാൻ ജനപ്രതിനിധികൾ, പട്ടികജാതി പട്ടികവർഗ്ഗ പ്രതിനിധികൾ, സാമൂഹിക രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഒരു സ്ഥിരം സമിതി രൂപീകരിക്കുക.

പഞ്ചായത്തിലെ പട്ടികജാതിക്കാർ വിദ്യാഭ്യാസരംഗത്തും സാമൂഹിക സാംസ്കാരിക രംഗത്തും മെച്ചപ്പെട്ട നിലവാരം പുലർത്തുന്നവരാണ്. രക്ഷിതാക്കളിൽ ഏറിയപങ്കും വിദ്യാഭ്യാസം കുറഞ്ഞവരാണെങ്കിലും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യങ്ങളിൽ ഇവർ തൽപരരാണ് അതുകൊണ്ട് തന്നെ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും ഉയർന്ന സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരും പൊതുപ്രവർത്തകരും ഇവരുടെ കൂട്ടത്തിലുണ്ട്. എന്നാൽ പഞ്ചായത്തിലെ പട്ടികവർഗ്ഗ

ത്തിൽ പെട്ട ആളുകൾ ഇവരുടെ വളരെ പിന്നിലാണ്. ഇതിന് കാരണങ്ങൾ നിരവധിയാണ്. രക്ഷിതാക്കളുടെ അജ്ഞതയും സാമൂഹികമായ പിന്നോക്കാവസ്ഥയും സാമ്പത്തിക വിഷമതയും വിദ്യാഭ്യാസത്തോട് കുട്ടികൾ കാണിക്കുന്ന വിമുഖതയും ഇതിൽ പെടുന്നു.

കൂടാതെ പാരമ്പര്യമായി സമൂഹത്തിൽ നിന്ന് വേറിട്ടൊരു ജീവിതരീതിയാണ് ഇവർ തുടർന്നുപോരുന്നത്.

ചെറുപ്പം മുതൽക്കേ വെറ്റിലമുറുക്ക്, പുകവലി, മദ്യപാനം എന്നീ ദുശ്ശീലങ്ങൾക്ക് ഇവരിൽപലരും അടിമകളാകാറുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായി വിദ്യാഭ്യാസം നൽകുന്ന തരത്തിലുള്ള സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് തലത്തിലില്ല. എന്നാൽ മൂന്നാം വാർഡിൽ ഒരു ഹരിജൻ മഹിളാ സമാജവും അതോടനുബന്ധിച്ച് ഒരു ബാലവാടിയും പ്രവർത്തിച്ചുവരുന്നു.

**പരിഹാരമാർഗ്ഗങ്ങൾ**

1. ഈ വിഭാഗത്തിൽ പെട്ട മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കുന്നതിന് രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുക
2. ആവശ്യമായ പഠനോപകരണങ്ങളും യൂണിഫോമുകളും യഥാസമയത്ത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
3. സ്കൂൾ കലാകായിക മേളകളിൽ ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. ഇവരുടെ തനതായ കാലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുക.
4. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇവർക്ക് പ്രവേശനം ലഭ്യമാക്കുക.
5. പഞ്ചായത്തിൽ സ്കൂൾ കോളേജ് തല പരീക്ഷകളിൽ, ഉയർന്ന മാർക്ക് നേടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുക.
6. സർക്കാർ തലങ്ങളിൽ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക പരിശീലനങ്ങൾക്ക് ഏർപ്പാടാക്കുക.

പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെടു ഭൂരിപക്ഷം ജനങ്ങളും വിവിധതരം തൊഴിലുകളുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരാണ്. പട്ടികവർഗ്ഗത്തിൽ പെട്ടവർ ഭൂരിഭാഗവും തെങ്ങുക്കയറ്റം മഴുപ്പണി, ചുമടെടുക്കൽ എന്നിവയിലേർപ്പെട്ടിരിക്കുന്നവരാണ്. ഇവരുടെ പാരമ്പര്യത്തൊഴിലുകളായ തേൻ, പന്തം, അരക്ക്, ചീനിക്ക, മെഴുക് തുടങ്ങിയ വനവിഭവങ്ങളുടെ ശേഖരണം, വനനശീകരണവും ശേഷിക്കുന്ന വനങ്ങളിൽ വനം വകുപ്പിന്റെ കർശന നിയന്ത്രണങ്ങളും കാരണം ഇന്ന് അസാധ്യമായിത്തീർന്നിരിക്കുന്നു. പരമ്പരാഗത തൊഴിലിൽ നിന്ന് ഇവരെ അകറ്റി നിർത്തുന്ന മറ്റൊരു കാരണം പ്രസ്തുത തൊഴിലിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ കൂടിയ വരുമാനം മറ്റു തൊഴിലുകളിൽ നിന്ന് ലഭിക്കുന്നുഎന്നതാണ്. പഞ്ചായത്തിൽ 5 പട്ടികജാതി കുടുംബങ്ങൾ അവരുടെ കുലത്തൊഴിലായ പായ നെയ്ത്ത് മുറംമെടയൽ, കുട്ട നിർമ്മാണം എന്നിവയിലേർപ്പെട്ടിരിക്കുന്നു. 60ഓളം കുടുംബങ്ങളുള്ളതിൽ ശേഷിക്കുന്നവർ നിർമ്മാണത്തൊഴിലുകളിലും കാർഷിക തൊഴിലുകളിലും ഏർപ്പെട്ടു ജീവിക്കുന്നവരാണ്. ചുരുക്കം ചിലർ ഉയർന്ന സർക്കാർ ജോലികളിൽ ജോലി ചെയ്യുന്നുണ്ട്.

വണ്ണാൻ ജാതിയിൽ പെട്ട ഈ പഞ്ചായത്തിൽ പെട്ട 11 കുടുംബങ്ങളിൽ ഭൂരിഭാഗം പുരുഷന്മാരും തയ്യൽ ജോലിയിലേർപ്പെട്ടിരിക്കുന്നവരാണ്. സ്ത്രീകൾ മിക്കവാറും വീട്ടുജോലികളിൽ ഒതുങ്ങിക്കഴിയുന്നു.

മലയവിഭാഗത്തിൽ പെട്ട അഞ്ചുകുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ കെട്ടിയാട്ടം, ചെണ്ടകൊട്ട് തുടങ്ങിയ കുലത്തൊഴിൽ ചെയ്തു ജീവിക്കുന്നത് രണ്ടു കുടുംബങ്ങൾ മാത്ര മാണ്. ശേഷിക്കുന്നവർ കൂലിപ്പണി ചെയ്താണ് ഉപ ജീവനം കഴിക്കുന്നത്.

പരവവിഭാഗത്തിൽ പെട്ട ആറുകുടുംബങ്ങളിൽ കുല ത്തൊഴിൽ ചെയ്തു ജീവി ക്കുന്ന ഒരേയൊരു കുടുംബം മാത്രമേയുള്ളൂ.

**പരിഹാരമാർഗ്ഗങ്ങൾ.:-**

1. പഞ്ചായത്തിൽ പട്ടിക ജാതി പട്ടികവർഗ്ഗ ത്തിൽപെട്ടവരിൽ നിന്ന് പരമ്പരാഗത കുലത്തൊ ഴിലിൽ താല്പര്യമുള്ള വരെ കണ്ടുപിടിച്ച്. അവർക്ക് വേണ്ട സഹാ യ സഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ട താണ്
2. സഹകരണ സംഘ ങ്ങളോ ചെറുകിട കുടിൽ വ്യവസായ യൂനിറ്റുകളോ ആരംഭിച്ച് അസംസ് കൃത വസ്തുക്കളായ കൈതോല, ഈറ്റ, മുള എന്നിവ ലഭ്യമാക്കേണ്ട താണ്.
3. ഉൽപന്നങ്ങൾ വിറ്റഴിക്കു വാനുള്ള വിപണി കണ്ടെ ത്തേണ്ടതാണ്.
4. IRDP വിപണന മേളകൾ, മറ്റുത്സവ ചന്തകൾ എന്നിവയിൽ ഇവർക്ക് പ്രത്യേക സ്റ്റാളുകൾ ഏർപ്പെടുത്തി ഇവരുടെ പങ്കാളിത്തം ഉറപ്പുവരു ത്താവുന്നതാണ്.
5. പുഴയോരങ്ങളിലും പുറ മ്പോക്ക് ഭൂമികളിലും കൈത്തോല ചെടികൾ ഈറ്റ എന്നിവ വെച്ച് പിടിപ്പിച്ച് സംരക്ഷിച്ചാൽ ആവശ്യമായ അസം സ്കൃക വസ്തുക്കൾ ലഭിക്കുന്നതോടൊപ്പം തന്നെ പുഴയോരങ്ങ ളിലെ മണ്ണൊലിപ്പ് ഫല പ്രദമായും തടയാനും സാധിക്കും.
6. കുലത്തൊഴിലുകളായ ചെണ്ടകൊട്ട് കെട്ടിയാട്ടം തുടങ്ങിയ കലാരൂപ ങ്ങൾ പ്രോത്സാഹിപ്പിക്കു ന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുക.
7. കുടുംബങ്ങൾക്ക് ആട്, കോഴിവളർത്തൽ അര ഇഞ്ച് ജല്ലി നിർമ്മാണം തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവ ശ്യമായ സഹായം ചെയ്യുക.
8. തേനീച്ച വളർത്തൽ യൂനിറ്റനുകൾ ആരംഭി ക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്യുക.
9. കുലത്തൊഴിലുകളിൽ താലപര്യമില്ലാത്തവ രേയും പ്രസ്തുത രംഗത്ത് പ്രാവീണ്യമില്ലാ ത്തവരേയും മറ്റ് തൊഴി ലവസരങ്ങളിൽ പങ്കാളി കളാക്കാൻ ഉതകുന്ന വിധത്തിൽ ഹരിജന ഗിരിജന വിഭാഗങ്ങളെ അംഗങ്ങളാക്കി സഹക രണ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് നന്നാ യിരിക്കും.
10. ഇവർക്ക് വേണ്ടി പ്രത്യേക തൊഴിൽ പരി ശീലന കേന്ദ്രങ്ങൾ തുട ങ്ങുക.

പഞ്ചായത്തിലെ പട്ടിക ജാതിക്കാർ താമസിക്കുന്ന ഭൂരിപക്ഷം വീടുകളിലും ശുദ്ധജലം ലഭിക്കുന്ന കിണ റുകൾ ഉണ്ടെങ്കിലും പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന സ്ഥലങ്ങിൽ 2-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കൂടലിൽ കോളനിയിൽ മാത്രമാണ് ശുദ്ധജലം ലഭിക്കുന്നതിനും ഒരു പൊതുകിണറും ജലവി തരണ ടാപ്പുമുള്ളത്. നാഗം പാറ, മൂന്നാകൈ, ചീളിയാട് (പട്ടിയാട്ട്) വള്ളുവൻ കുന്ന് എന്നിവിടങ്ങളിൽ ശുദ്ധ ജലം തീരെ ലഭ്യമല്ല. ചീളി യാട് കോളനിയിൽ മഴക്കാ ലത്ത് പോലും കുടിവെള്ളം ലഭിക്കാത്ത സ്ഥിതിവിശേഷ മാണുള്ളത്.

ആരോഗ്യമുള്ള ഒരു ജന തയാണ് രാഷ്ട്രത്തിന്റെ സമ്പത്ത്. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി

വ്യക്തി ശുചിത്വത്തിന്റേയും പരിസര ശുചിത്വത്തിന്റേയും പ്രാധാന്യം ഇവർക്ക് വ്യക്തമാക്കി കൊടുക്കേണ്ടതാണ്. വ്യക്തിയുടേയും അവനുൾപ്പെടുന്ന സമൂഹത്തിന്റേയും ശുചിത്വം പരമപ്രധാനമാണ്. ആയതുകൊണ്ട് ഓരോ വ്യക്തിയും അവന്റെ പരിസരത്തേയും അവനുൾപ്പെടുന്ന സമൂഹത്തേയും ആരോഗ്യത്തോടും ശുചിത്വത്തോടും കൂടി നിലനിർത്തേണ്ടത് അത്യാവശ്യമാണ്. പരിസര മലിനീകരണം മൂലവും മറ്റും ഒരു കാലത്ത് നമ്മൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തു എന്നുകരുതിയ കോളറ, വസൂരി, മലമ്പനി, ക്ഷയം എന്നീ രോഗങ്ങൾ പൂർവ്വാധികം ശക്തിയോടെ തിരിച്ചുവന്നിരിക്കുകയാണ്. മൂന്നോ നാലോ സെന്റ് മാത്രം വരുന്ന പുരയിടങ്ങളുടെ പരിസരങ്ങളിൽ കുട്ടികളുടെ വിസർജ്ജ്യവസ്തുക്കൾ, ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങൾ എന്നിവ മലിനീകരണത്തെ ത്വരിതപ്പെടുത്തുന്നു മറ്റ് പാഴ്‌വസ്തുക്കൾ എന്നിവ കുമിഞ്ഞു കൂടുന്നത് സർവ്വസാധാരണമാണ്. പട്ടികവർഗ്ഗക്കാരുടെ ചില വീടുകളിൽ വെറ്റില മുറുക്കി തുപ്പുന്നതുപോലും വരാന്തയിലാണ്. കുട്ടികളുടെ കൈകാലുകൾ, പല്ല് എന്നിവ വൃത്തിയാക്കുന്നതിലോ അവരെ വേണ്ടവിധം സംരക്ഷിക്കുന്ന കാര്യത്തിലോ രക്ഷിതാക്കൾ താൽപര്യം കാണിക്കാറില്ല. അതുകൊണ്ടുതന്നെ ആദിവാസികളായ അധികം കുട്ടികളിലും ചൊറി, ചിരങ്ങ് തുടങ്ങിയ രോഗങ്ങളും കണ്ടുവരുന്നുണ്ട്. എന്നാൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ അവർക്ക് രോഗങ്ങൾ തുലോം കുറവാണ്. ഇതിന് പ്രധാന കാരണം അവരുടെ കാഴ്ചപ്പാടിലും ജീവിതരീതിയിലും വന്ന മാറ്റം തന്നെയാണ്. ഹരിജനങ്ങൾ പൊതുവേ ഇക്കാര്യത്തിൽ കടുൽ ബോധവാന്മാരും ശുചിത്വത്തോടെയുള്ള ജീവിതം നയിക്കുന്നവരുമാണ്.

**പരിഹാരമാർഗ്ഗങ്ങൾ : –**

1 കുടിവെള്ളത്തിന് ശാശ്വത പരിഹാരമുണ്ടാകുമാറ് ഭൂപ്രകൃതിക്കനുസരിച്ച് കിണറുകളോ, ശുദ്ധജല വിതരണ പൈപ്പുലൈനുകളോ അനുവദിച്ച് നടപ്പിലാക്കേണ്ടതാണ്.

2 ഒറ്റപ്പെട്ട വീടുകൾക്ക് "രാജീവ് മില്യൺ വെൽ' (Rajeev Million Well) പോലുള്ള പദ്ധതികൾ ഉപയോഗിച്ച് കിണറുകൾ നിർമ്മിക്കാവുന്നതാണ്.

3. ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകളും കുളങ്ങളും വൃത്തിയാക്കി ഫലപ്രദമായ രീതിയിൽ ശുദ്ധജലം ലഭ്യമാക്കാവുന്നതാണ്.

4. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

5. സാംക്രമിക രോഗങ്ങളെപ്പറ്റി ബോധവാന്മാരാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്.

6. മാതൃ ശിശുസംരക്ഷണ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർ മാസത്തിലൊരിക്കലെങ്കിലും ഇവരുടെ വീടുകൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

7. ഓരോ വാർഡിലും അല്ലെങ്കിൽ പഞ്ചായത്തിൽ സൗകര്യപ്രദമായ ഒരു സ്ഥലത്ത് നിർബന്ധമായും ഒരു പൊതുശ്മശാനമെങ്കിലും നിർമ്മിക്കേണ്ടതാണ്.

8. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക ആരോഗ്യ സർവ്വേ ഏർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# വിഭവസമാഹരണം

കാവിലുംപാറ ഗ്രാമപഞ്ചായത്ത് 21 ലക്ഷത്തിലധികം ജനസംഖ്യയുള്ളതും ഭൂവിസ്തൃതിയിൽ പകുതിയിലധികം മലമ്പ്രദേശങ്ങളുൾപ്പെട്ടതും സ്ഥിരവിളയായ നാളികേരം മുഖ്യമായി ഉൽപാദിക്കുന്നതുമായ പ്രദേശമാണ്. മൊത്തം വരുമാനത്തിൽ കഴിഞ്ഞ മൂന്ന് വർഷകാലത്തെ തനത് വരുമാനത്തിൽ നാമമാത്രമായ വർദ്ധനവ് മാത്രമാണുണ്ടായത്. എന്നാൽ പഞ്ചായത്തിന്റെ മൊത്തം ചിലവിനങ്ങൾ ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നു. കഴിഞ്ഞ മൂന്നു വർഷത്തെ മൊത്തം വരുമാനം പരിശോധിച്ചാൽ 1993 – 94 ൽ 15,67,698 രൂപയും 1994 – 95ൽ 17,23,128 രൂപയും 1995–96ൽ 17,36109 രൂപയുമാണ്.

ചെലവിനങ്ങളിൽ പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ 2,77,356 രൂപ ശമ്പളവും മറ്റ് സ്ഥാപന ചിലവുകൾക്കുമായി ചെലവ് വരുന്നുണ്ട്. 1995 – 96ലെ ചെലവുകൾ മാത്രം പരിശോധിച്ചാൽ പൊതുമരാമത്ത് പണികൾക്കായി 85,311 രൂപയും വിദ്യാഭ്യാസ ചെലവുകൾക്കായി 29,609 രൂപയും ശുദ്ധജല വിതരണത്തിനായി 68,262 രൂപയും തെരുവുവിളക്കുകൾക്കായി 5579 രൂപയും അൺടൈഡ് പ്രവർത്തികൾക്കും കടം മടക്കി അടക്കൽ പോലുള്ള ചെലവുകൾക്ക് 7,60,110 രൂപയും അടക്കം 1995 – 96ൽ 13,63,798 രൂപ ചെലവും ചെയ്തിട്ടുണ്ട്.

പൊതുജനപങ്കാളിത്തത്തോടെ സന്നദ്ധവികസന പ്രവർത്തനങ്ങൾ കഴിഞ്ഞകാലങ്ങളിൽ ധാരാളമായി നടന്നിട്ടുണ്ട്. റോഡുകളും, പാലങ്ങളും, സ്കൂൾ കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് നടത്തിയിട്ടുള്ള സന്നദ്ധ പ്രവർത്തനം വിലമതിക്കാനാവാത്തതാണ്.

### *വരുമാന മാർഗ്ഗങ്ങൾ*

**കെട്ടിടനികുതി :**

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ കെട്ടിടനികുതി പരിശോധിച്ചാൽ 1993 – 94 വർഷത്തിൽ 2,99,516 രൂപ 50 പൈസയും 1994–95ൽ 3,07,962 രൂപ 05 പൈസയും. 1995 – 96ൽ 2,16,202 രൂപ 30 പൈസയുമാണ് പിരിവ് വന്നിട്ടുള്ളത്. ഇപ്പോൾ കെട്ടിടങ്ങൾക്ക് ലഭിക്കാവുന്ന വാടകയുടെ അടിസ്ഥാനത്തിലാണ് നികുതി ചുമത്തി വരുന്നത്. നികുതി ചുമത്തുന്നതിനുള്ള അശാസ്ത്രീയത കാരണം ധാരാളം ചോർച്ച സംഭവിക്കുന്നതായി കാണാവുന്നതാണ്. വാടക സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന കൃത്യമായ വാടകയുടെ അടിസ്ഥാനത്തിലും വലിപ്പച്ചെറുപ്പമനിസരിച്ച് ഏറ്റവും വലിയ കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിലും നികുതികൾ ചുമത്തേണ്ടതാണ്.

**വിനോദനികുതി :**

പഞ്ചായത്തിലുള്ള വിനോദനികുതി പിരിക്കുന്ന ഏക സ്ഥാപനം ഒരു ടാക്കീസ് മാത്രമാണ്. കഴിഞ്ഞ മൂന്നുവർഷത്തെ വിനോദനികുതി വരവ് പരിശോധിച്ചാൽ 1993 – 94 ൽ 1,21,190 ക 15പയും 1994 – 95ൽ 1,27,143ക55പയും 1995–96ൽ 1,26,263 ക 70പയും മാത്രമാണ് വരുമാനമായിട്ടുള്ളത്. വിനോദ നികുതിയിൽ

ചോർച്ചകൾ വരാതിരിക്കാനാവശ്യമായ പരിശോധനകൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. കേബിൾ. ടി. വി. അടക്കമുള്ള മറ്റുമാധ്യമങ്ങളുടെ കടന്നുകയറ്റം ഈ രംഗത്തെ വളരെയധികം തളർത്തിയിട്ടുണ്ട്.

**തൊഴിൽ നികുതി :**

തൊഴിൽ നികുതിയിനത്തിൽ പ്രധാനമായും ആശ്രയിക്കുന്നത് അദ്ധ്യാപകരേയും സർക്കാർ ഉദ്യോഗസ്ഥന്മാരേയും മാത്രമാണ്. നാമമാത്രമായി ഇപ്പോൾ പിരിച്ചുവരുന്ന കാർഷികാദായത്തിന്മേലുള്ള തൊഴിൽ നികുതി പിരിച്ചെടുക്കൽ വിപുലപ്പെടുത്തുകയും, തൊഴിലുടമകളുടെയും മറ്റു തൊഴിലാളികളുടെയും വരുമാനങ്ങൾ തൊഴിൽ നികുതി ചുമത്തുന്നതിന് കണക്കാക്കേണ്ടതുമാണ്. കൂടാതെ ഇപ്പോൾ തൊഴിൽ നികുതി ഒഴിവായിപ്പോകുന്ന ടാക്സി, ജീപ്പ്, ലോറി ഉടമകളുടെയും കൂടി ഉൾപ്പെടുത്തി നികുതി ചുമത്തേണ്ടതാണ്.

**ഗവ. ഗ്രാന്റുകളും**
**ജെ. ആർ. വൈ, അൺടൈഡ് ഫണ്ടുകളും.**

ജനസംഖ്യാനുപാതികമായി വീതിക്കുന്ന ജെ. ആർ. വൈ. അൺടൈഡ് ഫണ്ടുകൾ പഞ്ചായത്തിന്റെ വർദ്ധിച്ച വിസ്തീർണ്ണാനുപാതമായും മറ്റുപിന്നോക്കാവസ്ഥയും പരിഗണിച്ചു നോക്കിയാൽ തുലോം കുറവാണ്. 1993 – 94ൽ ജെ. ആർ. വൈ. ഇനത്തിൽ 2,72,148 കയും 1994–95 1,90,778 കയും 1995–96ൽ 3,04,129 കയും ആണ് പഞ്ചായത്തിന് ലഭിച്ച വീതം. അൺടൈഡ് പദ്ധതി ഇനത്തിലാകട്ടെ 1993 – 94ൽ 1,73,100 കയും 1994 – 95ൽ 2,43,150 കയും 1995–96ൽ 2,91,630 കയും ആണ് ലഭിച്ചിട്ടുള്ളത്.

**മറ്റു നികുതിയേതര വരുമാനങ്ങൾ:**

പ്രധാനപ്പെട്ട നികുതിയേതര വരുമാനങ്ങളിൽ എടുത്തുപറയത്തക്കത് റൂറൽ ഡെവലപ്പ്മെന്റ് ബോർഡ് നിർമ്മിച്ച ഷോപ്പിംഗ് സെന്ററിൽ നിന്നുള്ള വാടകമാത്രമാണ്. അവയാകട്ടെ പലതും സർക്കാർ സ്ഥാപനങ്ങളായ പോലീസ് സ്റ്റേഷൻ സബ്ട്രഷറി, കാർഷിക വികസന ബാങ്ക് എന്നീ സർവീസ് മേഖലകളിലുള്ള സ്ഥാപനങ്ങൾക്കായി നാമമാത്രമായ വാടകക്ക് നൽകിയവയുമാണ്. മറ്റു നികുതിയേതര വരുമാനങ്ങളിൽ എടുത്തുപറയാവുന്നത് കച്ചവട സ്ഥാപനങ്ങൾക്കു മേൽ ചുമത്തുന്ന ലൈസൻസ് ഫീസാണ്. പ്രധാനമായും തൊട്ടിൽ പാലം അങ്ങാടിയെമാത്രം ആശ്രയിക്കുന്ന കച്ചവടസ്ഥാപനങ്ങൾ ഇന്നൊരു തകർച്ചയുടെ പാതയിലാണ്. അങ്ങാടിയുടെ പ്രാധാന്യവും വിപണന സൗകര്യങ്ങളും, മലഞ്ചരക്കുകളുടെ വരവും, കഴിഞ്ഞ പത്തുവർഷത്തേത് പരിശോധിച്ചാൽ ഗണ്യമായി കുറഞ്ഞു വരുന്നതായി ട്ടാണ് കാണുന്നത്. ലൈസൻസ് ഫീസിനത്തിൽ 1993–94 18,781 കയും 25പയും 1994–95 15,086 ക 25പയും 1995–96ൽ 14,991കയും മാത്രമാണ് വരുമാനമായിട്ടുള്ളത്.

**പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ**

കാവിലുംപാറ ഗ്രാമപഞ്ചായത്തിലും സമീപഗ്രാമപഞ്ചായത്തുകളായ കായക്കൊടി, കുറ്റ്യാടി, മരുതോങ്കര, നരിപ്പറ്റ, കുന്നുമ്മൽ പഞ്ചായത്തുകളിലും സർക്കാർ ഇടപാടുകൾ നടക്കുന്നത് തൊട്ടിൽപാലത്തെ സബ്ട്രഷറി മുഖേനെയാണ്. മറ്റ് വാണിജ്യ സ്ഥാപനങ്ങളാട കാനറാബാങ്ക്, ഫെഡറൽബാങ്ക്, കെ. ഡി. സി. ബാങ്ക് എന്നിവയെയാണ് കർഷകരും കച്ചവടക്കാരും പ്രധാനമായും ആശ്രയിക്കുന്നത്. കാർഷികാവശ്യങ്ങൾക്കും ഭവനനിർമ്മാണ പദ്ധതികൾക്കും വായ്പ ലഭിക്കുന്ന സഹകരണ സ്ഥാപനങ്ങായുള്ളത് കാവിലുംപാറ സഹകരണ ബാങ്കും വടകര കാർഷിക വികസന ബാങ്കിന്റെ ശാഖയുമാണ്. സഹകരണ രംഗത്തുള്ളവയൊഴിച്ചുള്ള ബാങ്കുകളുടെ നിക്ഷേപ വായ്പ പദ്ധതികൾ കർഷകർക്ക് ഗുണകരമായ രീതിയിലല്ല. ചെറുകിട കർഷകർക്കും കച്ചവടകാർക്കും ചുരുങ്ങിയ പലിശക്ക് വായ്പകൾ ലഭ്യമാക്കത്തക്കവിധം സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒരു ശാഖ 72 ച. കി. മി

വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലില്ലാത്തത് ഈ രംഗത്തെ ഒരു കുറവ് തന്നെയാണ്.

**പ്രശ്നങ്ങൾ**

1. പരിമിതമായ വരുമാനങ്ങൾ മാത്രമുള്ള പഞ്ചായത്തിന് അടച്ചുതീർക്കാൻ കഴിയാത്ത്രത്ര ഭീമമായ തുക കടംവരുത്തിയ റൂറൽ ഡവലപ്മെന്റ് ബോർഡ് വക പദ്ധതിയിൽ നിന്ന് 1993-94 70,311 രൂപയും 1994-95ൽ 79,278 രൂപയും ആണ് 1995-96ൽ 85,571 രൂപയും മാത്രമാണ് വരുമാനമായിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് മുതലും പലിശയും പിഴപലിശയും അടക്കം 4 ലക്ഷത്തോളം രൂപ ആർ. ഡി. ബി. ക്ക് തിരിച്ചടക്കാൻ ഗവൺമെന്റിനെ മാത്രം ആശ്രയിക്കേണ്ട ഒര വസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്.
2. പാഴായിപ്പോകുന്ന യുവജനപ്രവർത്തന ശേഷിയും മനുഷ്യപ്രയത്നദിനങ്ങളും പൂർണ്ണമായ രൂപത്തിൽ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് മുതൽകൂട്ടാക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നത് ഇക്കാലത്തനുഭവിക്കുന്ന ഒരു പ്രശ്നമായി തീർന്നിരിക്കുന്നു.
3. വികസന പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിൽ വരുത്തുന്നതിനെടുക്കുന്ന നിശ്ചിത പരിധിയേക്കാൾ ദീർഘമായ കാലാവധി ചെലവിനങ്ങളിൽ, വിലവർദ്ധന, കൂലിവർദ്ധന എന്നിവമൂലം അധിക ചെലവുകളുണ്ടാവുകയും, നഷ്ടം വരുത്തുകയും ചെയ്യുന്നു.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് പണം വായ്പയെടുത്ത് കാലവിളംബം കൂടാതെ തിരിച്ച് ലഭിക്കാവുന്ന ജലവിതരണം, വൈദ്യുതി വിതരണം മുതലായ ആദായകരമായ മേഖലകളിൽ മുടക്കാൻ കഴിയാത്തതും ഇന്നു നേരിടുന്ന പ്രതിസന്ധിക്ക് കാരണമാകുന്നു. വ്യക്തിഗത വരുമാനങ്ങൾ വർദ്ധിക്കാൻ സാധ്യതയില്ലാത്ത കെട്ടിടനിർമ്മാണ രംഗങ്ങളിൽ പണം മുടക്കുന്ന ഗൾഫ് മലയാളികളുടെ മുതൽ മുടക്ക് തൊഴിൽ സാദ്ധ്യതയുള്ളതും വരുമാന വർദ്ധനവ് വരുത്തുന്നതുമായ മേഖലകളിലേക്ക് തിരിച്ച് വിടാൻ കഴിയാത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്.
5. കെട്ടിട നിർമ്മാണ നിയമങ്ങൾ, കെട്ടിട വാടക നിയന്ത്രണ നിയമങ്ങൾ എന്നിവ കാലോചിതമായി പരിഷ്കരിച്ച് ചെറുകിടക്കാർക്ക് എളുപ്പത്തിൽ സേവനങ്ങൾ ലഭിക്കത്തക്കവിധം ലഘൂകരിക്കേണ്ടത് ഒരത്യാവശ്യമായി നിലനിൽക്കുന്നു.
6. നിർമ്മാണ രംഗത്തും മറ്റ് സേവന രംഗത്തും ഇന്ന് കോൺട്രാക്ടർമാരെയും മറ്റ് ഇടത്തട്ടുകാരെയും ഏൽപ്പിക്കുന്ന സമ്പ്രദായം ധന ചോർച്ച സംഭവിക്കാനല്ലാതെയഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.
7. വികസന പ്രവർത്തനങ്ങൾക്കും മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്ന ധനത്തിന്റെ വരവ് ചെലവുകൾ "സോഷ്യൽ, ഓഡിറ്റ് ' പോലുള്ള സമ്പ്രദായങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകത്തക്കവിധം ലഘൂകരിച്ച് സുതാര്യമാക്കേണ്ടതാണ്.

**പരിഹാരമാർഗ്ഗങ്ങളും സാധ്യതകളും**

1. എല്ലാ നികുതികളും ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവ ശാസ്ത്രീയമായി പരിഷ്കരിക്കുക.
2. വിട്ടുപോയ നികുതിയിനങ്ങൾ പരിശോധിച്ചു ചുമത്തുകയും പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
3. പഞ്ചായത്തിൽ നിന്നും സംസ്കരിക്കാതെ മറ്റ് പ്രദേശങ്ങളിലേക്ക് കയറ്റിക്കൊണ്ട്പോകുന്ന നാളികേരം, റബ്ബർ, അടക്ക എന്നീ ഉൽപന്നങ്ങൾക്ക് നികുതികൾ ചുമത്തുക.
4. തൊട്ടിൽപാലം അങ്ങാടി കേന്ദ്രീകരിച്ച്

ആഴ്ചചന്തകളും കാർഷിക കന്നുകാലി പ്രദർശനങ്ങളും സംഘടിപ്പിക്കുക.

5. തൊട്ടിൽപാലത്ത് ഇപ്പോഴുള്ള ബസ്സ്റ്റാന്റ് സൗകര്യം വിപുലീകരിച്ച് ബസ്സുകളിൽ നിന്നും ഫീസ് പിരിക്കുക.

6. പഞ്ചായത്തിന്റേയും സർക്കാരിന്റെയും കൈവശമുള്ള പുറമ്പോക്ക് ഭൂമി കാർഷികാവശ്യങ്ങൾക്കായി നൽകി ലീസ് പിരിക്കുക.

7. ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ച പ്രധാന കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കത്തക്കവിധമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

8. ചെലവിനങ്ങൾ കുറച്ച്, ഭരണച്ചെലവുകൾ നിയന്ത്രിച്ച് നടപടികൾ സ്വീകരിക്കുക.

9. പൊതുജന പങ്കാളിത്തത്തോടെയും സന്നദ്ധപ്രവർത്തനങ്ങളിലൂടെയും വികസന പദ്ധതികളും ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും നടപ്പിലാക്കുക.

10. പദ്ധതി ചെലവിന്റെ മുതൽ മുടക്കിൽ 4ൽ ഒരു ഭാഗം ഗുണഭോക്താക്കളുടേയും പൊതുജനങ്ങളുടേതും വിഹിതമുണ്ടെന്ന് ഉറപ്പുവരുത്തുക.

11. നികുതികൾ പലതും നേരിട്ട് പഞ്ചായത്തിലടക്കുന്നതിനായി നികുതിദായകർക്ക് ബോധവൽക്കരണം നടത്തുക.

12. സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒരു ശാഖ പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെറുകിട കർഷകർക്കും കച്ചവടക്കാർക്കും IRDP ഗുണഭോക്താക്കൾക്കും ചുരുങ്ങിയ പലിശ നിരക്കിൽ ധനസഹായം ലഭ്യമാക്കാൻ സാധിക്കേണ്ടതും ആണ്.

13. പഞ്ചായത്തിലെ പാരലൽ കോളേജുകൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും നികുതി ചുമത്തുകയും ചെയ്യുക.

14. കരിങ്കൽ ക്വാറികൾക്കും മറ്റു ഘനന വസ്തുക്കൾക്കും ഫീസ് ചുമത്തുക.

പട്ടിക – XIII

കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 1993 – 94, 1994 – 95 ,1995–96 എന്നീ മൂന്നുവർഷങ്ങളിലെ വരവുകൾ സംബന്ധിച്ച കണക്ക്

| ഇനങ്ങൾ | 1993 – 94 | 1994 – 95 | 1995 – 96 |
|---|---|---|---|
| കെട്ടിട നികുതി | 2,99,516.50 | 3,07,962.05 | 2,16,202.30 |
| തൊഴിൽ നികുതി | 94,586.00 | 1,02,524.00 | 90,724 |
| D& O ട്രേഡ് ലൈസൻസ് ഫീസ് | 18,751.25 | 15,086.25 | 14,991.00 |
| വിനോദ നികുതി, അധിക വിനോദ നികുതി, പ്രദർശന നികുതി സർച്ചാർജ്ജ് | 1,21,190.15 | 1,27,143.55 | 1,26,263.70 |
| കെട്ടി വാടക | 70,313.00 | 79,278.50 | 85,573.00 |
| അൺടൈഡ് ഫണ്ട് ഗ്രാന്റ് | 1,73,100.00 | 2,43,150.00 | 2,91,630.00 |
| ജെ. ആർ. വൈ. ഗ്രാന്റ് | 2,72,148.00 | 1,90,798 | 3,04,129.00 |
| മറ്റിനങ്ങൾ | 5,18,064.85 | 6,57,185.35 | 6,06,596.74 |
| ആകെ | 15,67,697.75 | 17,23,127.70 | 19,59,939.74 |

## പട്ടിക - XIV

| | 1993 /94 | | |
|---|---|---|---|
| 1 | Management | : | 1,82,800.00 |
| 2. | Public Work | : | 2,72,165.00 |
| 3 | Educational | : | 25,441.40 |
| 4 | Water | : | 77,820.00 |
| 5 | Street Light | : | 3,371.50 |
| 6 | Others | : | 9,53,775.60 |
| 7 | Total | : | 15,15,373.50 |

| | 1994 /9 | | |
|---|---|---|---|
| 1 | Management | : | 2,38,712.30 |
| 2 | Public Work | : | 5,62,770.90 |
| 3 | Educational | : | 14,301.75 |
| 4 | Water | : | 47,155.00 |
| 5 | Street Light | : | 11,254.50 |
| 6 | Others | : | 6,29,149.30 |
| 7 | Total | : | 15,03,343.75 |

| ചെലവ് | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1993/94 | 1 | 5 | 1 | 5 | 3 | 7 | 3 | – | 50 |
| 1994/95 | 1 | 5 | 0 | 3 | 3 | 4 | 3 | – | 75 |
| 1995/96 | 1 | 3 | 6 | 3 | 7 | 9 | 8 | – | 50 |



1. പഞ്ചായത്ത് ഓഫീസ്
2. സബ് ട്രഷറി
3. പോലീസ് സ്റ്റേഷൻ.
4. ടെലഫോൺ എക്സ്ചേഞ്ച്
5. സർവീസ് സഹകരണ ബേങ്ക്.
6. കെ.ഡി.സി ബാങ്ക് തൊട്ടിൽപാലം ബ്രാഞ്ച്
7. കൃഷിഭവൻ.
8. സാംസ്കാരിക നിലയം.
9. സബ് രജിസ്ട്രാർ ഓഫീസ്
10. വില്ലേജ് ഓഫീസ്
11. വെറ്ററിനറി ഹോസ്പിറ്റൽ.
12. ഗവ: യു.പി. സ്കൂൾ. കാവിലുമ്പാറ.
13. കുടുംബക്ഷേമ കേന്ദ്രം മൊയിലോത്ര.
14. വെസ്റ്റേൺ ഹൈവേയ്സ്
15. ജുമാ മസ്ജിദ്. കാവിലുമ്പാറ.
16. പോസ്റ്റ് ഓഫീസ് കാവിലുമ്പാറ.
17. കനറാ ബാങ്ക് തൊട്ടിൽപാലം ബ്രാഞ്ച്.
18. ഫെഡറൽ ബാങ്ക്
19. സെന്റ് മേരീസ് എൽ.പി. സ്കൂൾ കരിങ്ങാട്
20. സെന്റ് മേരീസ് ചർച്ച് കരിങ്ങാട്
21. ലിറ്റിൽഫ്ലവർ ചർച്ച് പൂതംപാറ.
22. സെന്റ് ജോസഫ് എൽ.പി. സ്കൂൾ പൂതംപാറ.
23. എ.ജെ.ജെ.എം. ഹൈസ്കൂൾ ചാത്തങ്കോട്ടുനട
24. ഗവ: ഹോമിയോ ഡിസ്പെൻസറി.
25. കുടുംബ ക്ഷേമ കേന്ദ്രം പൊയിലോം ചാൽ.
26. ശിശുമന്ദിരം.
27. എൽ.പി. സ്കൂൾ മുടിക്കൽ.
28. സെന്റ് ജോസഫ് ചർച്ച്.
29. എൽ.പി. സ്കൂൾ ആനങ്ങമം.
30. മംഗലശ്ശേരി എസ്റ്റേറ്റ്.
31. പ്രൈമറി ഹെൽത്ത് സെന്റർ. കുണ്ടുതോട്
32. പി.ടി. ചാക്കോ മെമ്മോറിയൽ ഹൈസ്കൂൾ.
33. സെന്റ് ജോർജ് ചർച്ച് കുണ്ടുതോട്
34. [illegible] കേന്ദ്രം. കുണ്ടുതോട്
35. ഗവ: യു.പി. സ്കൂൾ. കുണ്ടുതോട്


പഞ്ചായത്ത് അതിര്
വാർഡ് അതിര്

## പഞ്ചായത്ത് അതിർത്തി
## പുഴ, തോടുകൾ

1. വാളക്കയം തോട്
2. കരിങ്ങാട് പുഴ
3. ചൂരണിത്തോട്
4. പട്ടിയാട്ട് തോട്
5. ചാപ്പൻതോടം പുഴ
6. വാളാർ പുഴ
7. കുറവൻ തോട്
8. തൊട്ടിൽപാലം പുഴ
9. വണ്ണാത്തിയെറ്റ് തോട്
10. വട്ടിപ്പന തോട്
11. ഹനുമാൻ തോട്
12. തേക്കുംകുന്ന് തോട്
13. ഏലക്കണ്ടി തോട്
14. കുരുടൻകടവ് തോട്
15. പോണാംവള്ളി പുഴ
16. നീറ്റിക്കോട്ടപ്പുഴ
17. ആശ്വസി തോട്



## സാമൂഹ്യക്ഷേമം

ഏതൊരു വികസന പദ്ധതിയിലും ദാരിദ്ര്യ നിർമാർജ്ജനവും അഗതികളുടെയും ഭൂരഹിത കർഷക തൊഴിലാളികളുടെയും പ്രശ്നപരിഹാരത്തിന് പ്രാധാന്യം നൽകേണ്ടതാണ്.

രണ്ട് വിധത്തിലുള്ള സാമൂഹ്യ ക്ഷേമ പദ്ധതികൾ ഇപ്പോൾ നടപ്പാക്കി വരികയാണ്. സംയോജിത ഗ്രാമവികസന പദ്ധതി പ്രകാരമുള്ള ദാരിദ്ര്യനിർമാർജ്ജനവും വിവിധ വിഭാഗങ്ങൾക്കുള്ള പെൻഷൻ പദ്ധതികളുമാണ് ഇവ. 1907 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെ വരുമാനമുള്ളവരാണ്. പ്രതിവർഷം വളരെകുറച്ച് കുടുംബങ്ങൾക്ക് മാത്രമെ ഐ. ആർ. ഡി. പി. പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ. 1992—93 മുതൽ 95—96 വരെ 105 കുടുംബങ്ങൾക്കാണ് സംയോജിത ഗ്രാമവികസനപദ്ധതി പ്രകാരമുള്ള സഹായം ലഭിച്ചത്. ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പരിപാടിപ്രകാരം 1992-93, വർഷം മുതൽ 95-96 വർഷംവരെ 30 കുടുംബങ്ങൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിടകുടിൽ — വ്യവസായ മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പരിപാടിപ്രകാരം 1992-93, വർഷംമുതൽ 95-96 വർഷംവരെ 12 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. ഐ. ആർ. ഡി. പി.യുടെ അനുബന്ധമായി നടപ്പാക്കുന്ന ഒരു പരിപാടിയാണ് ഗ്രാമീണ വനിതാ ശിശുവികസന പദ്ധതി. ഈ പദ്ധതിപ്രകാരം 18 കുടുംബങ്ങൾക്ക് സഹായം കൊടുത്തിട്ടുണ്ട്. ദശലക്ഷം കിണർപദ്ധതി പ്രകാരം കിണർകുഴിക്കുന്നതിന് 7 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രഗ്രാമശുചിത്വപരിപാടി (C R S P) പ്രകാരം 30 പേർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. IRDP പദ്ധതിയുടെ പരിധിയിൽ വരുന്ന മുഴുവൻ കുടുംബങ്ങളെയും രജിസ്ററർ ചെയ്തിട്ടില്ല.
2. IRDP ഗുണഭോക്താക്കൾക്ക് ബാങ്ക്വായ്പകൾ ലഭിക്കുന്നതിന് സൗകര്യങ്ങൾ ആവശ്യമായത്രയില്ല.

## പഞ്ചായത്തിൽ ലഭ്യമാക്കുന്ന പെൻഷനുകളുടെ പട്ടിക

| ക്രമനമ്പർ | പെൻഷൻ | വർഷം | എണ്ണം | വർഷം | എണ്ണം |
|---|---|---|---|---|---|
| 1. | വാർദ്ധക്യകാല പെൻഷൻ | 1994–95 | 2 | 1995–96 | 1 |
| 2. | വികലാംഗ പെൻഷൻ | 1994–95 | 1 | 1995–96 | NIL |
| 3. | വിധവാപെൻഷൻ | 1994–95 | 5 | 1995–96 | NIL |
| 4. | തൊഴിൽ രഹിതവേതനം | 1994–95 | 23 | 1995–96 | 12 |
| 5. | കർഷകതൊഴിലാളിപെൻഷൻ | 1994–95 | 24 | 1995–96 | 20 |

## സാദ്ധ്യതകൾ

1. I R D P സഹായത്തിനുളള സാമ്പത്തികപരിധിയിൽ വരുന്ന മുഴുവൻ കുടുംബങ്ങളെയും രജിസ്ററർ ചെയ്യുക.
2. IRDP ഗുണഭോക്താക്കൾക്ക് ബാങ്ക്വായ്പാസൗകര്യം ലഭിക്കുന്നതിന് വേണ്ടിയുളള നിബന്ധനകളിൽ ഇളവ്വരുത്തുക.
3. വിധവാപെൻഷൻ, കർഷകതൊഴിലാളിപെൻഷൻ, വികലാംഗപെൻഷൻ ഇവ ലഭിക്കുന്നതിന് അർഹരായ അപേക്ഷകരെ കണ്ടെത്തുക.
4. ഭൂരഹിത കർഷകതൊഴിലാളികുടുംബങ്ങൾക്ക് സാനിററി സൗകര്യം ലഭ്യമാക്കുക.
5. തൊഴിൽ രഹിത യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുക

# കാവിലുംപാറ സർവ്വീസ് കോ – ഓപ്പറേറ്റിവ് ബേങ്ക് (ക്ലിപ്തം)

നമ്പർ എം. എൽ. 70, ഫോൺ : തൊട്ടിൽപാലം 5828
പി. ഒ. കാവിലുംപാറ, കോഴിക്കോടു ജില്ല.

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നൽകുന്നു.
- കാർഷികവും കാർഷികേതരവുമായ വായ്പകൾ നൽകുന്നു.
- വളം കീടനാശിനി വിൽപന ഡിപ്പോകൾ നടത്തുന്നു.

| | |
|---|---|
| **ടി. ദേവരാജൻ** | **കെ. പി. ബാലക്കുറുപ്പ്** |
| *(പ്രസിഡന്റ്)* | *(സെക്രട്ടറി)* |



എപ്പോഴാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുകയെന്ന് സ്വാതന്ത്ര്യ സമരത്തിന്റെ ഒരു നിർണ്ണായകഘട്ടത്തിൽ ഗാന്ധിജിയോട് ഒരു പത്രപ്രവർത്തകൻ ചോദിച്ചു. ഗാന്ധിജി പറഞ്ഞു:- "സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രം"

Printed at MANGALAM offset press Kallai, Calicut, Ph. 300063